"നിനക്കു അഭിവൃദ്ധിയുണ്ടാകണമെങ്കിൽ ഈശ്വരഭയത്തോടുകൂടി വർത്തിക്കുക. നിന്റെ സ്വാതന്ത്ര്യം അതിരുകവിഞ്ഞുപോകരുതു. നിന്റെ എല്ലാ ഇന്ദ്രിയങ്ങളേയും ശിക്ഷണാധീനമാക്കി നിയന്ത്രിക്കുകയും അനുചിതമായ ഉല്ലാസത്തിൽ ലയിച്ചുപോകാതിരിക്കുകയും ചെയ്യുക. നിന്റെ ഹൃദയം പശ്ചാത്താപത്താൽ പരവശമാകട്ടെ. എന്നാൽ നിനക്കു ഭക്തിയുണ്ടാകും. പശ്ചാത്താപപരവശത ഒട്ടധികം നന്മയ്ക്കു വഴിതെളിക്കുന്നു."

—ക്രിസ്ത്വനുകരണം

# സത്യദീപം

"ഹന്നായുടേയും കയ്യാപ്പായുടേയും പ്രധാനാചാര്യത്വത്തിൽ, സ്സറിയായുടെ പുത്രനായ യോഹന്നാനു മരുഭൂമിയിൽ ദൈവത്തിന്റെ അരുളപ്പാടുണ്ടായി. അവൻ യോർദ്ദാൻ ചുററുമുള്ള പ്രദേശങ്ങളിൽ ചെന്നു ഒരു സ്നാനം പ്രസംഗിച്ചു. ഇതുവഴി പാപമോചനത്തിനായി മനുഷ്യർ അനുതപിച്ചു. ഏശയ്യാദീർഘദർശിയുടെ പ്രവചനങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ, കർത്താവിന്റെ വഴി ഒരുക്കുവിൻ, അവിടുത്തെ പാതകൾ ചൊവ്വാക്കുവിൻ..."

—ലൂക്കാ III: 2-4

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M 2293 | 1957 ഡിസംബർ 18—ബുധനാഴ്ച | Vol. 31, No 19

## ശാന്തിയുടെ സംഗീതം

(എബ്രാഹം, മൂഴൂർ)

ഇരുൾനിറഞ്ഞ പാതിരാവിന്റെ നിശ്ശബ്ദതയിൽ, അന്നൊരു ദിവസം, ബേത്ലഹേമിന്റെ അന്തരീക്ഷത്തിൽ ഒരു ദിവ്യസംഗീതം മാറൊലിക്കൊണ്ടു:

"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനവും".

സുന്ദരസ്വപ്നങ്ങളുടെ പട്ടടപ്പണിഞ്ഞു, വെറും പുൽത്തകിടിയിൽ ഉറങ്ങിക്കിടന്ന പാവപ്പെട്ട ആട്ടിടയന്മാരുടെ കാതുകളിൽ ആ സ്വർഗ്ഗീയഗാനം മുഴങ്ങി. അത്യുത്സാഹ ഹ്ലാദങ്ങളോടെ അവർ ഉണർന്നു.

അവരുടെ കണ്ണുകൾ പ്രകാശിതങ്ങളായി അതാ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ഉജ്ജ്വലതേജസ്സോടെ ഒരു പുതിയ നക്ഷത്രം പ്രകാശിച്ചു നില്ക്കുന്നു വികസിച്ച നേത്രങ്ങളോടെ വിസ്മയപൂർണ്ണരായി അവർ നിശ്ചലം നിന്നുപോയി.

ഉറക്കത്തിൽ കേട്ട ആ മനോഹരഗാനവും കൂടുതൽ വ്യക്തമായി മുഴങ്ങുന്നു......ഹോ! ഹൃദയത്തിന്റെ ചിരിവാതിൽ തുറക്കുന്ന പീയൂഷം പുരട്ടുന്ന മനോഹരമായ സംഗീതം! അതിന്റെ ഉറവിടം എവിടെയാണു്?

ആട്ടിടയന്മാർ ചുററിലും നിറഞ്ഞു പെട്ടന്നു് അവർ അത്യുത്സാനന്ദഭരിതരായി തുള്ളിച്ചാടി

കിഴക്കെ ചക്രവാളത്തിനുപരി ഒരു പ്രകാശധാര! അവിടെ ആ പ്രകാശമണ്ഡപത്തിൽ അതാ ധവളവസ്ത്രവിഭൂഷിതരായ ആയിരമായിരം ദൈവദൂതർ നിരന്നുനിൽക്കുന്നു കണ്ണുപീയൂഷമായ വാദ്യമേളങ്ങളോടെ ആനന്ദപൂർണ്ണരായി അവർ പാടുന്നു:

"അത്യുന്നതങ്ങളിൽ ദൈവത്തിനു് സ്തുതിയും ഭൂമിയിൽ സന്മനസ്സുള്ളവർക്കു് സമാധാനവും."

ആത്മാവിന്റെ ഉള്ളറകളിൽ പോലും മധുരിമ വർഷിക്കുന്ന മധുമധുരമായ ഗാനം!

പാവപ്പെട്ട ആട്ടിടയന്മാർ, ദിവ്യമായ ആ കാഴ്ചകണ്ടു് അവാച്യമായ ഒരനുഭൂതിയോടുകൂടി നിർന്നിമേഷരായി നില്ക്കുകയാണു്.

ആ വാനവഗണം ശാന്തസുന്ദരമായ സംഗീതത്തോടുകൂടി അണിയണിയായി ഒരു ലക്ഷ്യത്തിലേക്കു നീങ്ങുകയാണല്ലോ? അവർ എവിടേക്കാണു് പോകുന്നതു?

നഗരത്തിന്റെ അപ്രധാനമായ ഒരു കോണിൽ, പാവപ്പെട്ടവർ മാത്രം നിവസിക്കുന്ന തെരുവിൽ, തികച്ചും ദരിദ്രരായ ആരോ താമസിക്കുന്ന ഒരു കൊച്ചു കുടിലിന്റെ മുകളിലത്തെ അന്തരീക്ഷത്തിലോ ദൈവദൂതർ ചെന്നു നില്ക്കുന്നതു്? അതാ മുമ്പുകണ്ട പ്രകാശപൂരിതമായ ആ നക്ഷത്രവും ആ പുൽക്കുടിലിനു് മുകളിൽനിന്നു് പ്രകാശിക്കുന്നു. എന്താണതു? എന്തൊരു അത്ഭുതം അവിടെ സംഭവിച്ചിരിക്കുന്നു.

ആകാംക്ഷാഭരിതരായ ആട്ടിടയന്മാർ ആ ചെറിയ കുടിലിലേക്കു് ഓടി. അവരെന്താണു് കണ്ടതു?

പുൽക്കുടിലിൽ, വയ്ക്കോൽ വിരിപ്പിന്റെ മുകളിൽ; കീറിയ പിള്ളക്കച്ചകളാൽ പുതപ്പിക്കപ്പെട്ടു് ഒരു പൈതൽ ശയിക്കുന്നു....

ഭക്തിസ്നേഹാഭിമാനങ്ങളോടെ, യൗസേഫും, മറിയവും, ആ പൈതലിന്റെ അടുത്തു് ആനന്ദനിർവൃതരായി നിൽക്കുകയാണു്.

തൊഴുത്തിന്റെ അരികു പററിനില്ക്കുന്ന മൃഗങ്ങൾപോലും ആ ദിവ്യശിശുവിനെ കണ്ണിമക്കാതെ നോക്കിനില്ക്കുന്നു.

രാവിന്റെ മൂകമായ അന്തരീക്ഷത്തിൽ സംഗീതാത്മകമായ ഒരു രംഗത്തിന്റെ പശ്ചാത്തലം രചിച്ചുകൊണ്ടു് സുഗന്ധവാഹിയായ മന്ദസമീരണൻ ആഗതനായി. മുല്ലവല്ലികൾ, ചില്ലകൾ ചലിപ്പിച്ചു നൃത്തമാടുകയും വെള്ളിപ്പൂക്കൾ വാരിവിതറുകയും ചെയ്യുന്നു"

രോമാഞ്ചമണിഞ്ഞ നക്ഷത്രമണ്ഡലത്തിനു് താഴെ, വെൺമേഘത്തേരുകളിൽ, അണിനിരന്ന വാനവർ ആ ശിശുവിനെനോക്കി, സ്നേഹത്തിന്റെയും ശാന്തിയുടെയും മോഹനഗാനം അത്യാഹ്ലാദത്തോടെ വീണ്ടും വീണ്ടും ആലപിക്കുകയാണു്.

പാവപ്പെട്ടവരായിരുന്ന ആ ആട്ടിടയന്മാരുടെ ഹൃദയങ്ങൾ, ഇതുവരെ അനുഭവപ്പെട്ടിട്ടില്ലാത്ത ദിവ്യമായ ഒരു ആനന്ദാനുഭൂതിയുടെ സുവർണ്ണരഥത്തിൽ ഒരു സ്വർഗ്ഗമണ്ഡലത്തിലേക്കു് ഉയരുകയായി.

ദിവ്യമായ പ്രകാശധോരണികൾ വിതറി, ഇത്രയധികം ആനന്ദത്തിന്റെയും സമാധാനത്തിന്റെയും തരംഗങ്ങൾ സൃഷ്ടിക്കുന്ന ആ പൈതൽ ആരാണു്?

വത്സരങ്ങളായി മനുഷ്യൻ കാണുവാൻ ദാഹിച്ചുകൊണ്ടിരുന്ന ദൈവത്തിന്റെ പുത്രനായിരുന്നു അതു്.

അന്നൊരിക്കൽ, സന്തോഷത്തിന്റെയും സംതൃപ്തിയുടെയും പറുദീസായിൽനിന്നും മനുഷ്യൻ വേദനയുടെയും അസംതൃപ്തിയുടെയും തിക്കാടലിലേക്കു സ്വയം വഴുതിപ്പോയപ്പോൾ, കാരുണ്യവാനായ ദൈവം ഒരു വാഗ്ദാനം ചെയ്തിരുന്നു; മനുഷ്യനെ ഉദ്ധരിക്കുന്നതിനു് തന്റെ പ്രിയപ്പെട്ട പുത്രനെ ഭൂമിയിലേക്കു് അയക്കാമെന്നു്.

ദൈവം തന്റെ വാഗ്ദാനം നിറവേററി. അസമാധാനത്തിന്റെ അന്ധകാരത്തിലേക്കു് താണുപോയ മനുഷ്യനെ, ശാന്തിയുടെ ദീപ്തിമത്തായ സ്വർഗ്ഗകവാടത്തിലേക്കു് ആനയിക്കുവാൻ ദൈവപുത്രൻ ജനിച്ചിരിക്കുന്നു.

അവിടുന്നു് രാജകൊട്ടാരത്തിലല്ല പിറന്നതു....

അഹന്ത കാണ്ടു് മനുഷ്യൻ സ്വയം നഷ്ടമാക്കിയ സന്തോഷവും സമാധാനവും അവനു് തിരികെ കൊടുക്കുവാൻ എളിമയുടെ മൂർത്തീകരണമായി, പാവപ്പെട്ടവരിൽ പാവപ്പെട്ടവനായി, അവരുടെ ഇടയിൽ അവിടുന്നു് അവതരിച്ചു, ശാന്തിയുടെയും സ്നേഹത്തിന്റെയും സന്ദേശം പകർന്നുകൊണ്ടു്.

നൂററാണ്ടുകളായി, വാഗ്ദാനം ചെയ്യപ്പെട്ട സമാധാനത്തിന്റെ ദൈവപുത്രനെ കാണുവാൻ പ്രതീക്ഷാനിർഭരമായ ഹൃദയത്തോടെ പിതാക്കന്മാർ കാത്തിരുന്നിരുന്നു. പക്ഷേ അവർക്കു സാധിച്ചില്ല.

ഇന്നു്, ചിരപ്രതീക്ഷിതമായ ആ ദിവ്യഭാഗ്യം തങ്ങൾക്കു് കൈവന്നിരിക്കുന്നു. ഭക്ത്യാഹ്ലാദങ്ങളാൽ ആ പാവപ്പെട്ട ആട്ടിടയന്മാരുടെ ഹൃദയങ്ങൾ നിറഞ്ഞു.

സ്നേഹപൂർണ്ണവും നിഷ്കളങ്കവുമായ ഹൃദയങ്ങളോടെ, അഞ്ജലിബദ്ധരായി, അവർ അവതരിച്ച ദിവ്യകുമാരന്റെ പാദപങ്കജങ്ങളിൽ നമസ്കരിച്ചു.

കൂടുതൽ മനോമോഹനമായ ശബ്ദത്തിൽ അവിടെ ആ ഗാനം വീണ്ടും അലയടിച്ചുകൊണ്ടിരുന്നു.

വർഷങ്ങൾക്കപ്പുറത്തു് ബേത്ലഹേമിലെ അന്തരീക്ഷത്തിൽ അലയടിച്ച ആ ദിവ്യസംഗീതം ഇന്നും സുവ്യക്തമായി മുഴങ്ങിക്കൊണ്ടുതന്നെയിരിക്കുന്നു.

"അത്യുന്നതങ്ങളിൽ ദൈവത്തിനു് സ്തുതിയും ഭൂമിയിൽ സന്മനസ്സുള്ളവർക്കു് സമാധാനവും".



## രക്ഷകൻ പിറന്നു

(ഓടക്കുഴലുമായ്—എന്ന രീതി)

ഓമലൊളിയാൽ കതിരുകൾ വീശി
പാതിരനേരമീ പാരിൽ
പുല്ലുമെത്തൊരു തൊട്ടിലിൽ മാനവ
രക്ഷകനേശു പിറന്നു
(ഓമ...)

ഓ,... ......
"ഉന്നതങ്ങളിലീശനു സ്തുതികൾ!"
വാനവരഖിലം പാടി
"ഭൂവിൽ നന്മനസ്സുള്ളോർക്കെല്ലാം
ശാശ്വതശാന്തിയുമേകം"
(ഓമ...)

ഓ... ......
ആട്ടിടയർ കൂട്ടമായി
രക്ഷകനീശനെ വാഴ്ത്തി
കുമ്പിടുന്നു കാലികൾ നിരയായ്
ഈശനു സ്തോത്രമണയ്ക്കാൻ
(ഓമ ...)

ഓ .. ......
അങ്ങുദൂരെ താരകവൃന്ദം
പുഞ്ചിരിതൂകുകയല്ലേ
പൂക്കളെല്ലാം പൂമണമേകി
ഈശനെ വാഴ്ത്തുകയല്ലേ (ഓമ ...)

(പി. ആർ. ജോസ്, മരട്)

# ചെറുകഥ

## "പെണ്ണു ബി. ഏ. ക്കാരിയാണ്"

(ജയിംസ് കെ. സി. മണിമല)

"പിന്നേ!" പിറകിൽനിന്നു കേട്ടതു മറിയാമ്മയുടെ സ്വരമാണ്. മാത്തച്ചനു ദേഷ്യംവന്നു. കാലഹരണമാകാൻപോകുന്ന പണയാധാരങ്ങൾ അദ്ദേഹം പരിശോധിക്കുകയായിരുന്നു. അപ്പോഴാണ് "ആന ക്കാര്യത്തിനിടയിലൊരു ചേനക്കാര്യ"വുംകൊണ്ടു ഭാര്യ വന്നിരിക്കുന്നതു്.

"പോണൊണ്ടോ അപ്പുറത്തു്."

"അല്ലേലും ഞാനെന്നാ പറയാൻതുടങ്ങ്യാലുമങ്ങനാ."

"എടീ ഞാനിതൊന്നു നോക്കി കഴിഞ്ഞിട്ടാട്ടെന്നു്. നെനക്കൊക്കെ ഉണ്ണാനാ, വഹതിരിവുകെട്ടതേ." ആ വിവരക്കേടിനെ അപലപിക്കാതെ നിർവ്വാഹമില്ലായിരുന്നു.

മറിയാമ്മ ക്ഷമാപൂർവ്വം മാറിനിന്നു. ഏഴെട്ടു പ്രമാണങ്ങൾ പ്രത്യേകമെടുത്തു കടലാസിൽ പൊതിഞ്ഞുവച്ചിട്ടു മാത്തച്ചൻ കണ്ണാടി മൂക്കിൽ നിന്നെടുത്തു. അവസരം പാഴാക്കാതെ മറിയാമ്മ പിന്നെയും അടുത്തുചെന്നു.

"എന്താ നിനക്കിത്ര അശ്ശുകാര്യം?"

"എൻെറ കാര്യമൊന്നുമല്ല, മോൻെറതാ."

"ഉം എന്തോന്നാ, നീ വക്കാലത്തുമായിട്ടു വന്നിരിക്യാണോ?"

"ഹെൻറപ്പാ! , ഞാൻ വല്ലോം പറയാൻ വരുമ്പഴന്നാ ഈ ദേഷ്യപ്പാടു്."

"ശ്ശെടീ, കാര്യമെന്താന്നങ്ങു പറ."

"നമ്മുടെ പാപ്പച്ചനു് ആ പെണ്ണിനെ വേണമെന്നു പറയുന്നു."

"ങ്ഹേ!" മാത്തച്ചൻെറ കായദൈർഘ്യം ഒന്നു വർദ്ധിച്ചതുപോലെ തോന്നി. "ഇപ്പോഴാണോ ഇതു പറയാൻ തോന്ന്യേ? വഹതിരിവുകെട്ടവഹകൾ. ഉം, എന്തോന്നാ അവൾക്കുള്ള കൊറേം."

"പെണ്ണൊന്നും പഠിച്ചിട്ടില്ല അവൻെറ കൂട്ടുകാരൊക്കെ അവനെ കളിയാക്കുവാലേ, ഒന്നോർത്തു നോക്ക്യേ" മറിയാമ്മയുടെ സമീപനം നയതന്ത്രപരമായിരുന്നു.

"ഉം, ആട്ടെ നീ എത്ര ക്ലാസ്സു പഠിച്ചിട്ടുണ്ടു്?"

"ഞാനൊന്നും പഠിച്ചിട്ടില്ല. എന്നാലും നമ്മളൊരു പഴേ നാലാംക്ലാസ്സുകാരനല്ലേ?" അതൊരു തിരിച്ചടിയായിരുന്നു.

"ശ്ശെടീ, വഹതിരിവുകെട്ടതേ! ഇപ്പഴത്തെ ബി എ ക്കാർക്കു് എൻെറത്രേം കണക്കു തിട്ടമുണ്ടോ? ഇത്രേം ചിട്ടീം ഏർപ്പാടുമൊക്കെ നടത്തിക്കൊണ്ടുപോകുന്നതു നിസ്സാര കാര്യമാ, അല്ലേ?" മാത്തച്ചൻ ഒരു ന്യായവാദത്തിനുതന്നെ തയ്യാറായി.

"അതാ ഞാനും ചോദിക്കുന്നേ എനിക്കെഴുത്തും വായനേമറിയത്തില്ലേലും നമ്മുടെ കുടുമ്മക്കാര്യം വല്ലോം കൊഴേന്നോ? വണക്കമാസത്തിലെ പുതുമയെല്ലാം എനിക്കു കാണാതറിയാം. ശ്രുഹാതരാനൊള്ളോരു കൊണ്ടേച്ചന്നു തന്നതിൽവല്ലോം എനിക്കു കണക്കറിയാമ്മേലാഞ്ഞിട്ടു കളിപ്പിരുപററിട്ടൊണ്ടോ? ഇതൊന്നുമോർക്കാതെ ഇപ്പം എനിക്കു പഠിത്തംപോരാന്നുംപറഞ്ഞു മെക്കിട്ടുകേറാൻ വരുന്നു, പിള്ളേരൊറായപ്പം." മറിയാമ്മയ്ക്കും അല്പം ദേഷ്യംവരാൻ തുടങ്ങി

"ശ്ശെടീ, ഞാനതല്ല പറഞ്ഞെ. ഈ പെണ്ണും ചെറുക്കനുംതമ്മി പഠിത്തത്തിൽ എത്രക്ലാസ്സിൻെറ വ്യത്യാസമാ വേണ്ടേ? അതൊന്നു പറ. എന്നിട്ടു നിൻെറമോനു് എത്ര ക്ലാസ്സിൻെറ പെണ്ണിനെ വേണമെന്നുംപറ" വൃഥാ കലഹം കളഞ്ഞിട്ടു കാര്യംപറയാനുള്ള പുറപ്പാടായി

"അവൻ മററിംഗ്ലീഷുവരെ പഠിച്ചതല്ലേ? പെണ്ണിനും അത്രേമൊക്കെയില്ലങ്കിലെങ്ങനെ! ഇന്നത്തെക്കാലമല്ലേ; നമ്മുടെയൊക്കെ ചെറുപ്പത്തിലേപ്പോലാണോ?"

"എടീ ഇതിനൊക്കെ കുറച്ചു വഹതിരിവുവേണം. പഠിത്തംമാത്രം നോക്കിയാ മററു കാര്യമൊക്കെ വെള്ളത്തിലാകും. ആ പെണ്ണ് അഞ്ചാംക്ലാസുവരെ പഠിച്ചതല്ലേ? നല്ല കിളിപോലെ വായിക്കും. അയ്യായിരോം നടപടിം കിട്ടുകേം ചെയ്യും."

"നമ്മളങ്ങനെ ശ്രുഹാനോക്കെണ്ടേന്നേ. അവരല്ലേ ആയുസ്സുമുഴുവനും ഒന്നിച്ചുജീവിക്കേണ്ടെ? ചെറുക്കനു മനസ്സിണങ്ങിയ പെണ്ണല്ലേങ്കിലെന്നും വഴക്കും പുക്കാറുമായിരിക്കും. നമ്മളായിട്ടെന്തിനാ അതിനു വഴിവെക്കുന്നെ?" അനഭ്യസ്തയെങ്കിലും മറിയാമ്മ വിവേകബുദ്ധിയിൽ തീരെ പിന്നോക്കമല്ല.

"ഇതു നേരത്തെ പറേണ്ടെടീ മൂശ്ശേട്ടെ. ഞാൻ വാക്കുപറഞ്ഞു മനസ്സുചോദ്യത്തിനു ദിവസോം നിശ്ചയിച്ചപ്പഴാണോ? എൻെറ മൊകത്തു കരിതേക്കാനുള്ള ഏർപ്പാടല്ലേ?"

"അതിപ്പം എനിക്കെന്നാ കെണിതമുണ്ടോ? അവനൊന്നു പറേണ്ടെ? എന്നിട്ടു് എന്നോടെങ്ങും അവൻ നേരെ പറഞ്ഞില്ല. അങ്ങേതിലെ തോമ്മാച്ചനോടു പറഞ്ഞു. അവനാ എന്നോടു പറഞ്ഞെ."

മാത്തച്ചൻ മറുപടി പറഞ്ഞില്ല. കസേരപ്പടിയിൽ കൈയൂന്നി കവിൾത്തടം താങ്ങിക്കൊണ്ടു് അയാളങ്ങിരുന്നു. ആ ഇരിപ്പുകണ്ടു മറിയാമ്മയ്ക്കും വിഷമംതോന്നി. അവർക്കറിയാം, തനിക്കും മക്കൾക്കുംവേണ്ടിയാണ് ആ തല രാപകൽ പുകയുന്നതെന്നു്. മാത്തച്ചൻ ചിട്ടി നാലഞ്ചെണ്ണം വട്ടമെത്തിച്ചുകഴിഞ്ഞു അയൽപക്കത്തെ പറമ്പുകൾ രണ്ടുമൂന്നെണ്ണം അയാൾ കൈക്കലാക്കി. ഇനി ചിലതിനു അന്യായം തയ്യാറാക്കിവെച്ചിരിക്കയാണ്. കുടിയിറക്കുന്നതോടനന്തരനിയമം വന്നില്ലായിരുന്നെങ്കിൽ ഒന്നു രണ്ടു പറമ്പുകൾ ഉടനെ നടത്തിയെടുക്കാമായിരുന്നു. എല്ലാം മകനെക്കൊണ്ടതെ കല്യാണം കഴിപ്പിച്ചിട്ടാകട്ടെ എന്നു കരുതി മാററിവെച്ചിരിക്കുകയാണ്. അന്നേരം ഇങ്ങിനെയൊരു "ഗുലുമാലും" വരുന്നു. ചെറുക്കനു മനസ്സില്ലെങ്കിൽ പിന്നെങ്ങിനെ കല്യാണം നടക്കും?

"അതിനു നമ്മക്കൊരു കാര്യം ചെയ്യാം" കുറേക്കൂടെ അടുത്തുചെന്നു മറിയാമ്മ പറഞ്ഞു "ചാവടിപ്പെരുക്കൂടെ വെച്ചിട്ടേ കല്യാണം നടത്തുന്നുള്ളു ഒരാറുമാസംകൂടെ കഴിയട്ടെ, എന്നും പറഞ്ഞൊഴോളവിടാം. അവരങ്ങിനെ വിശ്വസിക്കും. അന്നേരമാകുമ്പഴത്തേക്കു് എങ്ങനെങ്കിലുമൊക്കെ തേഞ്ഞുമാഞ്ഞുപൊയ്ക്കോളുമെന്നേ."

ആ നിർദ്ദേശം സ്വീകൃതമായി. വീടൊന്നു നന്നാക്കിട്ടേ മാത്തച്ചൻ കല്യാണം വയ്ക്കുന്നുള്ളു. അതുവരെ കാത്തിരിക്കണമെന്നു വധുവിൻെറക്കൂട്ടരെ അറിയിച്ചു.

പക്ഷെ അവർക്കു ആ കാലതാമസം തീരെ പിടിച്ചില്ല. അവിവാഹിതയായ പെൺകുട്ടിയുടെ ബന്ധുക്കൾക്കു് ഏററവും വേഗത്തിൽ വിവാഹം നടക്കണമെന്നാണ്. അതുകൊണ്ടു് അവർ കാത്തിരുന്നില്ല. കല്യാണമങ്ങുമാറി. മറിയാമ്മയുടെ പ്ലാൻ കണക്കിനു ഫലിച്ചു.

II

ആറുമാസം കഴിഞ്ഞില്ല. അതിനുമുമ്പുതന്നെ പാപ്പച്ചനും കല്യാണമുറച്ചു പെണ്ണു് ഒരു ബി ഏ ക്കാരിയാണ്. കേട്ടവർ കേട്ടവർ മൂക്കത്തു വിരൽവച്ചു. സ്കൂൾഫൈനൽകാരൻ ബി ഏ ക്കാരിയെ കെട്ടുകയോ? സ്ത്രീലോകത്തിനു് അതു് ഒരാക്ഷേപമായി ചെറുപ്പക്കാരികൾ വ്യാഖ്യാനിച്ചു

ഒല്ലാൾ കുര്യൻചേട്ടനാണു ഇക്കാര്യത്തിൽ അവരെ സഹായിച്ചതു്. ആദ്യം കല്യാണംപറഞ്ഞ പെണ്ണിനു വേറെ കല്യാണം നടന്നപ്പൊഴേ മറിയാമ്മയ്ക്കു വാശി കേറി. അവരാണു കുര്യൻചേട്ടനെ ശുപാർശചെയ്തതു്. വെറുതെയൊന്നുമല്ല. ഇരുനൂറു രൂപാ പ്രതിഫലം കുര്യൻചേട്ടൻ കരാർ ചെയ്തിരിക്കുന്നു. അതു് അയാൾക്കു നിർബന്ധമാണ്. നൂറുരൂപാ സ്ത്രീധനത്തിനു് അഞ്ചുരൂപയാണു അയാളുടെ "കമ്മീഷൻ" നിരക്കു്.

പക്ഷെ ഈ വിവാഹത്തിനു സ്ത്രീധനമില്ല. "ഒരവകാശിപ്പെണ്ണാണ"ത്രെ. പോരെങ്കിൽ ബി ഏ ക്കാരിയല്ലേ? അവൾക്കു് ഉടനെ ജോലികിട്ടാൻ പോകയാണ്. നൂററൻപതു രൂപാ ശമ്പളം. പിന്നെന്തിനാണു സ്ത്രീധനത്തിൻവേണ്ടി പിണങ്ങുന്നതു്.

മാത്തൻചേട്ടനു് ആ ഏർപ്പാടൊന്നും അത്ര തൃപ്തിയായിത്തോന്നിയില്ല. എങ്കിലും ഭാര്യയുടേയും മകൻെറയും നിർബന്ധത്തിനു് അയാൾ വഴങ്ങി. കല്യാണച്ചെലവിനു കാശുപണംകൂടെ പെൺവീട്ടുകാർക്കു കൊടുക്കേണ്ടതായി വന്നു. അങ്ങിനെ മാത്തച്ചൻ മകനെക്കൊണ്ടു കെട്ടിച്ചുകഴിഞ്ഞപ്പോൾ 'പത്തായി'രം രൂപാ ചെലവായി. എങ്കിലും പാപ്പച്ചനു അതിൽ ഖേദമില്ല. പെണ്ണു ബി. ഏ ക്കാരിയല്ലേ?

രാജമ്മയെന്നാണു പുത്തൻപെണ്ണിൻെറ പേരു്. അതു മറിയാമ്മയ്ക്കു അത്ര പിടിച്ചില്ല. "ഇതെന്നാ ശ്രുദ്ദപ്പെണ്ണുങ്ങടെ പേരിട്ടിരിക്കുന്നേ?" ആദ്യത്തെ കുശലപ്രശ്നത്തിനിടയിൽതന്നെ അവർ അതു ചോദിച്ചു

"പരിഷ്കാരത്തിനു യോജിക്കുന്ന പേരാ അതു്. ഞങ്ങൾടപ്പച്ചനു് ഈ പഴഞ്ചൻപേരൊന്നുമിഷ്ടമില്ല"

തൊട്ടതിനൊക്കെ "പരിഷ്കാര"ത്തിൻെറ ശോവണിപ്പടിയിൽ നിന്നേ രാജമ്മ സംസാരിക്കൂ അതിൻെറ മുമ്പിൽ മറിയാമ്മയുടെ "അമ്മായിയമ്മഗാംഭീര്യം" മുഴുവൻ മിണ്ടടങ്ങാതെ തരമില്ല

അടുത്ത ഞായറാഴ്ച രാജമ്മ പള്ളിയിൽപ്പോകാനൊരുങ്ങി. അവൾക്കണിഞ്ഞൊരുങ്ങാൻ ഒരു ഡ്രസ്സിംഗ്ടേബിളില്ല. മന്ത്രകോടിസാരിയെടുത്തു ചുററിക്കൊണ്ടു് അവൾ ആരോടെന്നില്ലാതെ പറഞ്ഞു: "ഇതെന്തൊരു നശിച്ച ഏർപ്പാടാ. ഇവിടൊരു പരിഷ്കാരോമില്ല. പോസ്റ്റ്കാർഡുപോലുള്ള ഈ കണ്ണാടിനോക്കി ഞാനെങ്ങനാ ഉടുത്തൊരുങ്ങുന്നെ?"

ആ ശബ്ദം അന്തരീക്ഷത്തിൽ വെറുതെ ചിതറിപ്പോയില്ല. പാപ്പച്ചൻെറ കർണ്ണങ്ങളിൽ അതു തുളച്ചുകയറി

ഒരു ഡ്രസിംഗ്ടേബിൾ വേണം. ബി. എ. ക്കാരി ഭാര്യയ്ക്കു അയാൾ സമർപ്പിക്കേണ്ട ആദ്യത്തെ ഉപഹാരം. അതു കൂടിയേ തീരൂ. അവിടത്തെ കിടപ്പുമുറിയിൽ മറിയാമ്മയുടെ രണ്ടു പഴയ കാൽപ്പെട്ടിയേയുള്ളു. അതു തീരെ പരിഷ്കാരത്തിനു ചേർന്നതല്ല

പാപ്പച്ചൻ അമ്മയോടു് ആ വിവരം പറഞ്ഞു. അവർ മാത്തച്ചൻെറയടുക്കലും നിവേദനം സമർപ്പിച്ചു

"ഞാനിന്നിം കുന്തപ്പയററുണ്ടാക്കാൻ പോകുവാ. ഒരു മുടിഞ്ഞ കല്യാണംകാരണം രൂപായെത്രയായി. പത്തയ്യായിരം രൂപാ മേടിക്കണ്ട ഏർപ്പാടാ. ഇറങ്ങിക്കോണം അമ്മേം മകനുംകൂടെ." അയാൾ ശകാരസഞ്ചിയുടെ വായങ്ങു തുറന്നു

അതു വാസ്തവമാണെന്നു മറിയാമ്മയ്ക്കുമറിയാം. എങ്കിലും മരുമകൾ ബി. എ. ക്കാരി പെണ്ണല്ലേ? അവൾക്കു ഡ്രസിംഗ്ടേബിൾ കൂടാതൊക്കുമോ?

രാജമ്മ പാപ്പച്ചനോടു നേരിട്ടങ്ങു ചോദിച്ചു: "നിങ്ങളെക്കൊണ്ടൊക്കുമോ ഒരു ഡ്രസിംഗ്ടേബിൾ വാങ്ങിക്കാൻ? അല്ലെങ്കിൽ ഞാനെൻെറ വീട്ടിൽ പോകുവാ"

അവൾ അങ്ങനെ പൊയ്ക്കൂടാ. പക്ഷെ പാപ്പച്ചനു സ്വന്തമായി ഒററപ്പൈസയില്ല. അപ്പച്ചൻെറ അനുവാദം കൂടാതെ അവനൊന്നും ചെലവാക്കാൻ സാദ്ധ്യമല്ല. ബീഡി വലിക്കാനുള്ള കാശിനുപോലും അവൻ അമ്മയെ ആശ്രയിക്കണം. എന്തൊരു ദയനീയമായ പാരതന്ത്ര്യം!

ഒരു യുവാവിനു പെണ്ണിനേക്കാൾ ആവശ്യം ജോലിയാണ്. സ്വന്തമെന്നഭിമാനിക്കുവാൻ ഒററപൈസയുമില്ലാത്തവൻ വിവാഹം കഴിക്കരുതു്. വധു അഭ്യസ്തവിദ്യകൂടെയാണെങ്കിൽ വരൻെറ വരുമാനം കൂടിയിരിക്കണം. അനുഭവത്തിൻെറ വെളിച്ചത്തിൽ, പാപ്പച്ചൻ അങ്ങനെ ഓരോന്നു പഠിക്കുകയാണ്

രാജമ്മയുടെ ആവശ്യങ്ങൾ പലതു വേറെയുമുണ്ടു്. സോപ്പ്, പൗഡർ, ഹെയർഓയിൽ എന്നിങ്ങനെ പലതും അവൾ ചോദിച്ചു; ദിവസവും ദിവസവും. പിന്നെ പാപ്പച്ചനറിഞ്ഞുകൂടാത്ത പലതരം ചമയോപകരണങ്ങളുടെ പേരും അവൾ പറഞ്ഞു. പക്ഷെ നിസ്സഹായനായി കൈമലർത്തുകയേ അയാൾക്കു നിവൃത്തിയുള്ളു. മാത്തച്ചൻ ഒന്നിനും അടുക്കുകയുമില്ല. "പുരുഷധനം"കൊടുത്തു കെട്ടിക്കൊണ്ടുവന്ന പെണ്ണിൻെറ തന്നിഷ്ടംകണ്ടു് അയാൾക്കും പൊറുതിമുട്ടി

"ഈ നരകത്തിൽ കിടക്കാനെന്നെക്കൊണ്ടൊക്കേല; ഞാൻ പറഞ്ഞതൊക്കെ വാങ്ങിച്ചുതരാൻ നിങ്ങൾക്കു തയ്യാറുണ്ടോ?" രാജമ്മ കട്ടായമായങ്ങു ചോദിച്ചു.

"രൂപായില്ല രാജമ്മേ! നിനക്കറിഞ്ഞുകൂടേ?"

"രൂപായില്ല; രൂപായില്ല..." അവൾ പല്ലിറുമ്മി. "പിന്നെ നിങ്ങളോടാരുപറഞ്ഞു കല്യാണംകഴിക്കാൻ ...?" അവൾ അയാളുടെ പൗരുഷത്തെത്തന്നെ ചോദ്യം ചെയ്തു

"നീ ബി. എ. ക്കാരിയല്ലേ? നിനക്കുദ്യോഗംകിട്ടുമെന്നു പറഞ്ഞിട്ടു്..."

"അതെ ഞാൻ ബി. എ. ക്കാരിയാ. നിങ്ങൾക്കു എൻെറ ആവശ്യങ്ങൾ സാധിച്ചുതരാമെന്നു തൻേറടമില്ലെങ്കിൽ എന്തിനു വിവാഹംചെയ്തു?"

ആ ചോദ്യം ഉത്തരംകിട്ടാതെ പാപ്പച്ചൻെറ മുമ്പിൽ ഉയർന്നുനിന്നു. ഒരു ഭാര്യയുടെ സകല അവകാശത്തോടുംകൂടിയാണ് അവൾ ചോദിക്കുന്നതു്. അതു കുറെ ധിക്കാരമായിരിക്കാം

സാധാരണ ഭർത്താക്കന്മാർ അവളുടെ ചെവിക്കല്ലിലാണ് അതിനുത്തരം പറയുക; അല്ലെങ്കിൽ എഴുതിച്ചേർക്കുക. പക്ഷെ പാപ്പച്ചൻ മിണ്ടിയില്ല. അവൻെറ ബി. എ. ക്കാരിപ്പെണ്ണു പിണങ്ങിപ്പോയാലോ?

"ഞാൻ ഇവിടെ നില്ക്കണമോ? അതോ വീട്ടിൽ പോകണമോ?" വീണ്ടും ഒരു ഗംഭീരചോദ്യം! അവളുടെ കണ്ണുകൾ ചെമന്നു തിളങ്ങുകയായിരുന്നു. ആ ദൃഷ്ടികൾക്കു മുമ്പിൽ ഒരു തടവുപുള്ളിയെപ്പോലെ പാപ്പച്ചൻ നിന്നുപോയി

"രാജമ്മേ! നീ പോകരുതു്. ഞാൻ എല്ലാം വാങ്ങിക്കാം"

ആ കരാറിൽ രാജമ്മ വീണ്ടും അവിടെ താമസിച്ചു. പിറേറന്നു പാപ്പച്ചൻ ഡ്രസിംഗ്ടേബിൾ വാങ്ങിക്കൊണ്ടുവന്നു. അവൾ പറഞ്ഞ എല്ലാ ചമയോപകരണങ്ങളും അതിലുണ്ടായിരുന്നു

പക്ഷെ അന്നു രാത്രി അവിടെ ഒരസാധാരണ മോഷണം നടന്നു. രാജമ്മയുടെ ആഭരണങ്ങളിൽനിന്നു ഒരെണ്ണംമാത്രം ആരോ മോഷ്ടിച്ചു. മുന്നൂറോളം രൂപാ വിലയുള്ള ഒരു നെക്‌ലസ്!

"സൂക്ഷിക്കാഞ്ഞിട്ടാ. നിനക്കൊക്കെ നൊമ്പരമൊന്നുമില്ല കാശു മുടക്കിയവൻ ഞാനാ......" മാത്തൻചേട്ടൻ ശാസനതുടങ്ങി.

"അമ്പടാ! അദ്ദേതവനാ! അതുമാത്രം തട്ടിക്കൊണ്ടുപോയെ?" മറിയാമ്മ ആശ്ചര്യപ്പെട്ടു

"അതേ നഷ്ടപ്പെട്ടുള്ളല്ലോ. നമ്മുടെ ഡ്രസിംഗ്ടേബിൾ ആരും കൊണ്ടുപോകാഞ്ഞതു ഭാഗ്യം!" പാപ്പച്ചൻ സമാശ്വസിച്ചു. അയാളുടെ മുഖത്തു തെല്ലുപോലും ഖേദമില്ല

"ഭംഗിപറച്ചിലൊന്നും വേണ്ടാ. ഇന്നുതന്നെ എനിക്കു നെക്‌ലസ് വാങ്ങിച്ചുതരണം. അല്ലെങ്കിൽ ഞാനെൻെറ വീട്ടിൽപ്പോകും." രാജമ്മ ഖണ്ഡിതമായിപ്പറഞ്ഞു. അവൾ നിലക്കണ്ണാടിയുടെ മുമ്പിലേക്കു വേഗം നടന്നു് കാററത്തു പറന്നിളകിയ അളകങ്ങൾ ഒതുക്കിവച്ചു

—o—



# ലോകം ശ്രവിച്ച ആദ്യത്തെ സമാധാന സന്ദേശപ്രക്ഷേപണം

(അപ്രേം പുതുശ്ശേരി)

ആ സുദിനം! മംഗളമനോഹരമായ ആ പാതിരാവ്! സമാധാനത്തിൻെറ പൊൻവെളിച്ചം കതിർവീശി. ലോകം അതിനു മുൻപു ആ കാഴ്ച ദർശിച്ചിട്ടില്ല. മാലാഖമാർ ദേശീയഗാനം പാടി പറന്നിറങ്ങി. ലോകം ഞെട്ടിയുണർന്നു. ചക്രവാളം പുളകമണിഞ്ഞു. ഇളംകാററു പാഞ്ഞുനടന്നു ആ ദേശീയഗാനം കുസുമനിരകളിൽ പകർന്നു: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം! ഇതാ, നിങ്ങൾക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു" പാതിരാക്കുയിൽ സ്വാഗതമരുളി.

നോക്കൂ! മൃഗങ്ങൾ വസിക്കുന്ന ഒരു ഗുഹ. ആ കാലിത്തൊഴുത്തിലെ പുൽമെത്തയിൽ ദിവ്യശിശു ശയിക്കുന്നു. അമ്മ ചോരക്കുഞ്ഞിനെ പിള്ളക്കച്ചകൊണ്ടു ചുററി. വളർത്തപ്പൻ കാലിത്തൊഴുത്തു ഒരുവിധം വൃത്തിയാക്കി. ഉണ്ണി കാററും കുളിരും സഹിച്ചു. ക്ഷണനേരംകൊണ്ടു ലോകത്തെ സൃഷ്ടിച്ചു രക്ഷിച്ചുപോരുന്ന സർവ്വശക്തൻ! എന്തൊരു മാതൃക!

ലോകചരിത്രം രണ്ടായി തിരിച്ച ആ പാതിരാത്രി, മനുഷ്യരെ ദൈവത്തിൻെറ മക്കളാക്കാൻ ദൈവം മനുഷ്യനായി പിറന്നു. "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം." അങ്ങനെ ആ കാലിത്തൊഴുത്തിൽനിന്നു സമാധാനത്തിൻെറ ആദ്യത്തെ സന്ദേശം ലോകം ശ്രവിച്ചു. ഈ സന്ദേശം ദരിദ്രൻേറയും ധനവാൻേറയും, തൊഴിലാളിയുടേയും മുതലാളിയുടേയും അന്തരംഗങ്ങളിൽ അന്നുതന്നെ പ്രതിധ്വനിച്ചു. അവർ ഗോശാലയിലേക്കു ആനീതരായി. നൂററാണ്ടുകളിലൂടെ ഈ പ്രക്ഷേപണം മാനവഹൃദയങ്ങൾ ആവർത്തിച്ചാസ്വദിക്കുകയാണ്. ഇന്നു നമ്മുടെ ഹൃദയഭിത്തികളിലും വന്നലയ്ക്കുന്നു. ഹൃദയകവാടം തുറക്കുന്നവർ അതിൻെറ ആസ്വാദ്യതയെ ആശ്ലേഷിക്കുന്നു. ആ പ്രക്ഷേപണം അന്നുതന്നെ കമ്മ്യൂണിസത്തിൻെറ മരണമണി മുഴക്കി; അതു അവർ മനസ്സിലാക്കുന്നില്ല. സമാധാനത്തിൻേറയും സർവ്വസാഹോദര്യത്തിൻേറയും സന്ദേശം പ്രക്ഷേപണം ചെയ്തുകൊണ്ടു് യാതനകളുടെ നടുവിൽ ജനിച്ച ആ ദിവ്യശിശുവിനെ സ്വീകരിക്കാൻ അവർ തയ്യാറില്ല. കാലിത്തൊഴുത്തിലെ ശിശു ധനവാനും ദരിദ്രനും, മുതലാളിക്കും തൊഴിലാളിക്കും ആദർശമായി പരിലസിക്കുന്നു. ഇവരെയെല്ലാം കൂട്ടിയിണക്കാൻ ദൈവസുതൻ സഹിച്ച പാടുകൾ!

രാജകൊട്ടാരത്തിൽ പൊന്നുമെത്തയിന്മേൽ ദൈവസുതൻ അവതരിച്ചില്ല. ഒരു സാധുതൊഴിലാളിയുടെ ഭാര്യയെ പെററമ്മയായി സ്വീകരിച്ചു. ഒരു തച്ചനാണു വളർത്തുപിതാവ്. അതു തീർച്ചയായും ഒരു "വിപ്ലവ"സന്ദേശമായിരുന്നു; ഇതു ലോകജനതയെ ഇരുത്തിചിന്തിപ്പിക്കുന്ന ഒരു ദിവ്യസന്ദേശമാണ് ഇന്നു ലോകം ദൈവദൂഷണത്തിൻെറ പാപക്കറപുരണ്ടു വികൃതമായിപ്പോയി. ധനവാനും ദരിദ്രനും ഒരുപോലെ അഭ്യസിക്കേണ്ട സന്ദേശമായിരുന്നു അതു്. ധനവാൻ സാധുസംരക്ഷണത്തെ അവൻെറ കടമയായി കരുതണം. അവർ അനാവശ്യങ്ങൾക്കു ചിലവിടുന്നതു സാധുക്കളുടെ ആവശ്യത്തിനുള്ളതാണെന്നും ഓർമ്മിക്കട്ടെ! ധനവാൻ കൈയടക്കിവച്ചു കൊണ്ടിരിക്കുന്നതിൽ സാധുക്കളുടെ "അന്നേയപ്പ"മാണു സൂക്ഷിക്കുന്നതെന്നു മറന്നുകളയരുതു്. ദരിദ്രർ ധനവാൻെറ സമ്പത്തിൽ അസൂയപ്പെടരുതു്. അവർ ദൈവത്തിൽ ആശ്രയിച്ചു് അവിടുത്തെ ഹിതത്തിനു കീഴ്‌വഴങ്ങി ജീവിക്കണം. അങ്ങനെ ധനവാനും ദരിദ്രനും ഒരുപോലെ അഭ്യസിക്കേണ്ട വിശിഷ്ടപുണ്യമാണ് കാലിത്തൊഴുത്തിലെ ദാരിദ്ര്യാരൂപി.

പുൽക്കൂട്ടിലെ മറെറാരുരംഗം ദർശിക്കുക! തൊഴിലാളികളുടെ പ്രതിനിധികളായി ആട്ടിടയന്മാരും മുതലാളികളുടെ പ്രതിനിധികളായി പൂജരാജാക്കന്മാരും ദിവ്യഉണ്ണിയെ ആരാധിക്കുന്നു. ക്രിസ്തു ഇരുകൂട്ടർക്കും മാതൃകയായി പരിലസിക്കുന്നു. ക്രിസ്തുവിനും അവിടുന്നു സ്ഥാപിച്ച സഭയ്ക്കും മാത്രമേ ഇരുകൂട്ടരേയും യോജിപ്പിക്കുവാൻ കഴിയൂ.

തൊഴിലാളികൾക്കാണ് ക്രിസ്തുസ്സന്ദേശം ആദ്യമായി നൽകിയതു്. അവരെയാണ് അവിടുന്നു ആദ്യമായി സ്വീകരിച്ചതു്. അങ്ങനെയുള്ള ക്രിസ്തുവിനോ, അവിടുത്തെ സഭയ്ക്കോ, തൊഴിലാളികളെ സ്നേഹിക്കുക, സംരക്ഷിക്കുക, നയിക്കുക എന്നി ദിവ്യപ്രേഷിതത്വത്തിൽനിന്നു പിന്മാറുവാൻ ഒരുകാലത്തും സാദ്ധ്യമല്ലതന്നെ. പ്രഥമ ക്രിസ്തുസ്‌രാത്രിയിൽ തന്നെ തൊഴിലിൻെറ മാന്യത ക്രിസ്തു വെളിപ്പെടുത്തി.

അതുകൊണ്ടു് തൊഴിലിൻെറ മാന്യത മുതലാളിമാർ അംഗീകരിക്കണം. ഈ അംഗീകാരംവഴി മുതലാളി നീതിപൂർവ്വകവും സഹോദരപരവുമായ ഒരു പെരുമാററത്തിനു തയ്യാറാകട്ടെ. മുതലാളിക്കും തൊഴിലാളിക്കും അവരവരുടേതായ അവകാശങ്ങളും കടമകളുമുണ്ടു്. അവയെ അവർ യഥാവിധി പാലിക്കുകയും നിറവേററുകയുംവേണം. അതിനു സഹകരണമനസ്ഥിതി ആവശ്യമാണ്. തൊഴിലാളി മുതലാളിയുടെ പുരോഗതിയെ ആത്മാർത്ഥമായി അഭിലഷിച്ചു പ്രവർത്തിച്ചു് തൻെറ കർത്തവ്യങ്ങളെ യഥാവിധി നിർവ്വഹിക്കുകയുംചെയ്യണം. തൊഴിലാളി മുതലാളി പ്രശ്നത്തിനു സമ്യക്കായ പ്രതിവിധികൾ തിരുസഭാദ്ധ്യക്ഷന്മാർ വിദഗ്ദ്ധമായി കൈകാര്യംചെയ്തിട്ടുണ്ടു്. ചാക്രികലേഖനങ്ങൾ ഇതിനു മകുടോദാഹരണങ്ങളാണ്. പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പാ നീതിപൂർവ്വകമായ കൂലിയെ വിശദീകരിച്ചു ഒരിക്കൽ പറഞ്ഞു: "തൊഴിലാളിക്കു നീതിപൂർവ്വകവും ആവശ്യങ്ങൾക്കു തികയുന്നതുമായ കൂലി നൽകണം. അവനു മനുഷ്യോചിതമായ വീടുവേണം. അവൻെറ മക്കൾക്കു വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള കഴിവും സൗകര്യവും ലഭിക്കണം." ഈ ആവശ്യങ്ങൾ തൊഴിലാളിക്കു സാധിച്ചുകിട്ടുന്നതിനുള്ള പരിതസ്ഥിതികൾ ഉണ്ടാകുമ്പോൾ ലോകം ആരോഗ്യപരവും പുരോഗമനാത്മകവുമായ വായു ശ്വസിക്കുവാൻതുടങ്ങും. നീതിപൂർവ്വകവും സഹോദരപരവുമായ നിയമങ്ങൾ ഉൾക്കൊള്ളുന്ന ഒരു സാമൂഹികവ്യവസ്ഥിതി രൂപംപ്രാപിക്കുവാനാണു ക്രിസ്തുവിൻെറ ജനനവേളയിൽതന്നെ മുതലാളിതൊഴിലാളി പ്രതിനിധികളെ സ്വീകരിച്ചതു്.

പുൽക്കൂട്ടിലെ ദിവ്യാരൂപി പരിശീലിച്ചാൽ ലോകസമാധാനം കൈവരും; സംതൃപ്തി കളിയാടും. അങ്ങനെ ആധുനികലോകത്തിനു ഒരു പുതിയ ചൈതന്യം ആസ്വദിക്കുവാൻകഴിയും. പുൽക്കൂട്ടിൽനിന്നുള്ള ഈ സമാധാന സന്ദേശം വിഷമപ്രശ്നങ്ങളിൽ കുടുങ്ങിയിരിക്കുന്ന ലോകം ഗ്രഹിക്കണം. ഈ സമാധാനസന്ദേശത്തിൽ ഉൾക്കൊള്ളുന്ന രക്ഷാകരദൗത്യം ജീവിതത്തിൽ പ്രായോഗികമാക്കിയാൽമാത്രമേ അസ്വസ്ഥമായ ലോകം സമാധാനത്തിൻേറയും സംതൃപ്തിയുടേയും സുരക്ഷിതമായ തുറമുഖത്തു എത്തിച്ചേരുകയുള്ളൂ. പുൽക്കൂട്ടിൽ പിറന്ന ഉണ്ണിശോ ലോകത്തെ അനുഗ്രഹിക്കട്ടെ!

Chakolas SILK HOUSE
TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.

EP

# ചോദിച്ചാൽ പറയാം

179. ചോ: മിഷ്യൻ രാജ്യങ്ങളിൽ ഒരു ചെറിയ ചാപ്പൽ പോലും പണിയാൻ നിർവ്വാഹമില്ലാതെ വിഷമിക്കുമ്പോൾ, നമ്മളുടേതുപോലെയുള്ള സമ്പന്നമായ നാടുകളിൽ അലങ്കാരപ്പണികൾക്കും കൊത്തുപണികൾക്കും മററും വളരെയേറെ ദ്രവ്യം ചെലവുചെയ്തു അനാവശ്യമായ വലുപ്പത്തിൽ പള്ളികളും മററും പണിയുന്നതു തെററല്ലേ?

(ജെ ജെ പി പൂവരണി)

ഉ: ഈ ചോദ്യം കണ്ടപ്പോൾ ബൈബിളിൽ വിവരിച്ചിരിക്കുന്ന ഒരു സംഭവമാണ് ഓർമ്മവന്നതു്. ഈശോ ഒരിക്കൽ ബഥാനിയായിൽ ലാസറിൻെറ വീട്ടിൽ ചെന്നപ്പോൾ മറിയം ഒരു കുപ്പി വിലയേറിയ സുഗന്ധതൈലം കൊണ്ടുവന്നു ഈശോയുടെ കാലുകൾ പൂശുകയും തൻെറ തലമുടികൊണ്ടു കാലുകൾ തുടയ്ക്കുകയും ചെയ്തു. അപ്പോൾ കൂടെയുണ്ടായിരുന്ന യൂദാസ്കറിയോത്താ പറഞ്ഞു: "ഈ സുഗന്ധദ്രവ്യം മുന്നൂറു ദെനാറകൾക്കു വിററു ദരിദ്രർക്കു കൊടുക്കപ്പെടാത്തതെന്തുകൊണ്ടു്?" ഇതു ചോദിച്ചതോ അവൻ കള്ളനായിരുന്നതുകൊണ്ടും പണസ്സഞ്ചി അവൻെറ പക്കൽ ആയിരുന്നതുകൊണ്ടും, അതിൽ വീണിരുന്നതു് അവൻ കൊണ്ടുനടന്നിരുന്നതുകൊണ്ടുമല്ലാതെ ദരിദ്രരെപ്പററി അവനു വിചാരം ഉണ്ടായിരുന്നതുകൊണ്ടല്ലാ." (യോഹ: XII 3-6)

മിഷ്യൻ രാജ്യങ്ങളിൽ ദേവാലയങ്ങളും മററു മതസ്ഥാപനങ്ങളും ഏർപ്പെടുത്തുന്നകാര്യത്തിൽ മിഷ്യനറിമാർ വിഷമിക്കുന്നുണ്ടെന്നുള്ളതു ശരിതന്നെ. സൗകര്യമുള്ളവരെല്ലാം അവരെ സഹായിക്കേണ്ടതാണ്. അക്കാര്യത്തിൽ, ചോദ്യകർത്താവിൻെറ ആശയം അഭിനന്ദനീയമാണ്. അദ്ദേഹമോ മററാരെങ്കിലുമോ ആ പാവപ്പെട്ട മിഷ്യനറിമാരെ സഹായിക്കുവാൻ ചെയ്യുന്ന ഏതു സേവനത്തിനും ദൈവം "ഒന്നിനു നൂറിരട്ടിയായി" സമ്മാനം നൽകാതിരിക്കുകയുമില്ല.

പക്ഷെ ചോദ്യത്തിലെ അനുമാനം തെററല്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ സ്വമേധയാ ചെയ്യുന്ന സേവനങ്ങളെ നിയമംകൊണ്ടു നിയന്ത്രിക്കുവാൻ സാധിക്കുമോ? മിഷ്യൻ രാജ്യങ്ങളിൽ ചാപ്പലുകൾ പണിയാൻ നിർവാഹമില്ലാതെ വിഷമിക്കുമ്പോൾ സമ്പന്നരാജ്യങ്ങളിൽ വളരെയേറെ ദ്രവ്യം വ്യയംചെയ്തു അനാവശ്യ വലുപ്പത്തിൽ പള്ളികൾ പണിയരുതെന്നു ശഠിച്ചാൽ, വലുപ്പത്തിൽ പള്ളികൾ പണിയാൻ ചെലവാക്കുന്ന ദ്രവ്യം മുഴുവൻ മിഷ്യൻ രാജ്യങ്ങൾക്കു കിട്ടുമെന്നു ചോദ്യകർത്താവു കരുതുന്നതുപോലെ തോന്നുന്നു. അതു് വെറും വ്യാമോഹമാണ്. വലിയ പള്ളികൾ വേണ്ടെന്നു പറഞ്ഞാൽ ആ പള്ളികൾ പണിയുകയില്ലെന്നല്ലാതെ, അതിലേക്കു വേണ്ടിവരുമായിരുന്ന പണം മിഷ്യൻ രാജ്യങ്ങൾക്കു അയച്ചുകൊടുക്കുകയെന്നതുണ്ടാകുകയില്ല. (ഇതിനു വല്ല വ്യത്യസ്തതയും കാണുകയില്ലെന്നു പറയുന്നില്ല.) മനുഷ്യൻ പ്രകൃത്യാ സ്വാർത്ഥനാണ്. സ്വന്തനാട്ടിലെ സ്വന്ത പള്ളിക്കു ഉദാരമായി സംഭാവനചെയ്യുവാൻ സന്നദ്ധനാകുന്നവൻ അന്യനാട്ടിലെ പള്ളിക്ക് അങ്ങനെ ചെയ്യുമെന്നു വരികയില്ല.

"അലങ്കാരപ്പണികൾക്കും കൊത്തുപണികൾക്കും വളരെയേറെ ദ്രവ്യം ചെലവുചെയ്തു വലുപ്പത്തിൽ പള്ളി പണിയുന്നതു്" തെററാണെന്നു വിചാരിക്കുന്നതു ശരിയല്ല. ഓർശ്ലേം ദേവാലയത്തെ "പിതാവിൻെറ ഭവന"മെന്നാണു ക്രിസ്തു വിളിച്ചിരുന്നതെന്നു നമുക്കറിയാമല്ലോ. അതെത്രമാത്രം ആഡംബരപൂർണ്ണമായ ഒരു സത്രമായിരുന്നുവെന്നും വേദപുസ്തകത്തിൽ നിന്നു നമുക്കറിയാം. ദൈവത്തിനുവേണ്ടി നിർമ്മിക്കപ്പെടുന്ന ഒരു ആലയം ആഡംബരപൂർണ്ണമാകുകയെന്നതു സാദ്ധ്യമല്ലെന്നു് ഏതു കത്തോലിക്കനാണ് അറിഞ്ഞുകൂടാത്തതു്? അതിനാൽ തനിക്കു നിർമ്മിക്കാവുന്നതിലേക്കും മനോഹരമായിരിക്കണം ക്രിസ്തു വിശുദ്ധ കുർബാനയിൽ എഴുന്നരുളുന്ന തൻെറ ദേവാലയമെന്നു ഒരു കത്തോലിക്കൻ കരുതുന്നുവെങ്കിൽ അതു് ഒരിക്കലും തെററല്ല.

ലൗകികമായ കാര്യങ്ങളിൽ അങ്ങേ അററത്തെ ആഡംബരവും സുഖസൗകര്യവും വേണമെന്നു് ആഗ്രഹിക്കുന്നവരല്ലേ മനുഷ്യർ? നമ്മുടെ ടൗൺ ഹാളുകൾ, ബാങ്കു കെട്ടിടങ്ങൾ, സിനിമാശാലകൾ, പൊതുസ്ഥാപനങ്ങൾ, എന്തിനു്, നാം താമസിക്കുന്ന വീടുപോലും, നമ്മുടെ സാമ്പത്തികസ്ഥിതിക്കു യോജിച്ചവിധത്തിൽ വലുതും മനോഹരവുമായിരിക്കുവാൻ നാം ആഗ്രഹിക്കുന്നു. അങ്ങനെയെങ്കിൽ നമ്മുടെ രക്ഷകനായ ദൈവം എഴുന്നരുളുന്ന ദേവാലയം തത്തുല്യമെങ്കിലും മനോഹരമായിരിക്കേണ്ടേ? യഥാർത്ഥ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ദൈവത്തിൻെറ മഹത്വത്തിനാണ് അവർ ഒന്നാം സ്ഥാനം കല്പിക്കുന്നതു്. മതത്തിനു് അപ്രധാനമായ സ്ഥാനം കല്പിക്കുന്നവർക്കു മാത്രമേ ദേവാലയത്തിൻെറ ആഡംബരം അസഹനീയമായി തോന്നുകയുള്ളു. ദേവാലയത്തിൻെറ വലുപ്പത്തെപ്പററിയും ആഡംബരത്തെപ്പററിയും പരാതിപ്പെടുന്നവർ പലപ്പോഴും അതിലേക്കു ഒരു പൈ പോലും ചെലവാക്കാത്തവരായിരിക്കും. അങ്ങനെയുള്ളവർ മിഷ്യൻ ചാപ്പലുകൾക്കു എന്തെങ്കിലും കൊടുക്കുമെന്നു വിചാരിക്കുന്നുണ്ടോ?

ക്രിസ്തു ഒരു ദരിദ്രനായിട്ടല്ലേ ജനിച്ചതെന്നു് അവർ ഉടനെ ചോദിച്ചേക്കും. അതേ. പക്ഷെ അതുകൊണ്ടു് നാം അവിടുത്തെ അപമാനിക്കണമെന്നു് അർത്ഥമില്ല.

THE SOUTH INDIAN BANK LTD.

Estd: 1929 H. O. TRICHUR A Scheduled Bank

SAVINGS BANK ACCOUNTS

3% p. a. Interest allowed without limit.
Maximum withdrawal allowed per week
Rs. 1000. Operation by cheque.

CALL DEPOSITS & FIXED DEPOSITS FOR PERIODS OF 1 to 24 MONTHS ACCEPTED AT VERY ATTRACTIVE RATES

BRANCHES:

ALLEPPEY
ALWAYE
BHAVANI
COCHIN
COIMBATORE
ERNAKULAM
GOBICHETTIPALAYAM
IRINJALAKUDA
KUNNAMKULAM
KOZHIKODE
KOLLENGODE
MADRAS
MANJERI
MANNARGHAT
NILAMBUR
OTTAPALAM
PALGHAT
POLLACHI
PONANI
SALEM
TIRUPUR
TRICHUR
&
WADAKANCHERI

# ഇടമില്ല ധരയിൽ

(എൻ. സി. മാത്യു, പൊൻകുന്നം)

ഇതാപരമുലകങ്ങളൊന്നുമാകാൻ സൃഷ്ടി-
ച്ചരുളിയ ദൈവത്തിൻ സുതനിന്നു പാരിൽ
ഇടമില്ലാഞ്ഞുടമകളുമില്ലാതല്ലൽ-
പ്പെട്ടുകയായ് പുൽക്കുടിലൊന്നിലിന്നവശം!
ധരയിൽ ചരാചര നികരങ്ങൾ നിർമ്മി-
ച്ചരുളിയ ദേവകുമാരനു പാരിൽ
ഒരു തുണയ്ക്കൊരുവരും നികടത്തിൽ നില്പി-
ല്ലമലയാമമ്മയും താതനുമന്യേ!
അതിമാത്രവിസ്തൃതമംബരം മീതേ
അവിടത്തിൽ നക്ഷത്രലക്ഷങ്ങൾ ഭംഗ്യാ
കാളിന കുളിരേകം വിധമങ്ങ തീർത്തോ-
നീടമില്ല ധരയിതിൽ സസുഖം ശയിക്കാൻ.
ഇളമരുത്തൊററ ചലിപ്പിച്ചാലിയ പൂവും
ലളിതമായ് നടനങ്ങൾ തുടരുന്ന തളിരും
കളകളം മന്ത്രിച്ചൊഴുകുന്ന പുഴയും
ഒരുപോലെ തീർത്തവനിടമില്ലധരയിൽ!
ഉലകത്തിലഖനദ ദീപമാകേണ്ടതാൻ
ഉടയവൻ നരകലജന്മം ധരിച്ചു
ഒരു കാലിക്കൂട്ടിലെപ്പുൽമെത്തമന്നിലാ-
യൊരുമണിക്കുഞ്ഞതാ വിലപിപ്പൂ കാൺക!

അവശർക്കുമവലംബമരുളാത്ത മനുജാ
അവസരം കളയാതെയനുതപിച്ചെന്നാൽ
അവസാനമില്ലാത്തോരസുലഭഭാഗ്യം
അനുഭവിച്ചിട്ടവാനവസരം വന്നു.
വരമരുളാനക്കൈകളിളകുന്നു ഭംഗ്യാ
വരികെന്നു പുഞ്ചിരിയരുളുന്നു കാൺക!

# പ്രകൃതിയിൽക്കൂടി പ്രകൃതിനാഥനിലേക്ക്

(ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. ഏ.)

ദൈവം സൃഷ്ടിച്ച ഈ പ്രപഞ്ചം എത്ര മനോഹരമാണെന്നു പലരും മനസ്സിലാക്കിയിട്ടില്ല. സൂര്യപ്രകാശത്താൽ പൊതിയപ്പെട്ടു മേഘങ്ങൾക്കുപ്പുറമായി ഉയന്നുനിൽക്കുന്ന പർവ്വതങ്ങളും പാറക്കൂട്ടങ്ങളും ശില്പിയുടെ കൊത്തുപണിയെപ്പോലും വെല്ലുന്നതല്ലേ? ഒരു ചിത്രമെഴുത്തുകാരൻെറ തൂലികയ്ക്കു നൽകുവാൻ സാധിക്കുന്നതിൽ കൂടുതലായുള്ള വർണ്ണപ്പകിട്ടു ഒരു പക്ഷിയുടെ ചിറകുകളിൽ നാം കാണുന്നില്ലേ? പക്ഷികളുടെ പാട്ടുകളും മന്ദമാരുതനിൽ വൃക്ഷലതാദികൾ പുറപ്പെടുവിക്കുന്ന മധുരധ്വനിയും സുപ്രസിദ്ധ സംഗീതകോവിദന്മാരുടെ ഗാനത്തേക്കാൾ സുഖപ്രദമല്ലേ? ആകാശത്തിൻെറ അഴകിനെപ്പററിയെന്താണു പറയേണ്ടതു്. ദൈവം ധരിച്ചിരിക്കുന്ന രത്നഖചിതമായ സുവർണ്ണാംഗുലിയത്തിൻെറ അർദ്ധഭാഗം എന്ന കണക്കെ സപ്തവർണ്ണങ്ങളോടു കൂടിയ മഴവില്ലു് ആകാശവിരിപ്പിൽ നാം കാണുന്നില്ലേ? പുഷ്പിച്ചു സൗരഭ്യം വിതറുന്ന റോസച്ചെടിയുടെ സമീപെ നാം ഇരിക്കുക അനന്തരം "ഗ്രീസിലെ ആ ഏഴു് മഹാന്മാരെ" വിളിച്ചുവരുത്തി ഇതിനേക്കാൾ മനോഹരമായി എന്തെങ്കിലുമുണ്ടോയെന്നു ചോദിച്ചാൽ തലകുലുക്കി അവർ സമ്മതിക്കും. ഇല്ലായെന്നു്. റോസപുഷ്പത്തിൻെറ സൗരഭ്യവും ലില്ലിച്ചെടിയുടെ മനോഹരതയും വണ്ണിക്കുവാൻ ആക്കു സാധിക്കും. ഈ പറഞ്ഞവയെല്ലാം ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിൻെറ അടയാളങ്ങളാണു്. അവ ദൈവാസ്തികൃത്തെ ഉച്ചൈസ്തരം വിളിച്ചുറിയിക്കുന്നു. പുഷ്പത്തിൽ ദൈവമഹത്വം തിളങ്ങുന്നതും ഗ്രന്ഥങ്ങളിൽ നാം കാണുന്ന തത്വങ്ങൾ അരുവികളിലും പാറക്കെട്ടുകളിലും കുടികൊള്ളുന്നതും, വിശുദ്ധ ബർണ്ണാർദ്ദും വി. ഫ്രാൻസിസ് അസിസ്സിയും ദർശിച്ചു. വലിയ ദേവാലയങ്ങളിലെ ആർച്ചുകൾക്കു സമാനമായിട്ടുള്ള ആർച്ചുകൾ വനങ്ങളിൽ വൃക്ഷശിഖരങ്ങൾ തമ്മിൽ യോജിച്ചു കൈകൊടുത്തു നിർമ്മിച്ചതായും ശാരീരികനേത്രങ്ങൾക്കു അദൃശ്യമായിരിക്കുന്ന സ്വർഗ്ഗസിംഹാസനത്തിലേക്കു അർപ്പിക്കപ്പെടുന്ന ധൂമങ്ങളായി മേഘക്കൂട്ടങ്ങളേയും അവർ വീക്ഷിച്ചു. പ്രകൃതിയിലുള്ള ഓരോ വസ്തുവും എല്ലാ സൗന്ദര്യത്തിൻെറയും കേന്ദ്രമായ നാഥനിൽ നിന്നും ഒരു ദൌത്യം കൊണ്ടുവരുന്നതായി അവക്കനുഭവപ്പെട്ടു.

നമ്മുടെ സമീപേ സൗന്ദര്യവും സുഖവുമുണ്ടു് നാം അതു അറിയുന്നില്ല. സിന്ധുനദിക്കു സമീപം ആലിഫാഫെഡ് എന്ന പേർഷ്യാക്കാരൻ ജീവിച്ചിരുന്നു. ധാരാളം വസ്തുവകകളും പണവും അയാൾക്കുണ്ടായിരുന്നു. ധനവാനായിരുന്നതിനാൽ അയാൾ തൃപ്തനും, തൃപ്തനായിരുന്നതിനാൽ ധനവാനുമായിരുന്നു. രത്നം വിളയുന്ന വയലുകളെപ്പററി അയാൾ ഒരിക്കൽ കേട്ടു അന്നു അയാൾ അതൃപ്തനായി സമാധാനമില്ലാത്തവനായി രാത്രി കിടക്കയെ അഭയം പ്രാപിച്ചു. പിറേറദിവസം അയാൾ വസ്തുക്കൾ മുഴുവൻ വിററു യൂറോപ്പുരാജ്യം മുഴുവൻ രത്നംവിളയുന്ന വയൽ അന്വേഷിച്ചുനടന്നു. അയാൾ അതു കണ്ടില്ല. പണം മുഴുവൻ തീർന്നപ്പോൾ നിരാശനായി കടലിൽ ചാടി മരിച്ചു. ആലിഫാഫെഡ് വസ്തുക്കൾ വിററു കുറച്ചുദിവസം കഴിഞ്ഞപ്പോൾ പുതിയ ഉടമസ്ഥൻ രത്നംവിളയുന്ന സ്ഥലം അതിൽ കണ്ടു. ആലിഫാഫെഡ് തൻെറ സ്വന്തം സ്ഥലത്തു താമസിച്ചു തോട്ടം കുഴിച്ചുനോക്കിയിരുന്നെങ്കിൽ രത്നം കാണുമായിരുന്നു. ഇതുപോലെ പ്രകൃതിസൗന്ദര്യം ശില്പിക്കോ കലാകാരനോ കവികൾക്കോ നീക്കിവച്ചിരിക്കുന്ന ഒന്നല്ല. സമുദ്രങ്ങൾക്കപ്പുറത്തുള്ള സ്ഥലത്തല്ലാ, നാം ഈ സൗന്ദര്യം നോക്കേണ്ടതു്. പ്രകൃതി നമ്മുടെ സ്വന്തം മുററത്തായിരിക്കണം. എന്നാൽ ചിലക്കു മാത്രമേ അനുഭവവേദ്യമാകയുള്ളു.

പ്രകൃതിയും പ്രകൃതിനാഥനായ ദൈവവും തമ്മിലുള്ള ബന്ധത്തെപ്പററി അല്പം ചിന്തിക്കാം. പ്രകൃതിയെ പല വീക്ഷണകോണങ്ങളിൽക്കൂടി നമുക്കു ദർശിക്കാൻ സാധിക്കും. ഒരു കലാകാരൻെറ ദൃഷ്ടിയോടുകൂടി അതിനെ നോക്കുക. അപ്പോൾ അതിലെ പ്രകാശവും അന്ധകാരവും നിറങ്ങളും രൂപങ്ങളും എല്ലാം യോജിച്ചു പ്രവത്തിക്കുന്നതായി കാണപ്പെടും. ഒരു ശാസ്ത്രജ്ഞനെപ്പോലെ നിയമവും അളവും എല്ലാം കണക്കാക്കിയും പരിശോധിക്കാം. ഇതെല്ലാം നല്ലതാണു്. എന്നാൽ ഒരു പ്രായോഗികക്രിസ്ത്യാനിക്കു ഇതുകൊണ്ടോ നാം തൃപ്തനായാൽ പോരാ. അയാൾ പ്രകൃതിയെ വീക്ഷിക്കേണ്ടതു പ്രകൃതിയും പ്രകൃതിനാഥനായ മിശിഹായും തമ്മിലുള്ള ബന്ധത്തിലാണു്. പ്രകൃതിസൗന്ദര്യം ക്രിസ്ത്യാനികളായ നമ്മെ ക്രിസ്തുവിലേക്കു അടുപ്പിക്കണം. ചന്ദ്രപ്രകാശം കാണുമ്പോൾ വിടരുന്ന ആമ്പൽപുഷ്പവും സൂര്യരശ്മിയെ ആശ്ലേഷിച്ചു ചുംബിക്കുന്ന സൂര്യകാന്തിപുഷ്പവും കാണുമ്പോൾ നാം വിസ്മയഭരിതരാവുകമാത്രമാണോ ചെയ്യേണ്ടതു്. അതോ അതു നിർമ്മിച്ച സ്രഷ്ടാവിൻെറ പക്കലേക്കു നമ്മുടെ ദൃഷ്ടികളേയും ചിന്തകളേയും തിരിച്ചുവിട്ടു അവിടുത്തെ ആരാധിക്കുകയാണോ ചെയ്യേണ്ടതു്. വി. ആഗസ്തിനോസ് ഇപ്രകാരം പറയുന്നു: "സൃഷ്ടികൾ മുഖേന സ്രഷ്ടാവിനെ സ്നേഹിക്കാൻ പഠിക്കുക, പ്രവൃത്തികൾ കണ്ടുകൊണ്ടു് ആ വലിയ പ്രവത്തകനേയും സ്നേഹിക്കുക" എന്നു്. ഒരാൾ പ്രകൃതിയെപ്പററി എത്രമാത്രം പഠിക്കുന്നുവോ അത്രയും അധികമായി പ്രകൃതിയുടെ നാഥനെ സ്തുതിക്കുന്നതിനു് നിർബന്ധിതനായി അവൻ ഇപ്രകാരം വിളിച്ചുപറയും "ദൈവമേ, അവിടുന്നു സൃഷ്ടിച്ചതെല്ലാം മനോഹരങ്ങളാണു്; എന്നാൽ അതിനേക്കാൾ ആയിരംമടങ്ങു മനോഹരനാണു് അവയെല്ലാം സൃഷ്ടിച്ച അവിടുന്നു്."

ദൈവവുമായി ബന്ധപ്പെട്ട പ്രകൃതിയുടെ സൗന്ദര്യം നാം ആസ്വദിക്കുകയാണെങ്കിൽ അതു ഹൃദയത്തിനു ഭൗമികസുഖവും ആത്മാവിനു ശാന്തിയും നൽകും, എന്നാൽ ദൈവവിചാരമില്ലാത്തവനു പഞ്ഞിക്കുടിലിൻെറ തണലോ, അരുവിയുടെ തുള്ളിച്ചാട്ടമോ ആത്മശാന്തി നൽകുകയില്ല. സമാധാനരഹിതയായി, വിശ്രമരഹിതയായി കഴിയുന്ന പ്രകൃതിയിൽ മാത്രമായിട്ടു എപ്രകാരം മനുഷ്യൻ സമാധാനവും, വിശ്രമവും കണ്ടെത്തും. വെള്ളം എപ്പോഴും ഒഴുകുന്നു, ഭൂമി കുലുങ്ങുന്നു; പർവ്വതങ്ങൾ പിളരുന്നു, വിടരുന്ന പുഷ്പങ്ങൾ പെട്ടെന്നു മൃതിയടയുന്നു. എന്നാൽ ദൈവത്തോടു അനുബന്ധിച്ചുനോക്കുമ്പോൾ പ്രകൃതിയെ വേറെവിധത്തിൽ നാം ഓമ്മിക്കുന്നു. ഒരു പുഷ്പത്തിൻെറ നിറം ദൈവകരങ്ങൾകൊണ്ടു പെയിൻറുചെയ്തതാണെന്നു നാം ചിന്തിക്കുമ്പോൾ അതിനു കൂടുതൽ ശോഭ നമുക്കനുഭവപ്പെടുന്നു. ദൈവമാണു പുഷ്പത്തിനു ആകൃതിയും ഭംഗിയും കൊടുക്കുന്നതു്. തേനിച്ചയുടെ ഭക്ഷണമായ തേൻ പുഷ്പത്തിൽ ഒഴിക്കുന്നതും ദൈവമാണു്. സൂര്യനു് പ്രകാശവും ചൂടും, മിന്നാമിനുങ്ങിനു്, പ്രകാശവും കൊടുക്കുന്നതു് ദൈവമാണു്. ഭൂമിയെ ആവരണംചെയ്തിരിക്കുന്ന സൗന്ദര്യം മുഴുവൻ നമ്മോടു വിളിച്ചുപറയുന്നു ദൈവത്തിനു നമ്മോടുള്ള സ്നേഹം. ദൈവവിചാരത്തോടുകൂടി മനോഹരവസ്തുക്കളെ നാം നോക്കുകയാണെങ്കിൽ, ക്രിസ്തുവിൻെറ മുഖം കാണുന്നതിനു് വേറോനിക്കായുടെ തിരുശ്ശീല ആവശ്യമില്ല, ആ വസ്തുക്കൾതന്നെ ദൈവത്തെ കാണിച്ചുതരും. അപ്രകാരമെങ്കിൽ സ്വർഗ്ഗത്തെ, വൃക്ഷലതാദികളിലും; സൂര്യനക്ഷത്രാദികളിലുംക്കൂടി നാം കാണും. അപ്പോൾ കൃതജ്ഞതാഭരിതമായി നമ്മുടെ ഹൃദയം ദൈവത്തിങ്കലേക്കു് തിരിയുകയും ചെയ്യും.

## പരസ്പരസമ്പർക്കം തെററിദ്ധാരണകൾ നീക്കും

രണ്ടുവർഷക്കാലം ബാംഗളൂരിൽ താമസിച്ചു് അവിടത്തെ ഇന്ത്യൻ സയൻസ് ഇൻസ്റ്റിററ്യൂട്ടിലെ മൗലികരസതന്ത്രഗവേഷണത്തിനു ഒരു പുതിയ സിലബസ് തയാറാക്കാൻ സഹായിച്ചുകൊണ്ടിരുന്ന അമേരിക്കയിലെ സതേൺ കാലിഫോർണിയാ യൂണിവേഴ്സിററി കെമിസ്ട്രി പ്രൊഫസർമാരായ ഡോക്ടർ റോബർട്ടു് ഡി. വോൾഡും അദ്ദേഹത്തിൻെറ ഭാര്യ മിസ്സിസ് ഡോക്ടർ മേർജോറി വോൾഡും കാലിഫോർണിയായിൽ മടങ്ങിയെത്തിയശേഷം ഇന്ത്യാക്കാക്കു ശാസ്ത്രത്തോടും ശാസ്ത്രജ്ഞന്മാരോടുമുള്ള ബഹുമാനത്തേയും ഇന്ത്യയും അമേരിക്കയും തമ്മിൽ കൂടുതൽ സൗഹാർദ്ദം പുലത്തേണ്ടതിൻെറ ആശാസ്യതയേയും സംബന്ധിച്ചു് അവക്കുള്ള അഭിപ്രായം പ്രകടിപ്പിച്ചിരിക്കുന്നു: ഇന്ത്യാക്കാക്കു ശാസ്ത്രത്തോടും ശാസ്ത്രജ്ഞന്മാരോടും ഒരുപക്ഷെ അമേരിക്കാക്കാക്കുള്ളതിൽ കൂടുതലായ ബഹുമാനവും മതിപ്പുമുണ്ടു്.

ക്രിസ്തുവിനെപ്രതി നാം ദരിദ്രരാകുന്നതു നല്ലതാണു്. ക്രിസ്തു നിസ്വനായി ജനിച്ചതുകൊണ്ടു സമ്പത്തും പ്രതാപവുമെല്ലാം മനുഷ്യനുമതിയെന്ന ചിന്താഗതി ശരിയല്ല. "കർത്താവേ, അങ്ങേ ഭവനത്തിൻെറ സൗന്ദര്യത്തെ ഞാൻ സ്നേഹിക്കുന്നു" എന്നു രാജ ദീർഘദർശിയായ ദാവീദു പാടുന്നു. തങ്ങൾക്കുള്ളതിൽ അത്യുത്തമമായതു ദൈവത്തിനു സമർപ്പിക്കുവാനാണു കത്തോലിക്കർ ആഗ്രഹിക്കുന്നതു്. ദൈവത്തിൻെറ മഹത്വത്തോടു തുലനം ചെയ്യുമ്പോൾ അതു തീരെ നിസ്സാരമായിരിക്കാം; പക്ഷെ അതുകൊണ്ടു അതു വേണ്ടായെന്നു വരുന്നില്ല.

180. ചോ: ശുദ്ധീകരണസ്ഥലത്തിൽ കിടക്കുന്ന ഒരാൾ അയാളുടെ കുടുംബത്തിലേയോ നാട്ടിലേയോ ഏതെങ്കിലും കാര്യങ്ങൾ അറിയുന്നുണ്ടോ? അയാൾക്കുവേണ്ടി ആരെങ്കിലും എന്തെങ്കിലും പുണ്യപ്രവൃത്തികൾ ചെയ്യുകയോ ചെയ്യിക്കുകയോ ചെയ്താൽ അതു് ഇന്നയാളാണു ചെയ്തതെന്നു അറിയാമോ? (പി. എസ്. എഫ്. പൈങ്ങട്ടൂർ)

ഉ: ശുദ്ധീകരണസ്ഥലത്തിൽ കിടക്കുന്ന ആത്മാവുകൾ അവിടെനിന്നും സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ തങ്ങൾക്കുവേണ്ടി പുണ്യപ്രവൃത്തികൾ ചെയ്തതാരെന്നു മനസ്സിലാക്കുമെന്നുള്ളതു തീർച്ച. ദൈവം വെളിപ്പെടുത്തുവാൻ തിരുമനസ്സാകുന്നപക്ഷം ശുദ്ധീകരണസ്ഥലത്തിൽ കിടക്കുമ്പോൾതന്നെ, അവക്കു തങ്ങളുടെ ഉപകാരികൾ ആരെന്നു ഗ്രഹിക്കുവാൻ സാധിക്കുന്നതാണു്. മനുഷ്യർ ചെയ്യുന്ന പുണ്യപ്രവൃത്തികൾമൂലം തങ്ങൾക്കു സംസിദ്ധമാകുന്ന ദുരിതാശ്വാസം അവക്കു അനുഭവവേദ്യമാണു്. എന്നാൽ തങ്ങൾക്കുവേണ്ടി ആരാണു പുണ്യപ്രവൃത്തികൾ ചെയ്യുന്നതെന്നു സാധാരണഗതിയിൽ അവർ അറിയുന്നില്ല. വസ്തുതകൾ ഗ്രഹിക്കുന്നതിനു നമ്മെ സഹായിക്കുന്ന സാധാരണോപാധിയായ പഞ്ചേന്ദ്രിയങ്ങളുമായുള്ള സമ്പക്കത്തിൽനിന്നു് അവർ വേർപെടുത്തപ്പെട്ടിരിക്കുകയാണല്ലോ. എന്നാൽ ദൈവദർശനവും ആ ദർശനംമൂലം സംസിദ്ധമാകുന്ന വിജ്ഞാനപൂർണ്ണതയും അവക്കിനിയും സംപ്രാപ്തമായിട്ടുമില്ല. അതിനാൽ സാധാരണഗതിയിൽ ശുദ്ധീകരണസ്ഥലത്തിൽ കിടക്കുന്നവക്കു തങ്ങളുടെ കുടുംബത്തിലേയോ നാട്ടിലേയോ കാര്യങ്ങൾ അറിയുക സാദ്ധ്യമല്ല. എന്നാൽ ഏതെങ്കിലും സംഗതി അവരെ ഗ്രഹിപ്പിക്കണമെന്നു്, തങ്ങളുടെ ഏതെങ്കിലും ഉപകാരികളുടെ കാര്യം അവരെ അറിയിക്കണമെന്നു്, ദൈവം തിരുമനസ്സാകുന്നപക്ഷം അതു അവക്കു അറിയാൻ സാധിക്കും. പക്ഷെ ഈ അറിവിനു വലിയ പ്രസക്തിയില്ല. തങ്ങൾക്കു ലഭിക്കുന്ന ദുരിതാശ്വാസത്തിൽ നിന്നും ആരെങ്കിലും തങ്ങൾക്കുവേണ്ടി പ്രാത്ഥിക്കുന്നുണ്ടെന്നു് അവക്കു ഗ്രഹിക്കുവാൻകഴിയും. അത്തരം ഉപകാരികൾ അജ്ഞാതരാണെങ്കിൽതന്നെ അവക്കുവേണ്ടി ആ ആത്മാക്കൾ കൃതജ്ഞതാപൂർവ്വം പ്രാത്ഥിക്കാതിരിക്കയില്ല. നിർഭാഗ്യരായ ആ ആത്മാക്കൾക്കുവേണ്ടി ഈ ലോകത്തിൽ പ്രാർത്ഥിക്കുന്നതാരാണെന്നു ദൈവത്തിനു അറിയാമല്ലോ. അതുമതി.

181. ചോ: വെഞ്ചരിപ്പു് എന്നതിൻെറ അർത്ഥമെന്തു്? അതിൻെറ ഉദ്ദേശ്യവും ആവശ്യവുമെന്തു്?

(എസ്. കെ. എം. കാഞ്ഞൂർ)

ഉ: ആശീർവ്വദിക്കുക, ശുദ്ധീകരിക്കുക എന്ന അത്ഥത്തിലാണു് ആ പദം നാം ഉപയോഗിക്കുന്നതു്. വെഞ്ചരിക്കുന്ന വസ്തുവിലേക്കോ, സ്ഥലത്തേക്കോ ദൈവത്തിൻെറ പ്രത്യേകമായ അനുഗ്രഹം പ്രാർത്ഥിക്കുകയാണു് അതുമൂലം ചെയ്യുന്നതു്. അതൊരു നല്ല കാര്യമാണെന്നുള്ളതു സ്പഷ്ടമാണല്ലോ. ദൈവത്തിൻെറ അനുഗ്രഹം എത്രമാത്രം ആവശ്യവും അനുപേക്ഷണീയവുമാണെന്നു് ഓരോ കത്തോലിക്കനുമറിയാം. നമുക്കു താമസിക്കുവാൻ ഒരു വീടു ലഭിക്കുകയെന്നതുതന്നെ ദൈവത്തിൻെറ ഒരു അനുഗ്രഹമാണു്; നാം താമസിക്കുന്ന ആ വീട്ടിൽ ദൈവത്തിൻെറ കൂടുതലായ അനുഗ്രഹമുണ്ടാകണമെന്നു പ്രാർത്ഥിക്കുന്നതു തീർച്ചയായും ഒരു നല്ല കാര്യമായിരിക്കുന്നു. വിശുദ്ധ പൗലോസ് പറയുന്നതു നോക്കുക: "സ്തോത്രത്തോടുകൂടി സ്വീകരിക്കപ്പെടുന്നെങ്കിൽ വെറുക്കത്തക്കതായി ഒന്നുമില്ല. ദൈവത്തിൻെറ വചനത്താലും പ്രാർത്ഥനയാലും അതു ശുദ്ധീകരിക്കപ്പെടുന്നുവല്ലോ" (I തിമോ: IV 4—5) വല്ല സാധനവും പിശാചിൻെറ അധികാരത്തിനു അധീനമായിട്ടുണ്ടെങ്കിൽ, ആശീർവ്വാദം ജപങ്ങൾ ഇവമൂലം അവ അവൻെറ അധികാരത്തിൽനിന്നു വിമുക്തവും പരിശുദ്ധവുമായിത്തീരുന്നുവെന്നു് അപ്പസ്തോലൻെറ ഈ വാക്കുകൾ നമ്മെ പഠിപ്പിക്കുന്നു.


തൈക്കാട്ടു് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ചു്: ആലുവാ റെയിൽവെസ്റ്റേഷൻസമീപം
എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു ചികിൽസ നിശ്ചയിക്കുന്നതുമാണു്.

ആഖ്യായിക

## ബറാബാസ്



അദ്ധ്യായം 26 (തുടർച്ച)

### ദ്വേഷത്തിൻ ദൂതൻ

(വി. സി. ജോർജ്ജ് ബി. എ. എൽ. റ്റി.)

ഒരു ക്ഷണനേരത്തേക്ക് ഈ വാക്കുകൾ ബറാബാസിന്റെ മനസ്സിനെ വട്ടം കറക്കിക്കൊണ്ടിരുന്നു. ഇവക്കെല്ലാം ഭ്രാന്തുപിടിച്ചുവോ? മരിച്ചു ഒരുവൻ വീണ്ടും ജീവനോടുകൂടി വർത്തിക്കുന്നതായി വല്ലവരും കേട്ടിട്ടുണ്ടോ? ഓ, ഉണ്ടല്ലോ; തന്റെ മുമ്പിൽ നിൽക്കുന്ന ലാസറസ മരിച്ചുകഴിഞ്ഞിട്ട് നസ്രായൻ ഏതോ മായാപ്രയോഗം കൊണ്ട് അയാൾക്ക് ജീവൻ നൽകുകയുണ്ടായി. എന്നിരുന്നാലും മരിച്ചു ഒരാൾ സ്വയം പുനർജ്ജീവിപ്പിക്കുന്നതെങ്ങനെയെന്ന് മനസ്സിലാകുന്നില്ല വിശ്വാസമില്ലായ്മ അയാളുടെ മുഖത്ത് പ്രതിബിംബിച്ചു. ഈ പുനരുത്ഥാനം സംബന്ധിച്ച യുക്തിഭംഗം ആലോചിച്ച് അയാൾ മന്ദഹസിച്ചു.

“താൻ ഞങ്ങൾ പറയുന്നത് വിശ്വസിക്കുന്നില്ലല്ലോ. ഞാൻ ഖണ്ഡിച്ചുപറയുകയാണ് ഞാൻ അദ്ദേഹത്തെ കണ്ടു, അദ്ദേഹം എന്നോടു സംസാരിക്കുകയും ചെയ്തു. അദ്ദേഹം സാക്ഷാൽ ദൈവപുത്രനും ലോകരക്ഷകനും ആകുന്നതുകൊണ്ടിങ്ങനെ സംഭവിച്ചു.” മറിയം പ്രസ്താവിച്ചു.

ഇങ്ങനെ സംഭാഷണം നടന്നുകൊണ്ടിരിക്കുകയിൽ എസ്രായുടെ കാര്യത്തിൽ ആരും ശ്രദ്ധിച്ചില്ല. എങ്കിലും താൻ സംസാരിച്ചുകഴിഞ്ഞപ്പോൾ എസ്രായുടെ കണ്ണു തുറക്കുന്നതായും ഐഹികമല്ലാത്ത ഒരു ശോഭ അയാളുടെ മുഖത്ത് വ്യാപിക്കുന്നതായും മറിയം കണ്ടു. അയാളുടെ അധരങ്ങൾ മൃദുസ്വരത്തിൽ “ദൈവപുത്രനായ ഈശോയേ, എന്റെ മേൽ ദയയുണ്ടാകേണമെ” എന്നുച്ചരിക്കുകയുമുണ്ടായി അനന്തരം എസ്രായുടെ കണ്ണുകൾ വീണ്ടും അടഞ്ഞു; സുഭഗമായ പ്രശാന്തതയുടെ പ്രകാശം അയാളുടെ മുഖത്തു തുടന്നു.

“രക്ഷയുടെ ദൗത്യം ഇയാൾ സ്വീകരിച്ച് ഹൃദിസ്ഥമാക്കി കത്താവിനു സ്തുതി. നോക്കൂ, ഗാഢനിദ്രയിൽപെട്ടവനെപ്പോലെ അത്യധികം പ്രശാന്തനായി അയാൾ അതാ കിടക്കുന്നു.” മറിയം സ്വസഹോദരനോടു പറഞ്ഞു.

എസ്രായുടെ ആ വാക്യം ബറാബാസും കേട്ടു. അയാളുടെ മുഖത്ത് ഭീകരമായ ഒരു വികൃതിയായിരുന്നു ഫലം.

“ബറാബാസ്”, നിങ്ങൾ എന്റെ ചോദ്യത്തിനുത്തരം പറഞ്ഞില്ല. ഞങ്ങളോടുകൂടെ വരുന്നോയെന്ന് ഞാൻ ചോദിച്ചല്ലോ” ജോസഫ് സംഭാഷണം തുടന്നു.

“ഞാൻ വരുന്നില്ല. അരിമത്യൻ ജോസഫെ, ഞാനും താനും തമ്മിൽ കൂട്ടുകെട്ടൊന്നിനും വകയില്ലാ.”

“ഏറ്റം വലിയ ഒരനുഗ്രഹം താൻ വലിച്ചെറിയുകയാണ്. അദ്ദേഹത്തെ കാണാൻ സാധിക്കും ഞങ്ങളോടുകൂടെ പോന്നാൽ” മറിയം പറഞ്ഞു.

ഇതു കേട്ടപ്പോൾ ബറാബാസ് ഭീകരമായി പൊട്ടിച്ചിരിച്ചു. ആ ചിരി കുറ്റിക്കാട്ടിൽനിന്ന് പ്രതിദ്ധ്വനിച്ചു. അയാൾ മോഹോപഹതനായി കാണപ്പെട്ടു അയാളിൽ കുടികൊണ്ട അവിശ്വാസവും വിദ്വേഷവും ഹൃദയകാഠിന്യവും എല്ലാം പൊട്ടിപ്പുറപ്പെട്ട് ഒരു ഹർഷബാധയായി പരിണമിച്ചോയെന്നു തോന്നുമാറ് അയാൾ ലക്കില്ലാതെ, ഭ്രാന്തനെപ്പോലെ നിറുത്തുകൂടാതെ ഉറക്കെ ചിരിച്ചുകൊണ്ടിരുന്നു.

ആ രംഗം ഏതാണ്ട് അവസാനിച്ചുകഴിഞ്ഞപ്പോൾ അയാൾ അലറി; “ഭോഷർ, ഭോഷർ, എല്ലാം ആനമണ്ടർ തന്നെ. പുനരുത്ഥാനം ചെയ്തുപോലും. നിങ്ങളെ പ്രതീക്ഷിച്ചു ഗലീലിയിൽ കഴിയുന്നു. ആയിരക്കണക്കിനനുയായികളുണ്ടായിരുന്നിട്ടും ശത്രുക്കളിൽനിന്ന് സ്വയം രക്ഷിക്കുവാൻ കഴിയാതിരുന്നദുർബ്ബലൻ” അനന്തരം അയാൾ എസ്രായെ നോക്കി. എസ്രായുടെ അവസാനം അടുത്തുവെന്ന് അരിമത്യൻ ജോസഫ് ചിന്തിച്ചു. എസ്രാ ഞരങ്ങിക്കൊണ്ട് കരങ്ങൾ ഇരുവശത്തേക്കും നീട്ടി. അയാളുടെ കണ്ണുകൾ തുറന്ന് അയാൾ ബറാബാസിനെ തുറിച്ചുനോക്കുകയായിരുന്നു. അയാളുടെ ശ്വാസവേഗം വർദ്ധിച്ചു. രക്തമയമായ നുര വായിൽ കാണപ്പെട്ടു.

ബറാബാസ് അയാളുടെ കൈത്തണ്ട് കൈയിലെടുത്തു. “എസ്രാ, എന്റെ സ്നേഹിതാ ഞാനെന്തെങ്കിലും തനിക്കുവേണ്ടി ചെയ്യേണ്ടതായിട്ടുണ്ടോ?” എന്നു സഹതാപപൂർവ്വം ചോദിച്ചു

മൃത്യുവക്ത്രത്തിൽപെട്ടുഴലുന്ന എസ്രാ സ്നിഗ്ദ്ധതയോടുകൂടി ബറാബാസിനെ നോക്കി ശോകസാന്ദ്രമായ മന്ദഹാസത്തിന്റെ ദീപ്തി ശോണിതമണിഞ്ഞ അയാളുടെ അധരങ്ങളിൽ തിളങ്ങുന്നുണ്ടായിരുന്നു

“ഉപകാരം ബറാബാസ്”, ഞാൻ ഇതാ പോകുന്നു. ഞാൻ അദ്ദേഹത്തിന്റെ പക്കലേക്കു പോകുന്നു. എന്നെ വിശ്വസിച്ചാലും. അദ്ദേഹം ജീവിക്കുകതന്നെ ചെയ്യുന്നു. അതേ, സ്നേഹം ദ്വേഷത്തേക്കാൾ ശക്തികൂടിയതാണ്.” എസ്രായുടെ ശരീരം ആപാദചൂഡം ഒന്നിളകി. കണ്ണുകൾ മിഴിച്ചു കാചപ്രായമായി. എസ്രാ മരിച്ചു. പാരത്രികപ്രകാശം അയാളുടെ മുഖത്തു വീശി.

നമ്രശിരസ്കരായി, മൂകപ്രാർത്ഥനയിൽ ആണ്ട് അരിമത്യൻ ജോസഫും സഹയാത്രികരും മൃതശരീരത്തിനു ചുറ്റും നിലകൊണ്ടു. “ഇയാളെ സംസ്കരിക്കുന്നതിന് ഒരു സ്ഥലം നമുക്കു കണ്ടുപിടിക്കാം ആ ചടങ്ങ് ഏകാകിയായി നിർവ്വഹിക്കുവാൻ നിങ്ങൾക്ക് ബലമില്ലല്ലോ” എന്നിങ്ങനെ ജോസഫ് ബറാബാസിനോടു പറഞ്ഞു.

ബറാബാസ് എസ്രായുടെ ശരീരത്തോടടുത്തുനിന്ന് അയാളുടെ കിളരം മുഴുവനും പ്രകടിപ്പിക്കുന്ന ഭാവം കണ്ടു. പണ്ടെങ്ങുമുണ്ടായിട്ടില്ലാത്തവിധം ഭീമാകാരനായി അയാൾ പ്രത്യക്ഷനായി. അയാളുടെ പൂർവ്വകാലത്തെ കായബലവും, ബഹുജനങ്ങളുടെ ആരാധനാവിഷയമായി, യൂദിയായിൽ അങ്ങിങ്ങോളം അനേകായിരങ്ങളുടെ ഭീതിക്ക് ഹേതുവായി അയാൾ കഴിഞ്ഞ ഘട്ടത്തിലെ പരാക്രമബുദ്ധിയും അയാൾക്ക് തിരിച്ചുകിട്ടിയവിധം അനുഭവപ്പെട്ടു. എസ്രായുടെ ശരീരത്തെ ഏതൊരു ശത്രുവിൽനിന്നും രക്ഷിക്കുവാനാഞ്ഞെടുത്ത രീതിയിൽ ബറാബാസ് അവിടെ നിലയുറപ്പിച്ചപ്പോൾ അയാളുടെ നയനങ്ങളിൽ കോപവിദ്വേഷാഗ്നി കത്തിക്കാളുന്നുണ്ടായിരുന്നു. ശ്രോതാക്കളുടെ ആ ലഘുവൃത്തത്തിനപ്പുറം കേൾക്കത്തക്കവിധം ശബ്ദമുയർത്തി അയാൾ സംസാരിച്ചു: “അരിമത്യൻ ജോസഫെ. കേൾക്കൂ, ഞാൻ തനിയെ എസ്രായെ സംസ്കരിക്കുവാൻകഴിയാത്തവിധം എന്റെ ശക്തി ക്ഷയിച്ചിട്ടില്ല. അയാൾ എന്റെ ഉറ്റമിത്രമായിരുന്നു. പോരെങ്കിൽ അയാൾ എന്നെച്ചൊല്ലി മരിക്കുകയും ചെയ്തു. എന്നാൽ ഒന്നുപറഞ്ഞേക്കാം. ഇയാളുടെ മരണത്തിനുത്തരവാദി നിങ്ങളുടെ നസ്രായൻ ആണ്. സ്നേഹം സംബന്ധിച്ച അയാളുടെ കൂടതന്ത്രത്തിൽ വിശ്വസിക്കുന്ന സകലരുടേയും മരണത്തിനുത്തരവാദി അയാൾ ആയിരിക്കുകയും ചെയ്യും. സ്നേഹം? സ്നേഹത്തിന്റെ ഫലം പീഡയും മരണവുമാണെന്നു നിങ്ങൾ കാണുന്നില്ലേ? ഞാൻ സ്നേഹത്തിൽനിന്നന്യനായിരുന്നുവെന്നാണോ നിങ്ങളുടെ വിചാരം? ഞാൻ എന്റെ മാതാവിനെ സ്നേഹിച്ചു. ആ മാതാവാകട്ടെ പരിത്യക്തയായി മരിച്ചു ഞാൻ ഒരു സ്ത്രീയെ സ്നേഹിച്ചു. എന്റെ സ്നേഹംമൂലം അവൾ ചരമം വരിച്ചു. ഞാൻ എസ്രായെ സ്നേഹിച്ചു. അയാൾ എനിക്കുവേണ്ടി ജീവൻ വെടിഞ്ഞു. മനുഷ്യർ സ്നേഹിക്കുന്നുണ്ട്. എന്തിനെന്നാണ് ഞാൻ ചോദിക്കുന്നത്? വേദന അനുഭവിക്കുവാൻമാത്രം! സ്നേഹം എവിടേക്കു നയിക്കുന്നുവെന്ന് ഇനിയും നിങ്ങൾ കാണുന്നില്ലേ? ആ കുരിശിൽതൂങ്ങിമരിച്ച ആ മനുഷ്യൻ അതു നിങ്ങൾക്ക് കാണിച്ചുതന്നില്ലേ? ജോസഫെ, ഞാൻ ബലക്ഷയത്തിൽനിന്ന് മോചനം പ്രാപിച്ചിരിക്കുകയാണ്. കാരണം ഞാൻ വിദ്വേഷവും ദ്രോഹവും പ്രസംഗിക്കുന്നതുതന്നെ. ഇവയെന്നും ഭൂമുഖത്ത്, സ്നേഹത്തേക്കാൾ ബലംകൂടിയവയായിരിക്കും. ഈ ദേശത്തെ സംബന്ധിച്ചിടത്തോളം എന്റെ കൺമുമ്പിൽ കാണുവാനുള്ളതെന്തെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എന്നാൽ ഞാൻ വിതച്ച വിത്തുകൾ മുളച്ചുവളരുമെന്നും, വിദ്വേഷം സകല മനുഷ്യാത്മാക്കളെയും ഗ്രസിച്ചിട്ട് അതിന്റെ മാർഗ്ഗത്തിൽ എതിരിട്ടുനിൽക്കുവാൻ ആർക്കും കഴിയാത്തവിധം വിളയാടുന്ന ഒരു കാലം വരുമെന്നും എനിക്കറിയാം നിങ്ങളുടെ നസ്രായൻ സ്നേഹം ഉപദേശിച്ചു, അയാൾ മരിച്ചു. ദ്വേഷം ഉപദേശിക്കുന്ന ഞാനൊ സജീവനായി കഴിയുന്നു. ഈ ലോകരംഗത്ത് ദ്വേഷം സ്നേഹത്തെ സദാ അതിജീവിക്കും. ദ്വേഷം സ്നേഹത്തേക്കാൾ ശക്തികൂടിയതാണ്; ദ്രോഹം സുകൃതത്തേക്കാളും ഞാനും നസ്രായനും തമ്മിലുള്ള സമരം മൂത്തുകഴിഞ്ഞു. ഞങ്ങൾ തമ്മിൽ ഒരു സമീപനം ഒരിക്കലും സാദ്ധ്യമല്ല. ഇനി നിങ്ങൾ പോകേണ്ടതായ വഴിയേ പോകൂ, എന്നേയും എന്റെ മൃതനേയും വിട്ടുംവച്ചു.”

പ്രതികാരപ്പുഴയുടെ ഈ ഭയങ്കരപ്രവാഹം അരിമത്യൻ ജോസഫിനെ അമ്പരപ്പിക്കുകതന്നെ ചെയ്തു. ലാസറസും, മറിയവും, മറ്റുള്ളവരും കിംകർത്തവ്യതാമൂഢരായി തറയിൽ വേരുറച്ച സമ്പ്രദായത്തിൽ നിൽക്കുകയായിരുന്നു. അനന്തരം ജോസഫ് ആംഗ്യം നൽകിയിട്ട് മെല്ലെ അവിടെനിന്നു നീങ്ങി. മറ്റുള്ളവർ അദ്ദേഹത്തെ അനുഗമിച്ചു. പെട്ടെന്ന് ആ ചെറുസംഘം ഉത്തരാഭിമുഖമായി അപ്രത്യക്ഷീഭവിച്ചു

അല്പനേരം ബറാബാസ് അവരുടെനേരെ കണ്ണോടിച്ച് നിശ്ചലനായി കഴിഞ്ഞു. പിന്നത്തെ ജോലി എസ്രായെ സംസ്കരിക്കുവാൻ സ്ഥലം കണ്ടുപിടിക്കുകയായിരുന്നു. കുറ്റിക്കാട്ടിലേക്കു കടന്നുനോക്കിയപ്പോൾ അവിടെ പുതിയതായി കുഴിച്ച ഒരു കിടങ്ങു കാണപ്പെട്ടു. അതു ബറാബാസിനെ ഉദ്ദേശിച്ചു നിർമ്മിച്ചതായിരുന്നുവെന്ന് അയാൾക്കു തോന്നി. മൃതശരീരം അതിനു സമീപം ആനയിച്ച് എസ്രായുടെ സംസ്കാരകർമ്മം ബറാബാസ് നിർവ്വഹിക്കുവാനുദ്യമിച്ചു. എസ്രായുടെ ദൃഷ്ടി വിശുദ്ധനഗരത്തിലേക്കു തിരിഞ്ഞിരിക്കാതെ ഉത്തരദേശം നോക്കുന്ന രീതിയിലാണ് മുൻവിചാരത്തോടുകൂടിയല്ലെങ്കിലും ബറാബാസ് മൃതശരീരം നിക്ഷേപിച്ചതു്. എസ്രായുടെ അന്തിമാശ്രയം ജറുസലേമിലോ അവിടത്തെ ദേവാലയത്തിലോ ആയിരുന്നില്ല അപ്പോൾ ഗലീലിയിൽ വിശ്രമിക്കുന്ന പുനരുത്ഥിതനായ രക്ഷകനിൽ ആയിരുന്നു എന്ന വിചാരം ബറാബാസിൽ സ്ഫുരിച്ചു എസ്രായുടെ കണ്ണുകൾകൂട്ടി കുഴിയിലാക്കി മണ്ണിട്ടു മൂടിയിട്ട് വന്യമൃഗങ്ങളിൽനിന്ന് ശരീരത്തെ രക്ഷിക്കുവാൻ ഏതാനും കല്ലുകൾ കഴിക്കുമിതെ അടുക്കുകയായിരുന്നു ബറാബാസിന്റെ അടുത്ത കൃത്യം. അയാളുടെ ശരീരസ്ഥിതി ഇതിനെ ആയാസകരമായ ഒരു ജോലിയാക്കിത്തീർത്തു. സ്നേഹിതന്റെ സംസ്കാരചയം ശരിപ്പെടുത്തി സ്ഥലംവിടുവാൻ ഇരുട്ടായതോടുകൂടിയേ ബറാബാസിനു സാധിച്ചുള്ളു. അനന്തരം കുഴിമാടത്തിന്റെ തലയ്ക്കൽ ഇരുന്നിട്ട് ദുഃഖസൂചകമായി ബറാബാസ് തല ശീലകൊണ്ടു മൂടി, “സ്നേഹം ദ്വേഷത്തേക്കാൾ ശക്തികൂടിയതാണ്...” എസ്രായുടെ ഈ അന്തിമവാക്കുകൾ വീണ്ടും വീണ്ടും ബറാബാസിന്റെ ഹൃത്തടത്തിൽ മാറ്റൊലിക്കൊണ്ടു അയാളുടെ ചിന്താഗതി അതിനെത്തുടർന്നിങ്ങനെ തിരിഞ്ഞു: “പാവം! എസ്രാ, എന്നോടുള്ള സ്നേഹംകൊണ്ട് തനിക്കെന്തുമാത്രം കഷ്ടനഷ്ടങ്ങൾ! നസ്രായൻ ഈശോ എന്നെയും സ്നേഹിച്ചുവെന്നതു വാസ്തവമാണെങ്കിൽ ആ സ്നേഹം മൂലവും അദ്ദേഹം കഷ്ടപ്പെട്ടില്ലേ?”

ബറാബാസ് സ്വകീയജീവിതം മുഴുവനും കൺമുമ്പാകെ കണ്ടു, ഉന്മേഷരഹിതമായ യൗവനദശ. ശോഭനമല്ലാതിരുന്ന പ്രണയബന്ധം, വൃദ്ധപ്രായമായപ്പോഴനുഭവപ്പെട്ട പീഡകളും നിരാശകളും. എത്രയെത്ര വാതിലിലാണ് താൻ ഫലമില്ലാതെ മുട്ടേണ്ടിവന്നതു്? എത്രപ്രാവശ്യം ധിക്കൃതനായി. എത്രപ്രാവശ്യം തന്റെ ജാതിനിമിത്തം അവഹേളിതനായി. തന്റെ കായബലത്തിൽ അഭിമാനംകൊണ്ട് മറ്റുള്ളവർ തനിക്കു നൽകാതിരുന്നവയെ താൻ ബലംപ്രയോഗിച്ചു സ്വായത്തമാക്കിത്തുടങ്ങിയതുമുതലാണ് താൻ സാക്ഷാൽ മനുഷ്യനായിത്തീർന്നതെന്നു ബറാബാസ് സമ്മതിച്ചു. പ്രതാപത്തിനുവേണ്ടിയുള്ള വന്മോഹം തന്നെ മുമ്പോട്ടു തള്ളിവിട്ടതുമുതല്ലാണ് താൻ സൗഭാഗ്യം എന്തെന്നറിയുവാനിടയായതെന്നും അയാൾ ആലോചിച്ചു. കയ്യൂക്കിലും ദ്രോഹാസക്തിയിലും മാത്രമേ ആനന്ദമുള്ളു; ശക്തിയിൽ മാത്രമേ

# അമ്മയും മകനും

(പൊൻകുന്നം തോമസ്)

(കേക)

അമ്മതൻ മടിത്തട്ടിൽ, തുമന്ദഹാസാഞ്ചിത-
നമ്മണിക്കുട്ടൻ, കൊച്ചുകോമളൻ ലസിക്കുന്നു!
നന്മയാം ജീവാമൃതധാരയിൽ സമ്മോഹന-
“ജന്മസൗഹൃദം” നൽകും നന്ദനൻ വിളങ്ങുന്നു!!...
നിർമ്മലരൂപംപൂണ്ട നവ്യമാം രത്നോപമം
കമ്രമാം മുഖാംബുജം താവകം മനോഹരം,
പൊന്മലർ ദലങ്ങളിൽ കാണ്മതാം വർണ്ണങ്ങളോ
നിന്നിളം കപോലങ്ങൾ പൂശിടും പ്രഭാപൂരം;
ചിന്മയപ്രഭാവത്തിൻ നിസ്തുലപ്രതീകമായ്
മിന്നിടും സനാതന “ശാന്തി”തൻ സാക്ഷാൽക്കാരം;
മർത്ത്യനെ പ്രപഞ്ചത്തിൻ ശക്തിയിലൊതുക്കുന്ന
നിത്യനാം ജഗദീശ—“സ്നേഹമാണിതിൻ സാരം”!

പൂങ്കുയിൽ പാടും പുത്തൻവാടിയിൽ വിടർന്നാടി
മങ്കമാർക്കിമ്പം നൽകും പൊന്നലർക്കൂട്ടങ്ങളേ!
അങ്കണവൃന്ദങ്ങളിലമ്മതൻ “കളിക്കുട്ടി”
കിങ്കിണികിലുക്കിത്തുള്ളി നില്പതു കാണുന്നില്ലേ?...
തിങ്കളിൻ ശ്വേതാഭയാൽ കണ്ണുകൾ ചിമ്മി, “പ്രേമം”
തങ്കിടും ദളംകാട്ടുമാമ്പലിൻ സുമങ്ങളേ,
ശ്യാമളനൈശാകാശവീഥിയിൽ തിളങ്ങുന്ന
കോമളാകൃതമാകും താരകാഗണങ്ങളേ,
സപ്തമാം വർണ്ണാങ്കിത മഞ്ജീരപിഞ്ഛം ചൂടി
സുന്ദരനൃത്തംചെയ്യും മായൂരവൃന്ദങ്ങളേ,
ഫുല്ലമാംതളിർതിങ്ങും മാലതിമല്ലി വല്ലി-
തുല്യനാം കുമാരനെ കണ്ടുവോ നിങ്ങൾ മുന്നിൽ?
സല്ലീലലാലസ്യനായ്-ആനന്ദനിർല്ലീനനായ്
സ്വർല്ലോകമേവം മണ്ണിൽ നിർമ്മിക്കുമാബാലകൻ,
അല്ലലിൻ മായാബന്ധം മാറ്റുവാൻ, മാതാവിനു
കല്യമാം സൗഖ്യം നേടുമോമനക്കിനാവല്ലോ!

അമ്മയോ തൽ പുത്രന്റെ പേലവഹസ്തങ്ങളിൽ
മെല്ലവേ പിടിച്ചിട്ടുണ്ടേകനായ്പോകും നേരം;
“ഓമനേ! വീഴല്ലെ നീ, കാലുകൾ തട്ടിയെങ്ങും”
ആ മധുവാണിയവൾ ചൊല്ലിടുന്നപ്പോഴപ്പോൾ.
തൻസുതൻ വളന്നൊരു കീർത്തിമാനായിത്തുംഗ-
നിലയിലെത്തിടുന്ന ഭാസുരദിനങ്ങളിൽ
സർവ്വസങ്കടങ്ങളും, ജീവിതക്ലേശങ്ങളും
തീർക്കുമാനവളാഹാ! കാത്തുകാത്തിരിക്കുന്നു!
നീണ്ടുനീണ്ടണയുന്ന ഭാവിതൻ സ്വപ്നങ്ങൾക്കു
ജീവനും പ്രകാശവും നൽകു നീ, പൂമ്പൈതലേ.
മർത്ത്യരാം തനയരെ സന്തതം പാലിക്കുന്ന
പ്രപഞ്ചജനനിതൻ സ്നേഹവായ്പാരു കണ്ടു?

# കുടുംബജീവിതം

(തോമസ് കെ. തോട്ടുങ്കൽ)

മാതാപിതാക്കളും സന്താനങ്ങളും അടുത്തബന്ധുക്കളും ചേർന്നതാണല്ലോ കുടുംബം. അനേകം കുടുംബങ്ങൾ ചേർന്നതാണ് മനുഷ്യസമുദായം. സമുദായത്തിന്റെ പൊതുവായ മേന്മ ഓരോ കുടുംബത്തിന്റേയും മേന്മയെ ആശ്രയിച്ചിരിക്കുന്നു. കുടുംബങ്ങളുടെ പരസ്പരസ്നേഹവും, സഹകരണവും മൂലമാണ് സമുദായത്തിലും, രാഷ്ട്രത്തിലും ഐക്യവും, സമാധാനവും സ്ഥാപിതമാകേണ്ടതു്. ഇന്നു സമുദായത്തിലും രാഷ്ട്രങ്ങളിലും കാണുന്ന അനൈക്യത്തിനും അസമാധാനത്തിനും മൂലകാരണം കുടുംബജീവിതത്തിലെ വൈകല്യമാണെന്നുള്ളതു് സ്പഷ്ടമാണ്.

ഒരു കുടുംബം ഒരു ചെറിയ സമുദായം അഥവാ രാഷ്ട്രമാണെന്നു പറയുന്നതിൽ തെറ്റില്ല. പിതാവിനാണു കുടുംബത്തിന്റെ പൂർണ്ണമായ ഭരണാധികാരം. അധികാരത്തിനും, സമുന്നതസ്ഥാനത്തിനും അനുസരിച്ച് അദ്ദേഹത്തിന്റെ ചുമതലകളും വലുതാണ്. കുടുംബാംഗങ്ങളുടെസംരക്ഷണഭാരം മുഴുവൻ അദ്ദേഹത്തിൽ സ്ഥിതി ചെയ്യുന്നു. അവരുടെ ശാരീരികവും, മാനസികവും, ആദ്ധ്യാത്മികവുമായ വികസനത്തിനാവശ്യമായവയെല്ലാം സംഭരിച്ചുകൊടുക്കേണ്ട ഭാരമേറിയ ചുമതലയാണദ്ദേഹത്തിനുള്ളതു്. കുടുംബാംഗങ്ങൾക്കു് സുഖമായും, ശുചിയായും പാർക്കുന്നതിനു തക്ക വീടുണ്ടായിരിക്കണം. എല്ലാവർക്കും ആവശ്യമായ ഭക്ഷണവും വസ്ത്രവും ലഭിക്കണം. കുട്ടികളെ യഥാകാലം വിദ്യാഭ്യാസം ചെയ്യിക്കണം. പ്രായാനുസരണം ഓരോരുത്തരുടെയും ദൈവവിളിയനുസരിച്ചുള്ള ജീവിതാന്തസ്സിൽ പ്രവേശിപ്പിക്കണം. ഇങ്ങനെ ഉത്തരവാദിത്വമേറിയ അനവധി കാര്യങ്ങളിൽ പിതാവിന്റെ അഥവാ കുടുംബനായകന്റെ സവിശേഷമായ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. വിവേകപൂർവ്വം നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നാൽ മാത്രമേ അദ്ദേഹത്തിന്റെ ചുമതലകൾ വിശ്വസ്തതയോടെ നിറവേറ്റുവാൻ സാധിക്കയുള്ളു.

കുടുംബനായകന്റെ നിരന്തര പരിശ്രമങ്ങളെ വിജയപ്രദമാക്കുന്നതിൽ സഹകരിച്ചു പ്രവർത്തിക്കുന്ന ചുമതലയാണു കുടുംബനായികയ്ക്കുള്ളതു്. കുടുംബത്തിൽ ഒരു റാണിയുടെ സ്ഥാനവും അവൾക്കുണ്ടു്. ഭർത്താവിന്റെ പരിശ്രമഫലമായ സമ്പാദ്യങ്ങൾ വിവേകപൂർവ്വം വിനിയോഗിക്കുന്നതിനുള്ള പ്രാപ്തി ഭാര്യയ്ക്കുണ്ടായിരിക്കണം. ഒരു ധനകാര്യമന്ത്രിക്കു് ഉണ്ടായിരിക്കേണ്ട വൈദഗ്ദ്ധ്യത്തോടുകൂടി വേണം കുടുംബഭരണത്തിൽ അവൾ സഹകരിക്കുവാൻ. കുടുംബഭാരംമൂലം ബഹുവിധ ക്ലേശങ്ങൾ സഹിക്കുന്ന ഭർത്താവിനു് ആശ്വാസവും ആനന്ദവും ലഭിക്കേണ്ടതു ഭാര്യയുടെ സ്നേഹസമന്വിതമായ ശുശ്രൂഷയും, സഹകരണവും മൂലമാണു്. ഭാര്യാഭർത്താക്കന്മാരുടെ അന്യോന്യമുള്ള സ്നേഹവും, വിശ്വാസവും, സഹകരണവും കൂടുതൽ ദൃഢതരമായിത്തീരുന്നതിനനുസരിച്ച് കൂടുതൽ ത്യാഗത്തിനു് ഇരുവരും പ്രേരിതരാകുന്നു. താദൃശമായി പ്രവർത്തിക്കുന്ന മാതാപിതാക്കളുടെ സന്താനങ്ങൾക്കു് അത്യുൽകൃഷ്ടമായ ഒരു മാതൃകയാണു ലഭിക്കുന്നതു്.

പരസ്പരമുള്ള സ്നേഹബഹുമാനങ്ങളുടെയും, സഹകരണത്തിന്റെയും, ഐക്യത്തിന്റെയും ബാലപാഠങ്ങൾ കുഞ്ഞുങ്ങൾ മാതാപിതാക്കളിൽനിന്നാണു പഠിക്കുന്നതും, പഠിക്കേണ്ടതും. മാതാപിതാക്കളുടെ പരസ്പരമുള്ള സംസാരങ്ങളും, പെരുമാറ്റങ്ങളും കൊച്ചുകുഞ്ഞുങ്ങൾ നിരീക്ഷിക്കയും, അനുകരിക്കയും ചെയ്യുന്നു. തന്മൂലമാണു് ഉത്തമരായ മാതാപിതാക്കളുടെ സന്താനങ്ങൾ ഉത്തമരായി കാണപ്പെടുന്നതു്. എന്നാൽ കുഞ്ഞുങ്ങളുടെ നിരീക്ഷണശക്തിയും അനുകരണവാസനയും എത്ര വലുതാണെന്നു മനസ്സിലാക്കാത്ത മാതാപിതാക്കൾ വളരെയാണു്. മാതാപിതാക്കൾക്കു് അവശ്യം ഉണ്ടായിരിക്കേണ്ട വിശിഷ്ടഗുണങ്ങൾ സമ്പാദിക്കാതെ പല സ്ത്രീപുരുഷന്മാരും മാതാപിതാക്കളുടെ ദിവ്യമായ സ്ഥാനത്തേക്കു് അനർഹമായി പ്രവേശിച്ചുകൊണ്ടിരിക്കുന്നു. അവരുടെ ദുർമാതൃകമൂലം നശിച്ചുകൊണ്ടിരിക്കുന്ന കുഞ്ഞുങ്ങൾ അസംഖ്യമാണു്. കുട്ടികളുടെ ശാരീരികമായ ആവശ്യങ്ങൾ നിറവേറ്റുന്നതുകൊണ്ടുമാത്രം അവരുടെ ചുമതലകൾ തീർന്നു എന്നു വിശ്വസിക്കുന്ന മാതാപിതാക്കളും ഒട്ടും കുറവല്ല. കുഞ്ഞുങ്ങളുടെ മാനസികവും, ആദ്ധ്യാത്മികവുമായ ശക്തികൾകൂടി വികസിപ്പിച്ചു് അവരെ ലോകത്തിനും, സ്വർഗ്ഗത്തിനും കൊള്ളാവുന്നവരാക്കി വളർത്തുക എന്നുള്ളതാണു് അവരുടെ അതിപ്രധാനമായ ചുമതല.

കുഞ്ഞുങ്ങളിൽ ജന്മസിദ്ധമായിത്തന്നെ സൽഗുണങ്ങൾ ഉല്പാദിപ്പിക്കുന്നതിൽ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്. മാതാപിതാക്കൾക്കു ദൈവം നൽകുന്ന അമൂല്യനിധികളാണു് അവരുടെ സന്താനങ്ങൾ. സന്താനങ്ങളെ സംരക്ഷിക്കുവാനുള്ള അവസരവും, അധികാരവും ലഭിക്കുന്നതോടുകൂടി ദൈവത്തിന്റെ പ്രതിപുരുഷസ്ഥാനത്തേക്കു് അവർ ഉയർത്തപ്പെടുകയാണു ചെയ്യുന്നതു്. ഉത്തമസന്താനങ്ങൾ ലഭിക്കണമെന്നു് ആഗ്രഹിക്കുന്ന ഭാര്യാഭർത്താക്കന്മാർ ഹൃദയവിശുദ്ധിയുള്ളവരായി ജീവിക്കയും, സൽഗുണസമ്പന്നരായ സന്താനങ്ങളെ ലഭിക്കുവാൻ പ്രാർത്ഥിക്കയും, പരസ്പരസ്നേഹത്തിലും വിശ്വാസത്തിലും വർത്തിക്കയും വേണം. തൽഫലമായി ലഭിക്കുന്ന സന്താനങ്ങളുടെ ജന്മവാസനകൾ അതിവിശിഷ്ടങ്ങളായിരിക്കും.

കുഞ്ഞുങ്ങളുടെ ജന്മവാസനകളെ ശരിയായി വികസിപ്പിക്കുന്നതിനാവശ്യമായ വിജ്ഞാനം മാതാവിനും പിതാവിനും ഉണ്ടായിരിക്കണം. സന്മാതൃക നൽകുന്നതിൽ ഒട്ടും അമാന്തം വരുത്തിക്കൂടാത്തതാകുന്നു. കുഞ്ഞുങ്ങളുടെ ഹൃദയനൈർമ്മല്യത്തിന്റെ ബാഹ്യപ്രകടനമെന്നോണം ശാരീരികമായ ശുചിത്വത്തിലും ശ്രദ്ധപതിക്കുന്നതായാൽ രോഗബാധയിൽനിന്നൊഴിയുന്നതിനും സാധിക്കും. സഭ്യേതരമായ സംസാരം കുഞ്ഞുങ്ങൾ ഒരിക്കലും കേൾക്കാൻ ഇടയാകാത്തവിധം കുടുംബത്തിൽ പരിശുദ്ധമായ സംസാരത്തിനുള്ള അവസരമേ നൽകാവൂ. പ്രയോജനരഹിതമായി സമയം വിനിയോഗിക്കാതിരിക്കുവാൻ മാതാപിതാക്കൾ അതിയായി നിഷ്കർഷിക്കണം. കുടുംബാംഗങ്ങൾ പതിവായി ചെയ്യാനുള്ള ജോലിക്കു് ഒരു പരിപാടി നിശ്ചയിച്ചിരിക്കേണ്ടതാണു്. അതിൽ പ്രഥമവും പ്രധാനവുമായ സ്ഥാനം പ്രാർത്ഥനയ്ക്കും, ജ്ഞാനവായനയ്ക്കുമാണു നൽകേണ്ടതു്. പ്രഭാതത്തിലും സന്ധ്യാസമയത്തും കുടുംബപ്രാർത്ഥന കൂട്ടമായി നടത്തുന്നതിലുള്ള കുടുംബനായകന്റെ പ്രത്യേക ജാഗ്രതയെ ആശ്രയിച്ചാണു കുടുംബത്തിന്റെ വിജയം സ്ഥിതിചെയ്യുന്നതു്. കുടുംബാംഗങ്ങൾക്കു് എല്ലാപേർക്കും ദിവസംതോറും ദിവ്യബലിയിൽ സംബന്ധിക്കുവാൻ സാധിച്ചില്ലെങ്കിലും കുടുംബത്തെ പ്രതിനിധീകരിച്ച് ഒരാളെങ്കിലും നിത്യവും ദിവ്യബലിയിൽ ഭാഗഭാക്കാകുന്നതിൽ നിഷ്കർഷിച്ചിരിക്കേണ്ടതാണു്. ഈശോയുടെ തിരുഹൃദയത്തിനു കുടുംബത്തെ പ്രതിഷ്ഠിക്കുന്നതുകൊണ്ടു് കുടുംബനായകന്റെ ഭാരം ലഘൂകരിക്കപ്പെടുകയാണെന്നു് ഇനിയും പലരും മനസ്സിലാക്കാതെയുണ്ടു്. കുടുംബപ്രതിഷ്ഠ നടത്തിയിട്ടുള്ള ഒരു കുടുംബത്തിന്റെ നായകൻ ഈശോയ്ക്കുവേണ്ടിയാണു് കുടുംബകാര്യങ്ങൾ അന്വേഷിക്കുന്നതു്. വരപ്രസാദത്തിൽ നിലനിൽക്കുന്നതിനു് ആഗ്രഹിക്കയും അതിനായി പരിശ്രമിക്കയും ചെയ്യുന്ന മാതാപിതാക്കൾക്കുമാത്രമേ അവരുടെ സന്താനങ്ങളെ വരപ്രസാദാവസ്ഥയിൽ നിലനിർത്തുവാൻ സാധിക്കയുള്ളു. കുഞ്ഞുങ്ങളോടൊന്നിച്ചു് മാതാപിതാക്കൾ ആഴ്ചയിലൊരിക്കലെങ്കിലും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിൽ നിർബന്ധം ഉള്ളവരായിരിക്കേണ്ടതാണു്. കുഞ്ഞുങ്ങളുടെ ദൈവവിളി അറിയുവാൻ അവരെക്കൊണ്ടു് പ്രാർത്ഥിപ്പിക്കുന്നതുകൂടാതെ മാതാപിതാക്കളും പ്രത്യേകം പ്രാർത്ഥിക്കണം. തിരുസഭയ്ക്കുവേണ്ടിയും വൈദികർക്കുവേണ്ടിയും കുടുംബാംഗങ്ങൾ കൂട്ടമായി പ്രാർത്ഥിക്കേണ്ടതിന്റെ അത്യാവശ്യകത കുടുംബനായകന്മാർ പ്രത്യേകം പരിഗണിച്ചു്, അതിനനുസരിച്ചുള്ള സ്ഥാനം പ്രസ്തുത പ്രാർത്ഥനയ്ക്കു നൽകുന്നതിൽ അതിയായി ശ്രദ്ധിക്കേണ്ടതാണു്. ദൈവവിശ്വാസത്തിൽനിന്നും മതബോധത്തിൽനിന്നും ഒരുവനെ അകറ്റുന്ന ആദ്യത്തെ വഴിയാണു വൈദികവിദ്വേഷം. അതു് മനസ്സിലാക്കിക്കൊണ്ടുതന്നെയാണു് ആധുനിക നിരീശ്വരവാദികളും നിർമ്മതപ്രസ്ഥാനക്കാരും വൈദികവിദ്വേഷപരമായ നീചലേഖനങ്ങളും ഗ്രന്ഥങ്ങളും രചിക്കുന്നതിൽ പ്രത്യേകം ശ്രമിക്കുന്നതു്. പഞ്ചസാരയിൽ പൊതിഞ്ഞ പാഷാണംകണക്കേ സംഗീതസാഹിത്യാസ്വാദനത്തിൽക്കൂടി ഈ വിഷം ഉൾക്കൊള്ളുവാൻ ഇടയാകുന്നു. കുടുംബനായകന്മാർ ഈ വസ്തുത ശരിയായി ധരിച്ചു് പ്രതിവിധി നേടേണ്ടതാണു്. ഉൽകൃഷ്ടങ്ങളും പാവനങ്ങളുമായ ഗ്രന്ഥങ്ങളും മാസികകളും പത്രങ്ങളും കുടുംബങ്ങളിൽ വായിക്കുവാൻ സംഭരിച്ചുകൊടുക്കുന്നതിൽ അന്നവസ്ത്രാദികൾ സംഭരിക്കുന്നതിലേറെ താല്പര്യപ്പെടേണ്ടതാണു്. വൈദികവിദ്വേഷപരമായ സംസാരങ്ങളിലോ, പ്രവർത്തനങ്ങളിലോ ഏർപ്പെടാതെ സൂക്ഷിക്കേണ്ടതും പരിശുദ്ധവും മഹനീയവുമായ വൈദികസ്ഥാനത്തെ ബഹുമാനിക്കുന്നതിൽ മാതൃക നൽകേണ്ടതും കുടുംബനായകന്മാരുടെ അനിഷേധ്യമായ ചുമതലയാണു്.

എല്ലാ നല്ല പരിശീലനങ്ങളുടെയും, പ്രവർത്തനങ്ങളുടെയും, പ്രാർത്ഥനയുടെയും, പരിത്യാഗത്തിന്റെയും ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും കേളീരംഗവും, നിർബന്ധനിയമങ്ങളോടുകൂടിയ ഒരു ആശ്രമവും ആയിരിക്കണം ഓരോ കുടുംബവും. അങ്ങനെയുള്ള നല്ല കുടുംബങ്ങളുടെ അഭാവമാണു് ഇന്നത്തെ ദുസ്ഥിതികൾക്കെല്ലാം കാരണം. നാശകൂപത്തിൽനിന്നു മനുഷ്യസമുദായത്തെ ഉദ്ധരിക്കുന്നതിനു് ഇന്നു പ്രധാനമായി ശ്രദ്ധിക്കേണ്ടതു് ഓരോ കുടുംബവും നന്നാകുന്നതിലാണു്. ഓരോ കുടുംബനായകനും മാതൃകായോഗ്യനായിത്തീരുകയും, കുടുംബാംഗങ്ങളെ സ്നേഹത്തോടുകൂടി ഭരിക്കുകയും ചെയ്യുമ്പോൾ മക്കൾ മാതാപിതാക്കളെ ബഹുമാനിക്കയും അനുസരിക്കയും ചെയ്യും. ഓരോ കുടുംബവും ദിവ്യമായ സ്നേഹത്തിന്റെ സന്ദേശം പരത്തുന്നതിനിടയാകുകയും ചെയ്യും. അതോടുകൂടി സമുദായഗാത്രത്തെ ഇന്നു ബാധിച്ചിരിക്കുന്ന ഭയങ്കരരോഗത്തിനു ഗണ്യമായ ആശ്വാസം ലഭിക്കുന്നതാണു്.

ഓരോ ഇടവകയിലും കുടുംബനായകന്മാരുടെ ഒരു സംഘടന സ്ഥാപിച്ചു് കാര്യക്ഷമമായി പ്രവർത്തനം നടത്തിയാൽ കുടുംബങ്ങളുടെ മതപരവും സാംസ്കാരികവും, സാമ്പത്തികവുമായ രംഗങ്ങളിൽ ഇന്നു കാണുന്ന ന്യൂനതകൾ പരിഹരിക്കാൻ സാധിക്കുന്നതാണു്. ബ: വികാരിയച്ചന്മാരുടെ അനുമതിയോടും, ആശീർവാദത്തോടുംകൂടി ഇക്കാര്യത്തിൽ ഓരോ ഇടവകയിലും പ്രവർത്തനസന്നദ്ധരായ ആളുകൾ മുൻപോട്ടു വരുമെന്നു പ്രതീക്ഷിക്കുന്നു. ഈ വിഷയത്തിൽ താല്പര്യമുള്ള പണ്ഡിതന്മാരുടെ വിലയേറിയ നിർദ്ദേശങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു.

---

വിജയമുള്ള എന്ന ബറാബാസിന്റെ ചിന്ത വാക്കുകളായി നിർഗ്ഗമിച്ചു ശ്രോതാക്കളില്ലാതിരുന്ന ആ വിജനതയിൽ ആ വാക്കുകൾ ഉച്ചത്തിൽ അയാൾ ശബ്ദിച്ചു. നിശാമരുത്തിലേക്കാണു് ഈ വാഗ്പടഹങ്ങൾ തട്ടിപ്പിടുന്നതെന്നയാൾ അറിഞ്ഞതേയില്ല. അയാളുടെ ആത്മപ്രഭാഷണം തുടർന്നു: "ലോകത്തിൽ ഒരു കാര്യത്തിനുവേണ്ടി മാത്രമേ ജീവിക്കേണ്ടതുള്ളു, ഒരു കാര്യത്തിനുവേണ്ടിമാത്രമേ സമരം ചെയ്യേണ്ടതുള്ളു. ശക്തിയത്രെ ആ കാര്യം. ശക്തി കൈവരുന്നതോ ദ്രോഹത്താൽ, ഹിംസയാൽമാത്രം. ദ്രോഹത്തിന്റെ പരമാർത്ഥസേവകൻ, അതിപ്രബലസേവകൻ, ദ്വേഷംതന്നെ; മറ്റൊന്നുമല്ല." സ്വരം കുറേക്കൂടി ഉയർത്തി മതിഭ്രാന്തിയുടെ അത്യുച്ചത്തിലെത്തിയവിധം ബറാബാസ് അട്ടഹസിച്ചു, "നസ്രത്തിലെ ഈശോ, അങ്ങും ഞാനും തമ്മിലുള്ള സമരം നിത്യം നിലനില്ക്കും." നിശയിലെ അസംഖ്യം നിനദങ്ങൾ ബറാബാസിനു മറുപടി നൽകി: കുറുക്കന്റെ കൂകലും, ചെന്നായുടെ മുരളലും, മൂങ്ങയുടെ മൂളലും, മറ്റു ജന്തുക്കളുടെ ഒച്ചപ്പാടുമെല്ലാം.

പ്രാചിയിൽ, മണലാരണ്യത്തിനുമീതെ, യോർദാൻനദിക്കപ്പുറം ഒരു പ്രഭാരേഖ ദൃശ്യമായി; ഉഷസ്സിന്റെ അഭിവാദ്യം ബറാബാസ് എഴുന്നേറ്റു. അയാളുടെ അന്തരംഗത്തിൽ നിശാന്ധകാരവും ഭ്രൂഭാഗത്തു അവജ്ഞയും കുടികൊണ്ടു. നയനങ്ങളോ വിദ്വേഷം വമിച്ചു.

ബറാബാസ് വഴിയിലേക്കിറങ്ങി സഞ്ചാരം തുടർന്നു. എക്കാലത്തും സകല ജനസമുദായങ്ങളുടെയിടയിലും സുവിദിതനായ ദ്വേഷത്തിൻ ദൂതൻ!

(തുടരും)

---

കമ്മ്യൂണിസം കുഴൽക്കണ്ണാടിയിൽ

# റഷ്യയിൽ കമ്മ്യൂണിസം അടിച്ചുറപ്പിക്കുവാനുള്ള പുതിയ നയം

(നിരീക്ഷകൻ)

ഏതാനും ജനങ്ങളെ കുറേക്കാലത്തേക്കു വഞ്ചിക്കാം; എന്നാൽ എല്ലാ ജനങ്ങളേയും എല്ലാക്കാലത്തേക്കും വഞ്ചിക്കാൻ ആർക്കും സാദ്ധ്യമല്ല, എന്നൊരു ചൊല്ലുണ്ടു്. ആധുനികറഷ്യ ഈ തത്വത്തെ വീണ്ടും വീണ്ടും വിശദമാക്കുന്നതുപോലെതോന്നും അതിന്റെ ഇദാനീന്തനചരിത്രത്തിന്റെ ഓരോ ഘട്ടവും പരിശോധിക്കുമ്പോൾ. കമ്മ്യൂണിസത്തിനടിപ്പെട്ട റഷ്യയുടെ ഭരണസാരഥ്യം ആദ്യഘട്ടത്തിൽ വഹിച്ചതു് ലെനിനായിരുന്നു. റഷ്യയിലെ ഓരോ വ്യക്തിയുടേയും മതം കമ്മ്യൂണിസമാക്കുന്നതിനു അദ്ദേഹത്തിന്റെ സർവ്വശക്തിയും പ്രയോഗിച്ചു. അദ്ദേഹം മരിച്ച മർദ്ദനുകം തെല്ലൊന്നുയർന്നപോലെ ജനങ്ങൾക്കുതോന്നി. അധികാരമേധാവിത്വം കൈയടക്കുന്നതിനു ഉന്നതനേതാക്കന്മാരുടെ ഇടയിൽ മത്സരം നടന്നുകൊണ്ടിരുന്നു. പൊതുജനങ്ങൾ ഇതിനിടയിൽ സ്വാതന്ത്ര്യത്തിന്റെ ഏതോ മങ്ങിയ ഒരു പ്രകാശം കണ്ടതുപോലെ ദീർഘമായൊന്നു നിശ്വസിച്ചു. നേതൃത്വത്തിനുള്ള ചതുരംഗപ്പോരിൽ സ്റ്റാലിൻ ജയിച്ചു. കമ്മ്യൂണിസം വീണ്ടും സ്വേച്ഛാപ്രമത്തതയുടെ പത്തിവിരിച്ചു താണ്ഡവനൃത്തമാരംഭിച്ചു. ദുർവ്വഹമായ നുകം വീണ്ടും അവരുടെ ചുമലുകളിൽ അമർന്നു. സ്റ്റാലിനും പരമാവധി പരിശ്രമിച്ചു, കമ്മ്യൂണിസം ജനതയുടെ ജീവവായുവും പ്രേമലക്ഷ്യവുമാക്കുന്നതിനു്. ഒടുവിൽ സ്റ്റാലിനും അന്തരിച്ചു. ജനങ്ങളെല്ലാം കമ്മ്യൂണിസത്തിന്റെ ആരാധകരായോ? വസ്തുതകൾ എതിരായി തെളിയിക്കുന്നു കമ്മ്യൂണിസ്റ്റു് തത്വസംഹിതയേയും സ്വേച്ഛാഭരണത്തേയും വലിച്ചെറിയുന്നതിനു പൊതുജനങ്ങൾ വെമ്പൽകൊള്ളുകയാണു്. പക്ഷെ ദുർവ്വഹമായ ഭരണക്കൂടം അവരെ അടിച്ചമർത്തിവച്ചിരിക്കുന്നു. ഇനിയും ഒരവസരം വരും, വെന്തെരിയുന്ന ജനാഭിലാഷങ്ങളുടെ അഗ്നിപർവ്വം പൊട്ടിത്തെറിക്കുന്നതിനു്. ഇത്തവണയും പല ഉപജാപങ്ങളിലൂടെ ക്രൂഷ്ചേവു ഭരണസാരഥ്യം കൈയടക്കിയ മട്ടാണു് കാണുന്നതു്. അതോടൊപ്പം കമ്മ്യൂണിസത്തിൽ ജനതയെ ഉറപ്പിക്കുന്നതിനുള്ള അഭിനവപരിപാടികളും ഊർജ്ജിതമായി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടു്.

ഈ സാഹചര്യങ്ങളിൽ സാധാരണജനങ്ങളിൽ പൊന്തിവരുന്ന ഒരു പ്രശ്നമുണ്ടു്. റഷ്യൻജനതയെ കമ്മ്യൂണിസത്തിന്റെ കുഞ്ഞാടുകളും ആരാധകന്മാരുമാക്കുവാൻ 40 കൊല്ലത്തെ സാഹസികയത്നങ്ങൾ കഴിഞ്ഞിട്ടും അവരിന്നും അതൊരു വേണ്ടാത്ത വയ്യാവേലിയായി കരുതുന്നെങ്കിൽ ഇനിയും എന്നാണു് അതവർക്കു ഹൃദ്യമാക്കിത്തീർക്കാൻ പോകുന്നതു്? ഉത്തരം കിട്ടാത്ത ഒരു ചോദ്യമാണിതു്. പക്ഷെ കമ്മ്യൂണിസ്റ്റു് പാർശ്വവർത്തികൾ പറയും അങ്ങനെയല്ല, റഷ്യയിൽ എല്ലാവരും കമ്മ്യൂണിസത്തെ പൂജിക്കുന്നവരാണു്, ഇതെല്ലാം മുതലാളിരാഷ്ട്രങ്ങളുടേയും ബൂർഷ്വാവിഭാഗത്തിന്റേയും വെറും ആരോപണങ്ങളാണെന്നു്. എത്രതന്നെ തെളിവുകൾ ചൂണ്ടിക്കാണിച്ചാലും ഗ്രാമഫോൺ പ്ലേറ്റുപോലെ അവർ പാടിയതുതന്നെ പാടും. എങ്കിലും സാമാന്യജനങ്ങൾക്കു അതു മനസ്സിലാക്കാനും, കമ്മ്യൂണിസ്റ്റു് വഞ്ചനയിൽനിന്നകലുവാനും സാധിക്കാതിരിക്കയില്ലല്ലോ.

മോസ്കോയിൽവച്ചു അടുത്തകാലത്തു നടത്തിയ കമ്മ്യൂണിസ്റ്റു് പാർട്ടി ഇന്റർനാഷണൽകോൺഫറൻസ് ഇന്നത്തെ കമ്മ്യൂണിസത്തിന്റെ നിലപാടിനെ വിപുലമായി പരിശോധിച്ചശേഷം അതു

(ശേഷം 11-ാംപേജിൽ)

## സംഭവകഥകൾ

### മരിക്കുന്ന വൈദികൻ രണ്ടു കുട്ടികൾക്കു കാഴ്ച കൊടുത്തു

ഇക്കഴിഞ്ഞ മാർച്ചുമാസാരംഭത്തിൽ മിലാൻ ആസ്പത്രിയിൽവച്ച് ഡോൺ കാർലോ ഞോച്ചി എന്നു പേരായ ഇററാലിയൻ വൈദികൻ ചരമമടഞ്ഞു. കുട്ടികൾക്കു വേണ്ടി സേവനമനുഷ്ഠിക്കുകയായിരുന്നു അദ്ദേഹത്തിൻെറ ജീവിതലക്ഷ്യം. ഇററലിയിൽ യുദ്ധംമൂലം അംഗഭംഗം ഭവിച്ച 1800 ൽപ്പരം കുട്ടികളെ അദ്ദേഹം ശുശ്രൂഷിച്ചിരുന്നു. "കുട്ടികളുടെ മാലാഖാ" എന്ന അപരനാമത്തിലാണു് അദ്ദേഹം അറിയപ്പെട്ടിരുന്നതു്. അവസാനം അദ്ദേഹം കാൻസർരോഗംബാധിച്ചു ആശുപത്രിയിലായി മരണം നിശ്ചിതമായി. എന്നാൽ അദ്ദേഹം അവസാനമായി ആവശ്യപ്പെട്ടതു്, അദ്ദേഹത്തിൻെറ കൺമണികൾ ചൂഴ്ന്നെടുത്തു് അന്ധരായ രണ്ടു കുട്ടികളുടെ കണ്ണുകൾ കാഴ്ചവയ്പിച്ചുകൊടുക്കുവാനാണു്. അദ്ദേഹത്തിൻെറ നിർബന്ധപൂർവ്വകമായ അഭ്യർത്ഥനയനുസരിച്ചു് ഡോക്ടർ അദ്ദേഹത്തിൻെറ കണ്ണുകൾ ഓപ്പറേറ്റുചെയ്തു കൺമണികളെടുത്തു ഒന്നു് 12 വയസ്സായ ഒരാൺകുട്ടിക്കും മറേറതു 17 വയസ്സായ ഒരു പെൺകുട്ടിക്കുംവച്ചു് അന്ധരായ അവരുടെ ഓരോ കണ്ണുകൾക്കു കാഴ്ചയുണ്ടാക്കിക്കൊടുത്തു. അവർക്കു കാഴ്ചലഭിച്ചതുകൊണ്ടു് സന്തുഷ്ടനായി അദ്ദേഹം സ്വയം അന്ധനായി മരണംവരിച്ചു.

× × ×

### പാരീസിലെ നിശാസഞ്ചാരം

1954 ലെ ഫെബ്രുവരിമാസം. രാത്രി 9 മണി സമയം. മരംകോച്ചുന്ന മഞ്ഞു. അതു കട്ടകട്ടയായി മുറിഞ്ഞുവീഴുകയാണു്. എൻെറ സ്നേഹിതൻ ജെരാർഡും ഞാനും മ്യൂസിക്ക്ഹാളിനു പുറത്തു കാത്തുനിൽക്കുകയാണു്. അകത്തു ആബെ പീരെയുടെ ഒരു പ്രസംഗം നടക്കുന്നുണ്ടു്. അദ്ദേഹവുമൊന്നിച്ചു് നഗരവീഥികളിൽ ചുററിസഞ്ചരിക്കുന്നതിനാണു് ഞങ്ങൾ കാത്തുനിൽക്കുന്നതു്. വീടില്ലാതെയും തണുപ്പിനോടു മല്ലിടാൻ കെല്പില്ലാതെയും മരവിച്ചു മരണവുമായി ഏററുമുട്ടുന്ന സാധുക്കളെ തേടിയുള്ള ആബെ പീരെയുടെ സേവനം അന്നൊരു സംസാരവിഷയമായിരുന്നു, അഭ്യസ്തവിദ്യരുടെ ഇടയിൽ. വിമർശങ്ങളും രൂക്ഷമായി നടന്നുകൊണ്ടിരുന്നു. അതുകൊണ്ടാണു് പത്രറിപ്പോർട്ടർമാരായ ഞങ്ങളും അന്നു അദ്ദേഹത്തെ അനുഗമിക്കാമെന്നുവച്ചതു്. ഒരു ഫോർഡ്കാർ ഓടിവന്നു ഞങ്ങളുടെ മുമ്പിൽ പെട്ടെന്നുനിന്നു. കറുത്ത ഒരു ഭാണ്ഡം ചുമലിൽ വഹിച്ച ഭീമാകാരനായ ഒരാൾ അതിൽനിന്നു പുറത്തിറങ്ങി. "ഈവനിംഗ്, ജെരാർഡ്" ആഗതൻ എൻെറ സ്നേഹിതനെ അഭിവാദ്യം ചെയ്തു. എൻെറ സ്നേഹിതൻ മി. മാർട്ടെലിനെ എനിക്കു പരിചയപ്പെടുത്തുകയുംചെയ്തു.

മാർട്ടെൽ:- ആബെ പീരെയുടെ നിശാസഞ്ചാരങ്ങളെപ്പററി പലതും കേൾക്കുന്നുണ്ടല്ലോ. അതിൽ വല്ല അർത്ഥവുമുണ്ടോ?

ജെരാർഡ്:- നമുക്കു നോക്കാം.

മാർട്ടെൽ:- രക്ഷാസൈന്യക്കാരുടെ ജീവകാരുണ്യപരമായ സേവനങ്ങളെ ഫിലിംചെയ്യണമെന്നു ഞാൻ വിചാരിച്ചു അതു ഇരുപതുതവണ ഓരോരുത്തർ ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് ആബെയുടെ പ്രവർത്തനം ഒന്നു പരീക്ഷിക്കാമെന്നു തോന്നിയതാണു്.

കുറച്ചുസമയംകൂടി ഞങ്ങൾ ഓരോന്നു സംസാരിച്ചുകൊണ്ടിരുന്നു അതിനിടയിൽ മി. ജിരാർഡു് എൻെറ ചെവിയിൽ മന്ത്രിച്ചു:- അതാ, മി ഡ്റുവെലും വന്നിട്ടുണ്ടല്ലോ. നിങ്ങളറിയുമോ, അദ്ദേഹം എന്തു തരക്കാരനാണെന്നു്?

മി ഡ്റുവെൽ ഒരു പത്രപ്രവർത്തകനാണു്. ഫാദർ പീരെയെപ്പററി ഭയങ്കരവിമർശനങ്ങൾ അദ്ദേഹം എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു് എന്നെനിക്കറിയാം. അദ്ദേഹത്തിനു ആബെയോടു ഇത്ര വിരോധംവരാൻ കാരണമെന്താണു്?—ഞാൻ പറഞ്ഞു

ജെ:- അദ്ദേഹം അത്ര ദുഷ്ടഹൃദയനൊന്നുമല്ല. പക്ഷെ വലിയ വിജയേച്ഛുവാണു്. ജനങ്ങൾ ആദരിക്കുകയും സംപൂജ്യമായി കരുതുകയും ചെയ്യുന്നവരെ എതിർത്തു് ഖ്യാതിനേടാനാണു് അദ്ദേഹത്തിൻെറ ഉദ്യമം. അതാണു് സാമർത്ഥ്യമെന്നദ്ദേഹം തെററിദ്ധരിക്കുന്നുണ്ടു്.

ഒരു പ്രസന്നമല്ലാത്ത പുഞ്ചിരിയോടുകൂടി ഡ്റുവെൽ ഞങ്ങളുടെ അടുത്തുവന്നു പറഞ്ഞു:- മി ജെരാർഡ്, നിങ്ങൾക്കറിയാമല്ലോ ഈ ആബെ പീരെയുടെ പ്രവർത്തനങ്ങൾ. അദ്ദേഹം എങ്ങനെയെല്ലാമാണു് അതാരംഭിച്ചതു്?

ജെ:- അതു സന്ദർഭവശാൽ അങ്ങനെ സംഭവിച്ചുവെന്നേയുള്ളു. ഒരു രാത്രി അദ്ദേഹം തെരുവീഥിയിൽക്കൂടി കടന്നുപോകുമ്പോൾ ഒരു ദയനീയരംഗം ദർശിച്ചു അദ്ദേഹം ദൈന്യതയിൽ കണ്ട ഒരാളെ വിളിച്ചു് ഒരു ഹോട്ടലിൽപോയി താമസിക്കാൻവേണ്ട സഹായം നൽകി. പിന്നീടു് പലപ്പോഴും അദ്ദേഹം ചുററിനടന്നു് ഈദൃശസഹായങ്ങൾ ചെയ്യുന്നുണ്ടു് ഇന്നലെ അദ്ദേഹം ആ പാവപ്പെട്ടവർക്കു മിഠായിയും ചൂടുകാപ്പിയും കൊടുക്കുന്നതുകണ്ടു

ഡ്റു:- ഇത്രയുള്ളു! എന്നിട്ടാണോ ഇത്ര വലിയ ഒച്ചപ്പാടു ഈ കാര്യത്തിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതു്? പ്രശസ്തിസമ്പാദിക്കാൻ പുള്ളിക്കാരനു വലിയ ബദ്ധപ്പാടാണല്ലേ? ഇതിൽ കുറച്ചു രാഷ്ട്രീയോദ്ദേശ്യവും കണ്ടേക്കാം.

ഈ സമയത്തു പെട്ടെന്നു, ആബെ വാതിൽതുറന്നു പുറത്തുവന്നു. അദ്ദേഹം സുസ്മേരവദനനായി പറഞ്ഞു:- എന്താ, ഇന്നു പലരും കൂടിയിട്ടുണ്ടല്ലോ നിശാസഞ്ചാരത്തിനു പോരുന്നുണ്ടോ?

ഡ്റുവെൽ ഒരിളിഭ്യനായ മട്ടിൽ പറഞ്ഞു:- അങ്ങു വളരെ ക്ഷീണിച്ചിരിക്കുന്നതായി തോന്നുന്നല്ലോ. ഇനിയും പര്യടനത്തിനു പോകുന്നുണ്ടോ?

"അതു സാരമില്ല", ആബെ പറഞ്ഞു. അദ്ദേഹത്തിൻെറ കാർ മുന്നോട്ടുനീങ്ങി പുറകെ മററു കാറുകളും. ബ്ളാക്ക്സീൻ പാലം കടന്നു് അദ്ദേഹത്തിൻെറ കാർ മന്ദം മന്ദം മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു ബൊട്ടാണിക്കൽ ഗാർഡൻസിൻെറ അടുത്തു ഒരുസ്ഥലത്തു അതു പെട്ടെന്നു നിന്നു ആബെ പുറത്തിറങ്ങി. കൂട്ടത്തിൽ സഹചാരികളും പുറകെ എത്തി. ഒരു പഴന്തുണിക്കുവാരത്തിൻെറമുമ്പിൽ അദ്ദേഹം എത്തി. ആ പഴന്തുണികൾക്കുള്ളിലായി അവശതയിൽ ചാരിയിരുന്ന ഒരു മനുഷ്യരൂപത്തെ അദ്ദേഹം സമീപിച്ചു. "സ്നേഹിതാ" എന്നദ്ദേഹം കാരുണ്യപൂർവ്വം വിളിച്ചു. അയാൾ തല മൂടിയിരുന്ന വസ്ത്രങ്ങൾനീക്കി ആഗതനെ സൂക്ഷിച്ചുനോക്കി. അസ്ഥിമാത്രമായ ഒരു ശോഷിച്ച മുഖവും കുഴിഞ്ഞ രണ്ടു കണ്ണുകളും അവിടെ പ്രത്യക്ഷമായി. ആ കാഴ്ചബംഗ്ളാവിൻെറ തണുത്ത ഭിത്തിയിൽ നിരാലംബനായി ചാരിയിരുന്ന ആ ദയനീയരൂപം എല്ലാവർക്കും ദൃശ്യമായി. ആ മന്ദിരത്തിനകത്തു ശ്രദ്ധാപൂർവ്വം സൂക്ഷിക്കപ്പെട്ടിരുന്ന വന്യമൃഗങ്ങളുടെ കരച്ചിൽ അവിടെ കേൾക്കാമാ

(ശേഷം 10-ാംപേജിൽ)

## നിങ്ങൾക്കറിയാമോ?



1. ഒരു മനുഷ്യൻ അവൻെറ ജീവിതകാലത്തു 65000 മൈൽ സഞ്ചരിക്കുന്നതിനുള്ള സാദ്ധ്യതയുണ്ടു്. ഇതു ഭൂമിയുടെ ചുററളവിൻെറ രണ്ടര ഇരട്ടിയാണു്! 2. ലോകത്തിൽ കണ്ടുകിട്ടിയിട്ടുള്ള ഏററവും വലിയ സ്വർണ്ണക്കട്ടയ്ക്കു 7560 ഔൺസു് തൂക്കമുണ്ടു്. അതു ഓസ്ട്രേലിയായിൽനിന്നാണു് വെള്ളിക്കട്ട 2750 റാത്തലാണു്. അതു മെക്സിക്കോയിൽനിന്നും. 3. ലോകസമാധാനത്തിനുള്ള മാർഗ്ഗം:- ആററംബോമ്പുകൾ ഉണ്ടാക്കാതിരിക്കുക; പൊടുന്നനെയുള്ള വിമാനാക്രമണങ്ങളും സ്ഥലനിരീക്ഷണങ്ങളും ഉപേക്ഷിക്കുക; സൈന്യശക്തി കുറയ്ക്കുക; അന്തരീക്ഷത്തിലേക്കുള്ള മത്സരക്കയററങ്ങൾ അവസാനിപ്പിക്കുക.




1. അൻറാർക്ടിക്കു് പ്രദേശത്തു മഞ്ഞുകട്ടകളുടെ ഭാരംകൊണ്ടു ഭൂമി താണുപോകുന്നതായി കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ഒരു സ്ഥലത്തു ഭൂമി 5000 അടി സമുദ്രനിരപ്പിൽനിന്നു താഴെയാണത്രെ 2 സ്വാതന്ത്ര്യരാഷ്ട്രങ്ങൾ യു. എൻ സംഘടനയുടെ ലണ്ടൻസമ്മേളനത്തിൽ അവതരിപ്പിച്ച സമാധാനനിർദ്ദേശങ്ങൾ 15 രാജ്യങ്ങൾ അനുകൂലിച്ചു. റഷ്യമാത്രം എതിർത്തു. 3. ഉഷ്ണരാജ്യങ്ങളിൽ ചൂടുകൊണ്ടുള്ള ഉപദ്രവത്തെ തടയുന്നതിനു അവിടത്തുകാർക്കു് അപരിഷ്കൃതമെങ്കിലും ഫലപ്രദമായ ചില മാർഗ്ഗങ്ങളുണ്ടു്. വാതിലിനുമുമ്പിൽ തണുത്ത വായു അകത്തേക്കു കടക്കുന്നതിനു ഒരുതരം തട്ടികകൾ തൂക്കിയിടുന്നു.



1. "പാപ്രീക്കാ" എന്ന ഒരുതരം ഭക്ഷണം കൊടുത്തുകൊണ്ടിരുന്നാൽ കാനറിപ്പക്ഷിയുടെ മഞ്ഞത്തൂവലുകൾ ചുവപ്പുനിറമുള്ളതായി തീരുമെന്നു അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു. 2. ശാസ്ത്രനിരീക്ഷണങ്ങളിൽനിന്നും ഒരുകാലത്തു ഇന്ത്യ ഭൂമദ്ധ്യരേഖയുടെ തെക്കുഭാഗത്തായിരുന്നെന്നും യുണൈറ്റഡ് സ്റ്റേററ്സും യൂറോപ്പും ഇന്നത്തേതിൽ 1000 മൈൽ അടുത്തായിരുന്നെന്നും അനുമാനിക്കപ്പെടുന്നു 3 "ബോംബുകൾ നിരോധിക്കുക" എന്ന റഷ്യയുടെ പ്രചാരണത്തിനുള്ള അർത്ഥം സ്വതന്ത്രലോകത്തിൻെറ ആയുധശക്തി കുറയ്ക്കണമെന്നു മാത്രമാണു്.



# സത്യദീപം

പത്രാധിപന്മാർ

ഷെവരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 31. ‖ 1957 DECEMBER 18 ‖ No. 19


## ക്രിസ്മസ് മംഗളം

സത്യദീപം അതിന്റെ എല്ലാ പത്രബന്ധുക്കൾക്കും ക്രിസ്മസിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊള്ളുന്നു. ലോകത്തിന്റെ സത്യദീപമായ ഉണ്ണിയിശോ എല്ലാവരേയും അനുഗ്രഹിക്കട്ടെ!

## റഷ്യയുടെ സമാധാനപ്രസ്ഥാനം

സമാധാനരഹിതമായ ആധുനികലോകത്തിൽ ശാന്തിയെ അഭിലഷിക്കുന്ന ആരെയും ആകർഷിക്കുന്ന ഒരോമനനാമമാണ് സമാധാനപ്രസ്ഥാനം. ഈ നാമശ്രവണമാത്രയിൽ പ്രത്യാശാപൂർവ്വം ഒന്നുണരാത്ത ഒരുത്തൻപോലും ഉണ്ടാവുകയില്ല. പക്ഷെ, അടുത്തറിയുമ്പോൾ റഷ്യയുടെ സമാധാനപ്രസ്ഥാനം പൊറുക്കാനാവാത്ത ഒരു വഞ്ചനയാണെന്നു ഗ്രഹിക്കാൻ സാമാന്യബുദ്ധിയുള്ള ഏവനും നിർബന്ധിതനാകുന്നു. കമ്മ്യൂണിസ്റ്റ്ഭാഷയ്ക്കുള്ള ഒരു ശബ്ദാർത്ഥവൈരുദ്ധ്യശൈലിയാണിതിലും പ്രകടമാകുന്നതു്. ഉദാഹരണമായി, അവരുടെ ജനകീയജനാധിപത്യം സേച്ഛാധിപത്യമാണ്; തൊഴിലാളിസ്വർഗ്ഗം കഴുത്തറുപ്പൻ വ്യവസ്ഥിതിയാണ്; വ്യക്തിസ്വാതന്ത്ര്യം അടിമത്തമാണ്; വിമോചനം ഇരുമ്പുമറയിടലാണ്; ഏറുപറച്ചിൽ മർദ്ദനമാണ്; സ്വാതന്ത്ര്യപ്പെടുത്തൽ കടന്നാക്രമണമാണ്, ഇങ്ങനെ പോകുന്നു ആ പട്ടിക. ഇക്കൂട്ടത്തിൽ വളരെ മികച്ച ഒരു സ്ഥാനമാണ് അവരുടെ സമാധാനപ്രസ്ഥാനത്തിനുള്ളതെന്നു അതിന്റെ കഴിഞ്ഞ പത്തുകൊല്ലത്തെ ചരിത്രം വിശദമാക്കുന്നുണ്ട്. പറിച്ചു കള്ളന്മാർ അവരെ പിടിക്കാനെത്തുന്നവരുടെ കൂട്ടത്തിൽ ചേർന്ന് "കള്ളനെ പിടിച്ചോ, കള്ളനെ പിടിച്ചോ" എന്നു ഒച്ചയെടുത്തു രക്ഷപെടുന്ന ഒരു രീതിയുണ്ടെന്നു കേട്ടിട്ടുണ്ട്. ആ തന്ത്രമാണ് ഈ പ്രസ്ഥാനത്തിൽ റഷ്യ എടുത്തു പ്രയോഗിക്കുന്നതു. സമാധാനപ്രസ്ഥാനത്തിന്റെ പ്രചാരകരും ഒപ്പുശേഖരണക്കാരുമായി ചമഞ്ഞ് വമ്പിച്ച സമാധാനസമ്മേളനങ്ങൾ അവർ വിളിച്ചുകൂട്ടുകയും അവയിൽ യുദ്ധഭീഷണിയെപ്പററിയും മാരകായുധസംഭരണത്തിന്റെയും പ്രത്യേകിച്ചും അണുബോംബുപ്രയോഗത്തിന്റെയും അനാശാസ്യതയെപ്പററിയും ഭംഗിയായി പ്രസംഗിക്കുകയും ചെയ്യുന്നു. സോവ്യററു റഷ്യ മാരകായുധങ്ങളും സൈന്യശേഖരണവും നിയന്ത്രിക്കുന്നതിനു തയ്യാറാണെന്നും ഇതരരാഷ്ട്രങ്ങൾ ഈ നില സ്വീകരിക്കുവാൻ വേണ്ടി അവരുടെമേൽ ധാർമ്മികസമ്മർദ്ദം ചെലുത്തുന്നതിനു സമാധാനാഭ്യർത്ഥനയിൽ എല്ലാവരും ഒപ്പുവച്ചു അവരുടെ പ്രതിഷേധം രേഖപ്പെടുത്തണമെന്നുമാണ് അവരുടെ നിവേദനം. എത്ര നിർദ്ദോഷവും ന്യായയുക്തവുമായ ഒരു പ്രസ്ഥാനം! പക്ഷെ ഈ കമ്മ്യൂണിസ്റ്റ് കിങ്കരന്മാർ രണ്ടു കാര്യങ്ങൾ അതുവഴി നേടിക്കഴിയും—റഷ്യ ക്രൂരമായ മാരകായുധ പ്രയോഗത്തിനു മുതി[illegible]ണെന്നു ലോകത്തെ തെററിധരിപ്പിക്കുക; കമ്മ്യൂണിസ്റ്റ് വിരുദ്ധരാഷ്ട്രങ്ങളാണ് ലോകസമാധാനത്തിനു വിലങ്ങുതടിയായി നില്ക്കുന്നതെന്നു ആരോപിക്കുക. മാരകായുധങ്ങളെയോ ആക്രമണസംരംഭങ്ങളെയോ ലോകവിപ്ലവോദ്ദേശ്യത്തേയോ അണുപോലും കുറയ്ക്കുന്നതിനു കമ്മ്യൂണിസ്റ്റ് റഷ്യയ്ക്കു ഒരുക്കമില്ല. കമ്മ്യൂണിസത്തിന്റെ ലോകതൊഴിലാളിവർഗ്ഗമേധാവിത്വവാദം നിലനില്ക്കുവോളം അതു കമ്മ്യൂണിസ്റ്റുതത്വത്തിനുതന്നെ വിരുദ്ധവുമാണ്.

ചരിത്രം ഈ യാഥാർത്ഥ്യത്തെ തെളിയിക്കുന്നു. 1948 ആഗസ്റ്റിൽ വാർസോയിൽ സമ്മേളിച്ച കമ്മ്യൂണിസ്റ്റുകളുടേയും അവരുടെ അനുഭാവികളുടേയും ഒരു യോഗത്തിൽവച്ചാണ് സമാധാനപ്രസ്ഥാനം രൂപംകൊണ്ടതു്. ആ സമ്മേളനത്തിൽ ഹാജരായിരുന്ന കമ്മ്യൂണിസ്റ്റിതരവ്യക്തികൾ അതിന്റെ കമ്മ്യൂണിസ്റ്റ് സ്വഭാവത്തെ അന്നുതന്നെ വിശദമാക്കുകയും പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു. കമ്മ്യൂണിസ്റ്റുകൾ പിൻതിരിഞ്ഞില്ല. അവരുടെ സംഘടനാശക്തിയെ പോഷിപ്പിച്ച 1949-ൽ പാരിസിൽവച്ചു ഒരു സമാധാനകോൺഗ്രസ് വിളിച്ചുകൂട്ടി. കമ്മ്യൂണിസ്റ്റുകളും അനുഭാവികളുംമാത്രം അംഗങ്ങളായുള്ള ഒരു ലോകസമാധാനക്കമ്മിററിയെ അവിടെവച്ചു തിരിഞ്ഞെടുത്തു. 1950 ലാണ് സ്റ്റോക്ക്ഹോമിൽവച്ചു സമാധാനാഭ്യർത്ഥനയുടെ ഒപ്പുശേഖരണം ആരംഭിച്ചതു. സ്വതന്ത്രരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റുപാർട്ടികൾ കോമിൻഫോമിന്റെ നിർദ്ദേശമനുസരിച്ച് ഈ പ്രസ്ഥാനം ഏറെറടുക്കുകയും കമ്മ്യൂണിസപ്രചാരണത്തിന്റെ ഒരുപാധിയായി സ്റ്റോക്ക്ഹോംസമാധാനാഭ്യർത്ഥനയ്ക്കു ഒപ്പുശേഖരണം നടത്തിത്തുടങ്ങുകയും ചെയ്തു. സ്വീഡൻ തങ്ങളുടെ തലസ്ഥാനത്തിന്റെ പേരു ഇതിനോടു ഘടിപ്പിക്കുന്നതിനെ പ്രതിഷേധിച്ചിട്ടുള്ളതു പ്രത്യേകം ശ്രദ്ധാർഹമാണ്. രണ്ടാമത്തെ ലോകസമാധാനകോൺഗ്രസ് ഇംഗ്ലണ്ടിൽവച്ചു നടത്തുവാൻ പ്ലാനിട്ടുവെങ്കിലും ഗവമെണ്ടിന്റെ തടസ്സംമൂലം അതു വാർസോയിൽവച്ചുതന്നെ നടത്തുകയാണുണ്ടായതു്. അക്കാലത്തുതന്നെ ഇന്ത്യയിൽ ഡൽഹിയിൽവച്ചും ഒരു സമാധാനകോൺഗ്രസ് നടത്തപ്പെടുകയുണ്ടായി. അതിൽവച്ചു ഇന്ത്യൻ കമ്മ്യൂണിസ്റ്റുകൾ ദക്ഷിണകൊറിയായിൽ റഷ്യൻപ്രേരണയിലും സഹായത്തിലും നടന്ന കൈയേററത്തെ സാധൂകരിക്കുകയും, പകരം സഖ്യരാഷ്ട്രസംഘനിർദ്ദേശമനുസരിച്ച നടന്ന അമേരിക്കൻ ഇടപെടലിനെ നിശിതമായി വിമർശിക്കുകയുമാണു ചെയ്തതു്. ഇങ്ങനെ ലോകാധിപത്യം കൈക്കലാക്കുന്നതിനുള്ള കമ്മ്യൂണിസ്റ്റു പ്ലാനിനു സഹായകമായവിധത്തിൽ റഷ്യയ്ക്കനുകൂലമായും എതിർശക്തികൾക്കു പ്രതികൂലമായും പൊതുജനാഭിപ്രായത്തെ സജ്ജമാക്കുകയെന്ന കൃത്യമാണ് കമ്മ്യൂ: സമാധാനപ്രസ്ഥാനം ഇന്നുവരെ നിർവ്വഹിച്ചുപോരുന്നതു്. സമാധാനാഭ്യർത്ഥനയിൽ ഒപ്പുവച്ച മഷി ഉണങ്ങുന്നതിനു മുമ്പു റഷ്യൻപട്ടാളത്തെ ദക്ഷിണകൊറിയായിലേക്കു ആക്രമണത്തിനു പറഞ്ഞുവിട്ട നയംതന്നെയാണ് ഈ പ്രസ്ഥാനത്തിന്റെ മറയിൽ ഇന്നും തുടർന്നുപോരുന്നതു്. അണുബോംബുപ്രയോഗത്തേയും ആയുധസംഭരണത്തേയും ക്രമാതീതമായ സൈന്യശേഖരണത്തേയും ഫലപ്രദമായി നിയന്ത്രിക്കുന്നതിനു ഐക്യരാഷ്ട്രസഖ്യത്തിന്റെ മേൽനോട്ടത്തിൽ എത്ര പ്ലാനുകൾ ഇതിനകം ആലോചനാവിഷയമായിട്ടുണ്ട്? അവയെല്ലാം എങ്ങനെ പരാജയപ്പെട്ടു? റഷ്യയുടെ എതിർപ്പുകൊണ്ടുമാത്രമാണ്. യുദ്ധസജ്ജീകരണങ്ങളുടെ തോതു ഓരോ രാജ്യത്തിന്റേയും ആവശ്യങ്ങൾക്കനുസരിച്ച് ഒരു പൊതുവഭിപ്രായത്തിൽ ക്രമപ്പെടുത്തുന്നതിനും, വ്യോമനിരീക്ഷണം അനുവദിക്കുന്നതിനുമുള്ള പ്രമേയം എതിർത്തതാരാണ്? റഷ്യയല്ലയോ? സമാധാനം, സമാധാനമെന്നു ഉച്ചത്തിൽ വിളിച്ചുപറയുകയും അതേസമയം സ്വതന്ത്രരാജ്യങ്ങളിലും ലോകം മുഴുവനിലും അഞ്ചാംപത്തിപ്രവർത്തനം നടത്തി ലോകാധിപത്യം കൈയടക്കുന്നതിനുള്ള നശീകരസംരംഭങ്ങളിൽ സദാപി ഉൽസുകയായിരിക്കുകയുമാണ് കമ്മ്യൂണിസ്റ്റ്റഷ്യ. ഈ നവമ്പർ മാസത്തിൽ 14 മുതൽ 16 വരെ തീയതികളിൽ മോസ്കോയിൽവച്ചു നടന്ന കമ്മ്യൂണിസ്റ്റുപാർട്ടി നേതാക്കന്മാരുടെ കോൺഫറൻസിൽനിന്നു പുറപ്പെടുവിച്ചിട്ടുള്ള പ്രഖ്യാപനവും സമാധാനമാനിഫെസ്റ്റോയും പരിശോധിച്ചാൽ കാണാം ഈ നയം ഇന്നും എങ്ങനെയാണ് റഷ്യ തുടർന്നുപോരുന്നതെന്നു്. അതിന്റെ ചുരുക്കമായ വിവരങ്ങൾ കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ നൽകിയിരുന്ന നിരീക്ഷകന്റെ റിപ്പോർട്ടിൽ കാണാവുന്നതാണ്.

ഈ പ്രസ്ഥാനത്തിന്റെ ഉള്ളുകള്ളികൾ ശരിയായി മനസ്സിലാക്കിയതുകൊണ്ടാണ്, റഷ്യയോടു പാട്ടുള്ളിടത്തോളം അനുഭാവമായിക്കഴിയണമെന്നാഗ്രഹിക്കുന്ന ഇന്ത്യൻപ്രധാനമന്ത്രി പണ്ഡിററ് നെഹ്റുപോലും ഒരിക്കൽ പറഞ്ഞതു്: "നമ്മളാരും സ്റ്റോക്ക്ഹോം അഭ്യർത്ഥനയിൽ ഒപ്പിടരുതെന്നാണ് എന്റെ അഭിപ്രായം. ആററംബോംബിനെപ്പററിയുള്ള നമ്മുടെ അഭിപ്രായം വ്യക്തമാണ്. എന്നാൽ സ്റ്റോക്ക്ഹോംഅഭ്യർത്ഥനയിൽ ചിലയാളുകൾ അവരുടെ പ്രത്യേകോദ്ദേശ്യത്തിനു വേണ്ടി ഉപയോഗിക്കുന്ന ചില സംഗതികളും അടങ്ങിയിട്ടുണ്ട്" എന്നു്. ഈവിധ സാഹചര്യങ്ങളിലാണ് എറണാകുളത്തുവച്ചു ഡിസമ്പർ 15-ാംനു ഞായറാഴ്ച ഒരു സമാധാനകോൺഫറൻസു നടത്തിയിരിക്കുന്നതു്. അതേപ്പററിയുള്ള വിജ്ഞാപനം പുറത്തു വന്നപ്പോൾ തന്നെ പത്രങ്ങളും ഉത്തരവാദപ്പെട്ട മററു കേന്ദ്രങ്ങളും അതിന്റെ വഞ്ചനാത്മകമായ സ്വഭാവത്തെപ്പററി വിശദീകരിക്കുകയും, അനവധാനതമൂലം കമ്മ്യൂണിസ്റ്റുകളുടെ വശീകരണവലയത്തിൽപെട്ടുപോയവരെന്നു തോന്നിയിരുന്ന ചില വ്യക്തികളെ ആ പ്രസ്ഥാനത്തെ സഹായിക്കുന്നതിൽനിന്നു പ്രതിനിവർത്തിപ്പിക്കുന്നതിനു ആഹ്വാനം ചെയ്യുകയുമുണ്ടായി. അക്കൂട്ടത്തിൽ കെ. പി. സി. സി. ജനറൽസിക്രട്ടറി എറണാകുളത്തുനിന്നു പുറപ്പെടുവിച്ച ഒരു മുന്നറിയിപ്പു കുറിപ്പു ഇപ്രകാരമായിരുന്നു: "മനുഷ്യന്റെ സമാധാനതൃഷ്ണയെ ചൂഷണംചെയ്യാനുള്ള കമ്മ്യൂണിസ്റ്റടവാണ് ഇന്നത്തെ സമാധാനപ്രസ്ഥാനം. സമാധാനകാംക്ഷികളായ ശുദ്ധഗതിക്കാരെ സഹയാത്രികരും പിന്നീട് പാർട്ടിക്കാരുമാക്കി മാററാനുള്ള തന്ത്രപരവും നിർദ്ദോഷമെന്നു തോന്നിക്കുന്നതുമായ ഈ സംരംഭം, "സമാധാനത്തെ" ഉപജീവിച്ച് അസമാധാനം നിലനിർത്താനുള്ള കമ്മ്യൂണിസ്റ്റുമാർഗ്ഗമാണ്. വർഗ്ഗസമരത്തിൽ വിശ്വസിക്കുന്നവർ സമാധാനപ്രവാചകന്മാരായി മാറുന്നതു് തങ്ങളുടെ തനിച്ചരക്കു വിററഴിക്കാനുള്ള അന്തരീക്ഷമില്ലാത്തതുകൊണ്ടാണ്. ഏകാധിപത്യവാദികളായ ഇവർ ജനാധിപത്യസംരക്ഷകരായി നടിക്കുന്നതു കണ്ടിട്ടുള്ളവരാണു നാം. അക്രമരാഹിത്യത്തിൽ അടിയുറച്ചുവിശ്വസിക്കുന്ന കേരളജനത കമ്മ്യൂണിസ്റ്റ്സമാധാനപ്രസ്ഥാനമാകുന്ന കാനൽജലംകണ്ടു വഞ്ചിതരാകരുതെന്നു ഓർമ്മപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. നല്ലകാര്യം ചെയ്യുവാനുള്ള ആവേശംകൊണ്ടുമാത്രം ഈ സംരംഭത്തോടു സഹകരിക്കാൻ മുന്നിട്ടിറങ്ങിയിട്ടുള്ളവർ ഇതു ആകർഷകമായ ഈ കാഞ്ഞിരപ്പഴം കയ്ക്കുന്നതാണെന്നു മനസ്സിലാക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു." നിയന്ത്രിതമെങ്കിലും ഒരു കമ്മ്യൂണിസ്റ്റ്ഭരണത്തിന്റെ ദൗർഭാഗ്യം വന്നുകൂടിയിട്ടുള്ള കേരളത്തിൽ കമ്മ്യൂണിസത്തിന്റെ സകല അടവുകളും കിട്ടിയ അവസരം ഉപയോഗിച്ച് അവർ പരീക്ഷിച്ചു നോക്കാതിരിക്കയില്ല. അതുകൊണ്ട് പൊതുജനങ്ങൾ സദാ ശ്രദ്ധാലുക്കളായിരിക്കാതെ ഗത്യന്തരമില്ല.

### വിജ്ഞാപനം

ക്രിസ്തുമസ് പ്രമാണിച്ച്, ആപ്പീസൊഴിവാകയാൽ അടുത്ത ബുധനാഴ്ച പത്രം ഉണ്ടായിരിക്കുന്നതല്ല.

മാനേജർ

### പ്രസാധകക്കുറിപ്പുകൾ

## ദേശായി വിദ്യാർത്ഥികൾക്കു നൽകിയ ഉൽബോധനം

ചങ്ങനാശേരിയിലെ സെൻറു് ബെർക്കുമാൻസ് കോളേജിലേയും അസംപ്ഷൻ കോളേജിലേയും വിദ്യാർത്ഥിവിദ്യാർത്ഥിനികളെ അഭിസംബോധനം ചെയ്തുകൊണ്ട് കേന്ദ്രമന്ത്രി ശ്രീ മൊറാർജി ദേശായി ഡിസമ്പർ 12-ാംതീയതി ചെയ്ത പ്രസംഗത്തിൽ അവരെ ഇന്നത്തെ ഗൗരവാവഹമായ ചില പ്രശ്നങ്ങളെപ്പററി ഉൽബോധിപ്പിക്കുകയുണ്ടായി. മിഷനറിമാർ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടാണ് അദ്ദേഹം പ്രസംഗം ആരംഭിച്ചതു്. അദ്ദേഹം പറഞ്ഞു:- മിഷനറിമാർ നടത്തുന്ന ഈദൃശസ്ഥാപനങ്ങൾക്കു നമ്മുടെ നാട്ടിൽ ഉൽകൃഷ്ടമായ ഒരു പാരമ്പര്യമാണുള്ളതു്. ഞാൻതന്നെയും ബോംബെയിലുള്ള ഒരു മിഷനറിവിദ്യാലയത്തിലാണ് അഭ്യസനം ചെയ്തതു്. പുതിയ മൂല്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി ഇന്നത്തെ വിദ്യാഭ്യാസരീതി പരിഷ്കരിക്കപ്പെടുകതന്നെ വേണം. നമ്മിൽ ഭിന്നതയും ചരിദ്രവും വളർത്തിയതു ബ്രിട്ടീഷുകാരാണെന്നു പലപ്പോഴും നാമവരെ കുററപ്പെടുത്താറുണ്ട്. ഇതു ശരിയല്ല. ബ്രിട്ടീഷുകാരുടെ ആഗമനത്തിനുമുമ്പുതന്നെ നമ്മുടെയിടയിൽ ഭിന്നതയും മത്സരവുമുണ്ടായിരുന്നു. അവരുടെ സ്വാധീനശക്തി നിലനിർത്തുവാൻവേണ്ടി ബ്രിട്ടീഷുകാർ ഈ ഭിന്നതകളെ ചൂഷണംചെയ്തുവെന്നതു് ശരിയാണ്. കുററം നമ്മുടേതാണ്. നിർഭാഗ്യമെന്നുതന്നെ പറയട്ടെ, ആ ചാരിത്രികവാസന ഇപ്പോഴും നമ്മുടെ ഇടയിൽ തുടരുകയാണ്. നമുക്കു ഇന്നാവശ്യമായിരിക്കുന്നതു് ഐക്യവും സഹകരണവുംകൊണ്ട് ദേശീയശക്തിയും വികസനവും കൈവരുത്തുകയെന്നതാണ്.

മഹാത്മഗാന്ധിയുടെ സേവനചരിത്രത്തെ അനുസ്മരിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: ഗാന്ധിജിയാണ് നിർഭയത്വം നമ്മെ പഠിപ്പിച്ചിട്ടുള്ളതു്. അദ്ദേഹമാണ് സാഹോദര്യത്തിന്റെ സത്യം നമ്മിൽ പ്രചോദിപ്പിച്ചതു് നാം നിർഭയരായപ്പോൾ സ്വതന്ത്രരായി ഇന്ത്യാ സൈനികളുടമ്പടികളിൽനിന്നും കക്ഷിമത്സരങ്ങളിൽനിന്നും അകന്നുമാറിനിൽക്കുകയാണ്. എന്തുകൊണ്ടെന്നാൽ നാം ആരേയും ഭയപ്പെടുന്നില്ല നമ്മെ ആരും ഭയപ്പെടണമെന്നു നാം ആഗ്രഹിക്കുന്നുമില്ല. ഭയം അടിമത്തത്തിന്റെ അടയാളവും വിദ്വേഷത്തിന്റെ ഉറവിടവുമാണ് ഭയംനിമിത്തമാണ് ചിലർ അക്രമത്തെ അഭയം പ്രാപിക്കുന്നതു്. ഭയം സംശയത്തിലേക്കും വിദ്വേഷത്തിലേക്കും ഹിംസാധികാരങ്ങളിലേക്കും ഒരുവനെ നയിക്കും. നിർഭയത്വം നമുക്കു സത്യത്തേയും, സത്യം നമുക്കു ഭയരാഹിത്യത്തേയും പ്രദാനം ചെയ്യുന്നു. രണ്ടും പരസ്പരബന്ധങ്ങളാണ്. ദൈവത്തെപ്പോലും നാം ഭയപ്പെടുകയല്ല, സ്നേഹിക്കുകയാണ് വേണ്ടതു്. നിർഭയത്വം വ്യക്തിപരവും സാമൂഹികവുമായ ഒരു ഗുണമാണ്.

ജനസംഖ്യാവർദ്ധനപ്രശ്നത്തെപ്പററി അദ്ദേഹം ഇങ്ങനെയാണ് പറഞ്ഞതു്:- അഭിവൃദ്ധിയേയും സംതൃപ്തിയേയും പ്രാപിക്കാൻ ഇന്ത്യ കഠിനയത്നം ചെയ്യുകയാണ്. അഭിവൃദ്ധി എന്നു പറയുന്നതു് മനുഷ്യത്വത്തിന്റെ ആകെത്തുകയാണ്. ജനവർദ്ധനയിൽ ആരും അത്ര പരിഭ്രമിക്കേണ്ടതില്ല. അതു വിലപിക്കേണ്ട ഒരു തിന്മയല്ല നേരെമറിച്ച്, അതു നമ്മുടെ മനുഷ്യത്വത്തെ വർദ്ധിപ്പിക്കുകയേയുള്ളു. ജനങ്ങൾ അലസരായും കൊള്ളരുതാത്തവരായും മാറുമ്പോളാണ് ജനസംഖ്യാവർദ്ധന ഒരു പ്രശ്നമായിത്തീരുന്നതു്. ധനം നേടിവച്ചിട്ടുള്ളവർ അതു നല്ല കാര്യങ്ങൾക്കായി വിനിയോഗിക്കണം. അതുപോലെതന്നെ വിജ്ഞാനം സംഭരിച്ചിട്ടുള്ളവർ അതു മററുള്ളവരിലേക്കു പകരണം. അങ്ങിനെ നൽകുന്നവനും വാങ്ങുന്നവനും അത്യനുഗ്രഹകരമായിരിക്കും.

കേന്ദ്രമന്ത്രിയുടെ സംക്ഷിപ്തമായ ഈ വിശകലനവും പ്രബുദ്ധമായ ഉൽബോധനവും ഇന്നത്തെ ചൂടുപിടിച്ച ചില പ്രശ്നങ്ങളിൽ വിദഗ്ദ്ധമായ നിർദ്ദേശങ്ങളാണ് ഉള്ളടക്കുന്നതെന്നു് വ്യക്തമാണല്ലോ. കലക്കവെള്ളത്തിൽ മീൻപിടിക്കുന്ന സമ്പ്രദായം അവലംബിച്ചുപോരുന്ന കുപ്രചാരകന്മാരായ കള്ളപ്രവാചകന്മാർക്കു ഇതൊരു ഇരുട്ടടിപോലെ അനുഭവപ്പെടാതിരിക്കയില്ല.

× × ×

## വിദ്യാഭ്യാസത്തെ സംബന്ധിച്ച പബ്ലിക് സർവീസ് കമ്മീഷൻ റിപ്പോർട്ട്

ഇന്ത്യൻ യൂണിയൻ പബ്ലിക്ക സർവീസ് കമ്മീഷൻ തയ്യാറാക്കിയിട്ടുള്ളതും ആഭ്യന്തരകാര്യസ്റ്റേററുമന്ത്രി മി. ബി എൻ ദത്താ

ർ ഡിസംബർ 9-ാം തീയതി ലോകസഭയിൽ അവതരിപ്പിച്ചിട്ടുമായ 1956-57 ലെ റിപ്പോർട്ടിൽ ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയെ സംബന്ധിച്ചു നൽകിയിട്ടുള്ള പരാമർശനങ്ങൾ വിദ്യാഭ്യാസ പ്രവർത്തകരുടെയും പൊതുജനങ്ങളുടെയും ശ്രദ്ധയെ പ്രത്യേകം സമാകർഷിക്കേണ്ടവയാണ്. ഇന്നത്തെ വിദ്യാഭ്യാസരീതി വളരെ അപര്യാപ്തവും അതിന്റെ നിലവാരം വളരെ താഴ്ന്നതുമാണെന്നു കമ്മീഷൻ സ്വന്ത അനുഭവത്തിൽനിന്നു മനസ്സിലാക്കുന്നു എന്നു അതിൽ പ്രസ്താവിച്ചിരിക്കുന്നു. വിദ്യാർത്ഥികളുടെ അച്ചടക്കബോധം, നിർദ്ദിഷ്ടമായ വിദ്യാഭ്യാസലക്ഷ്യം, ക്ലാസുകയറ്റം നൽകുന്നതിനു സ്വീകരിക്കുന്ന അടിസ്ഥാനതത്വം എന്നിവ വിദ്യാഭ്യാസനിലവാരത്തെ സാരമായി ബാധിക്കുന്ന സംഗതികളാണെന്നു ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. റിപ്പോർട്ടു ഇങ്ങനെ തുടർന്നു:- വിദ്യാർത്ഥികൾക്കു അവരുടെ സ്വഭാവം സംസ്കരിക്കുവാനും വ്യക്തിപ്രഭാവം വളർത്തിക്കൊണ്ടുവരാനും നിലവിലുള്ള വിദ്യാഭ്യാസരീതിയിൽ എത്രകണ്ടു സാദ്ധ്യതകളുണ്ടെന്നു ഗൗരവമായി പരിശോധിക്കേണ്ട ഒരു കാര്യമാണ്. വിദ്യാഭ്യാസത്തിന്റെ പരമലക്ഷ്യങ്ങളായ സ്വഭാവസംസ്കരണവും വ്യക്തിവികാസവും അവഗണിക്കപ്പെടുന്ന കാലത്തോളം ഇന്ത്യയിലെ ഉയർന്ന ഉദ്യോഗങ്ങൾക്കു ഉദ്യോഗാർത്ഥികളെ തിരിഞ്ഞെടുക്കാനുള്ള ഐ എ എസ്സ്, ഐ പി എസ്സ് മുതലായ പബ്ലിക്ക സർവ്വീസ് പരീക്ഷകളിൽ ചോദ്യക്കടലാസു മുഖാന്തിരമുള്ള പരീക്ഷയ്ക്കു പുറമേ വ്യക്തിപരമായ പരിശോധനയ്ക്കു എപ്പോഴും സ്ഥാനമുണ്ടായിരിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ മിക്ക വിദ്യാർത്ഥികളും പരീക്ഷാവിജയത്തിനു പുസ്തകങ്ങൾ ഉരുവിട്ടു പഠിച്ചുവച്ച സംഗതികൾ മനസ്സിൽനിന്നും ഉള്ള അവരുടെ ഓർമ്മശക്തിയെയാണാശ്രയിക്കുന്നതു്. ദുർല്ലഭം ചിലർക്കു മാത്രമേ വിഷയങ്ങളെപ്പറ്റി സ്വയം ചിന്തിക്കാനുള്ള ശക്തി കാണുന്നുള്ളു. ഉയർന്ന പബ്ലിക്ക സർവ്വീസ് പരീക്ഷകളിൽ ബുദ്ധിശാലികളായ ചുരുക്കംപേരെ എല്ലാംകൊല്ലവും തിരിഞ്ഞുപിടിക്കാൻ സാധിക്കുന്നുണ്ടെങ്കിലും, ഭൂരിപക്ഷവും മററുള്ളവർ എഴുതിയതിനെ കാണാതെ പഠിച്ചെഴുതുന്ന രണ്ടാം തരക്കാരാണ്. ചെറുപ്രായക്കാരെ അധികമായി ആവശ്യമുള്ള പബ്ലിക്ക സർവ്വീസുകളിലേക്കു നടത്തപ്പെട്ട പരീക്ഷകളുടെ ഫലം അത്യന്തം നിരാശാജനകമായിരിക്കുന്നു. എഴുത്തു പരീക്ഷയിൽ വിജയികളായവരിൽ തന്നെ വളരെപ്പേരെ കായികാരോഗ്യപരിശോധനയിൽ തള്ളിക്കളയേണ്ടിവന്നിട്ടുള്ളതു് പരിതാപകരമാണ്. ഈ റിപ്പോർട്ടു സൂചിപ്പിക്കുന്ന കുറവുകൾ വിദ്യാഭ്യാസരംഗത്തു പരിഹരിക്കേണ്ടതു് എത്രമാത്രം അത്യന്താപേക്ഷിതമാണെന്നു എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ. വിദ്യാഭ്യാസം അതിന്റെ പരമലക്ഷ്യങ്ങൾക്കനുസരിച്ചു പുരോഗമിക്കണമെങ്കിൽ ഇന്നതിൽ അനാവശ്യമായി കൈകടത്തിക്കൊണ്ടിരിക്കുന്ന ചില രാഷ്ട്രീയവും സ്വേച്ഛാപ്രമത്തവുമായ പ്രവണതകൾ നിയന്ത്രിക്കപ്പെടുകതന്നെ വേണം. വിദ്യാഭ്യാസത്തിന്റെ നിലവാരം ശരിമ്മെണ്ടു നിശ്ചയിക്കുകയും അതു പ്രായോഗികമാക്കുന്നതിനുള്ള സ്വാതന്ത്ര്യം വിദ്യാഭ്യാസത്തിന്റെ സ്വാഭാവികമായ ഉത്തരവാദിത്വം വഹിക്കുന്ന മാതാപിതാക്കന്മാർക്കും അവരുടെ പ്രാതിനിധ്യം വഹിക്കുന്ന ഏജൻസികൾക്കും വിട്ടുകയും ചെയ്യുന്നതാണു് ഏററവും ആരോഗ്യപരമായ രീതി എന്നുള്ളതാണ്. ഇക്കാര്യത്തിൽ ഒന്നാമതായി ശ്രദ്ധിക്കേണ്ടതു്.

—o—

### തിരുത്തു്

കഴിഞ്ഞലക്കം സത്യദീപത്തിന്റെ മുഖചിത്രം വിശുദ്ധ ലൂസിയുടേതിനുപകരം വിശുദ്ധ ബർബാരായുടേതാണ് പിശകായി ചേർത്തിരുന്നതു്.

പത്രാധിപർ

### അടുത്തയാഴ്ചയിൽ

ഡിസമ്പർ
19 വ്യാ. വി. ഔരിയൂസ്
20 വെ: വി. എവുജേനിയൂസ്
21 ശ: വി. തോമ്മാശ്ലീഹാ
22 ഞാ: ആഗമനം 4-ാം ഞായർ
23 തി: വി. ബർബൊര
24 ചൊ: വി. തർസില്ലാ
25 ബു: ക്രിസ്തുവിന്റെ പിറവി





ഉദ്ദിഷ്ടകാര്യം സാധിച്ചതിനു
കൃതജ്ഞത
Mrs. & Mr. T. T. Jose
Irinjalakuda


(16-ാംപേജ് തുടർച്ച)

ൻ അവന്റെ വത്സലമാതാവിനെ ദേഹോപദ്രവം ചെയ്യുവാൻ പോലും ചിലപ്പോൾ മടിച്ചില്ല!

"ജീവിതം സുഖിക്കുവാനുള്ളതാണ്", ഇതാണവന്റെ മുദ്രാവാക്യം. ഈ മുദ്രാവാക്യവുമായി അവൻ ആ പ്രദേശമെങ്ങും ചുററിനടന്നു. പക്ഷെ ഹൃദയസമാധാനം ക്രമേണ അവനിൽനിന്നു തീരെ വിട്ടുമാറി. സിനിമാശാലയിലേക്കു പോകുമ്പോഴും മദ്യഷാപ്പിലേക്കു കയറുമ്പോഴും ഒരു നിരാശാബോധം അവന്റെ തോളത്തു കൈവച്ചു അവനോടൊപ്പംതന്നെ സഞ്ചരിച്ചുകൊണ്ടിരുന്നു. ജീവിതം ഒരു വലിയ കൊടുങ്കാററാണെന്നു അവനു തോന്നി. മുൻപു സുഖമാണെന്നു തോന്നിയിരുന്നവ പൊള്ളുന്ന തീക്കൊള്ളിപോലെ അവനിപ്പോൾ അനുഭവപ്പെട്ടു "എന്തിനു ജീവിക്കുന്നു"വെന്നുപോലും അവൻ പലപ്പോഴും ചിന്തിക്കാതിരുന്നില്ല.

ഒരുദിവസം സായാഹ്നം. അമ്മയുമായുണ്ടായ ഒരു ശണ്ഠയ്ക്കുശേഷം ബാബു എന്തോ ചിന്തിച്ചുകൊണ്ടു് വീടിനടുത്തുള്ള പാടത്തേക്കു ഏകനായി നടക്കുകയാണ്. എങ്ങനിന്നോ ഒരു തണുത്ത കാററു വന്നു അവനെ തലോടിക്കടന്നുപോയി. അതവനെ കോരിത്തരിപ്പിച്ചു. അവൻ ഒരു വരമ്പിലിരുന്നു. വിവിധചിന്തകൾ അതിശീഘ്രം അവന്റെ മസ്തിഷ്കത്തിലൂടെ പായുകയാണ്. പെട്ടെന്നു അവന്റെ ഭൂതകാലചരിത്രത്തിലേക്കു ചിന്തകൾ കടന്നു. നിരാശക്കുണ്ടിലിരുന്നു, മോഹനമായ ആ രംഗങ്ങൾ അവൻ വീക്ഷിച്ചു. ഹാ! എത്ര മധുരമായിരുന്നു ബാല്യകാലജീവിതം! സ്നേഹം തുളുമ്പുന്ന നാട്ടുകാർ, വാത്സല്യമുള്ള മാതാപിതാക്കന്മാർ, തനിക്കു സ്വിജിച്ചു സൽപ്പേരു്, എല്ലാററിലുമുപരിയായി തനിക്കുണ്ടായിരുന്ന ഹൃദയസമാധാനം പക്ഷെ ഇന്നോ? ആ ചിന്ത അവനെ ഭ്രാന്തുപിടിപ്പിച്ചു അവനു തല ചുററുന്നതുപോലെതോന്നി. അവൻ നിശ്ചലനായി ദൂരേക്കുനോക്കി. അതാ, ആ കേൾക്കുന്നതു് അമ്മയുടെ തേങ്ങിത്തേങ്ങിയുള്ള കരച്ചിലല്ലേ? ആ മാതാവു എന്തിനു കരയുന്നു? അവൻ അവനോടുതന്നെ ചോദിച്ചു പെട്ടെന്നവൻ ചാടിയെഴുന്നേററു. എന്തോ ഒരുറച്ച തീരുമാനമെടുത്തതിന്റെ ലക്ഷണം അവന്റെ മുഖത്തു സ്ഫുരിച്ചു ഒരാവേശം അവനെ കടന്നാക്രമിച്ചു. അദൃശ്യമായ ദൈവാനുഗ്രഹത്തിന്റെ ശക്തിമത്തായ ഒരു പ്രവർത്തനം അവിടെ നടന്നു. ആ നിശ്ശബ്ദമായ അന്തരീക്ഷത്തിൽ അവൻ പല ദൃഢപ്രതിജ്ഞകൾചെയ്തു. ഒരു പുതിയ ജീവിതത്തിനുള്ള തയ്യാറെടുപ്പായിരുന്നു അതു്.

ബാബു അതിശീഘ്രം വീട്ടിലെത്തി. അവന്റെ അമ്മ കിഴക്കോട്ടുതിരിഞ്ഞു് ക്രൂശിതരൂപത്തിന്റെ മുൻപിൽ മുട്ടുകുത്തി പ്രാർത്ഥിക്കുകയാണ്. ബാബു അമ്മയുടെ മുഖത്തേക്കൊന്നു നോക്കി. ആ കണ്ണുകളിൽനിന്നും കണ്ണുനീർ ഒഴുകിയൊഴുകുന്നു. ബാബുവിന്റെ കണ്ണുകളിലും വെള്ളം നിറഞ്ഞു. അവന്റെ കവിൾത്തടങ്ങൾ ചെമന്നു. ചുണ്ടുകൾ വികാരാവേശത്തിൽ വിറച്ചു. അവൻ സാവധാനം അമ്മയുടെ സമീപമെത്തി മുട്ടുകുത്തിയിരുന്നു് രണ്ടുകൈകൊണ്ടും അമ്മയുടെ കവിളിൽ തലോടിക്കൊണ്ടു് വിതുമ്പിവിതുമ്പി പറഞ്ഞു: "അമ്മേ ... അമ്മ ... എന്നോടു ... ക്ഷമിക്കുമോ?" ആ മാതാവു മറുപടിയൊന്നും പറഞ്ഞില്ല. അവർ പൊട്ടിക്കരഞ്ഞുപോയി. "അമ്മേ, അമ്മ കരയാതിരിക്കൂ ഇനിയും കരയുകയാണോ? കരയാതിരിക്കൂ, അമ്മെ." ബാബു അമ്മയുടെ കണ്ണുനീർത്തുള്ളികൾ തുടച്ചുമാററി. ആ മാതാവിനു തന്റെ വത്സലമകനോടു എന്തെങ്കിലും പറയണമെന്നു ആഗ്രഹമുണ്ടു്. പക്ഷെ പറയുവാൻ വാക്കുകൾ കിട്ടിയില്ല. അവർ സ്തംഭിച്ചതുപോലെ ഇരുന്നയിരുപ്പിൽതന്നെ ഇരുന്നു. ബാബു എണീററു രോഗശയ്യയിൽ കിടക്കുന്ന തന്റെ പിതാവിന്റെ സമീപെ ചെന്നു. അവൻ ആ പിതാവിന്റെ മുഖത്തേക്കൊന്നു നോക്കി; പിതാവു അവന്റെ മുഖത്തേക്കും. രണ്ടുപേരുടെ കണ്ണുകളും നിറഞ്ഞു ദീർഘനേരത്തേക്കു ആരും ഒന്നും പറഞ്ഞില്ല. അവസാനം ബാബു ആ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു പറഞ്ഞു: "അപ്പച്ചാ, ഞാനിനി ദൈവത്തിനുവേണ്ടി ജീവിക്കും, ദൈവത്തിനുവേണ്ടിമാത്രം." അതുകേട്ടു് സ്വർഗ്ഗത്തിലെ മാലാഖമാർ പൊട്ടിച്ചിരിച്ചുകാണും.

അന്നുരാത്രിയിൽ ദിവ്യരക്ഷകന്റെ പിറവിത്തിരുനാൾ ലോകം കൊണ്ടാടി. അമ്മയുമൊത്തു ബാബു ദേവാലയത്തിലെ പാതിരാക്കുർബാനയിൽ സംബന്ധിച്ചു. അവരുടെ കൃതജ്ഞതാസ്തോത്രങ്ങൾ പുൽത്തൊട്ടിയിൽ പള്ളികൊള്ളുന്ന ഉണ്ണിയുടെ തൃച്ചേവടികളിലും സമർപ്പിച്ചു അവൻ വീണ്ടും മനുഷ്യനായി!

—o—


### കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

പി. കെ. വർഗ്ഗീസ്, മുണ്ടൂർ


# വിവിധവൃത്താന്തങ്ങൾ

## മാർപ്പാപ്പാ, ജർമ്മൻ പ്രസിഡണ്ടിനെ സ്വീകരിച്ചു

ജർമ്മൻ പ്രസിഡൻറു മി തെയഡോർ ഹെയസിന്റെ വത്തിക്കാൻ സന്ദർശനം അടുത്തുനടന്ന ചരിത്രപ്രാധാന്യമുള്ള ഒരു സംഭവമാണ്. 1903-ൽ പതിമൂന്നാം ലെയോ മാർപ്പാപ്പാ അന്നത്തെ ജർമ്മൻ ഭരണാധിപതിയായ കയിസർ വിൽഹെം രണ്ടാമനെ സ്വീകരിച്ചതിനുശേഷം ഇതാദ്യത്തെ ഔദ്യോഗികസ്വീകരണമാണ്. മാർപ്പാപ്പായുടെ ലൈബ്രറിയിൽവച്ചു നടന്ന സ്വകാര്യസംഭാഷണത്തെ തുടർന്നു ചിററിൽ ത്രോൺ ഹാളിൽവച്ചു പ്രസിഡൻറിന്റെ പാർട്ടിയിൽപെട്ട 13 അംഗങ്ങളെ പ്രസിഡൻറു പരിശുദ്ധപിതാവിനു പരിചയപ്പെടുത്തി. അക്കൂട്ടത്തിൽ വിദേശകാര്യമന്ത്രി ഹെൻറിച്ചു് വോൺ ബ്രെൻറാനോയും ഉണ്ടായിരുന്നു ജർമ്മർ പടയാളികളാൽ വധിക്കപ്പെട്ട ഇററാലിയൻ പൗരന്മാരുടെ ദേശീയസ്മാരകവും പ്രസിഡൻറു സന്ദർശിക്കുകയുണ്ടായി. ജർമ്മനിയിൽ കത്തോലിക്കാസഭ അഭിവൃദ്ധിപ്രാപിച്ചുവരുന്ന ഈ ഘട്ടത്തിൽ പ്രസിഡൻറു അവർകളുടെ ഈ സന്ദർശനം സഭാതാല്പര്യങ്ങൾക്കു വളരെ ഉപകാരപ്രദമായിരിക്കുമെന്നും 1933-ലെ വത്തിക്കാനുമായുള്ള കോൺകോർഡാററുടമ്പടിയിൽ അനുകൂലതരമായ ചില വ്യത്യാസങ്ങൾ വരുവാൻ ഇടയാകുമെന്നും ഊഹിക്കപ്പെടുന്നു.


മലബന്ധം
ഗ്യാസ്ട്രബിൾ
മൂലക്കുരു
രാജക്ഷയം
എന്നിവയ്ക്കും, ഇവയിൽനിന്നുത്ഭവിക്കുന്ന നീർവീഴ്ച, ചുമ, നെഞ്ചുവേദന മുതലായ രോഗങ്ങൾക്കും
കാളൻസ്
ദ്രാക്ഷാ
ഘൃതം
KALAN
കാളൻ, നെല്ലായി (S. India)


## മാർപ്പാപ്പാ ലൂർദ്ദ് സന്ദർശിച്ചേക്കുമെന്നു സംസാരം

ലൂർദ്ദിന്റെ ശതാബ്ദാഘോഷത്തിനിടയിൽ എന്നെങ്കിലും പരിശുദ്ധ മാർപ്പാപ്പാ ആ തീർത്ഥസ്ഥലം സന്ദർശിച്ചേക്കുമെന്നുള്ള കിംവദന്തിക്കു പ്രചാരം വർദ്ധിച്ചുവരുന്നുണ്ടു്. ഇതേപ്പററി മാർപ്പാപ്പാ ഖണ്ഡിതമായി ഒന്നും തീരുമാനിച്ചിട്ടില്ലെന്നാണ് ഒരു വത്തിക്കാൻ ഉദ്യോഗസ്ഥൻ പ്രസ്താവിച്ചതത്രെ. 1958-ൽ കുറഞ്ഞപക്ഷം 100 ലക്ഷം തീർത്ഥകരെങ്കിലും ലൂർദ്ദ് സന്ദർശിച്ചേക്കുമെന്നാണു അഭ്യൂഹിക്കപ്പെടുന്നതു്. മരിയൻജൂബിലിവർഷമായ 1954-ൽ 35 ലക്ഷം തീർത്ഥകർ ലൂർദ്ദ് സന്ദർശിക്കുകയുണ്ടായി. പോളണ്ടിലെ പ്രൈമേററായ കർദ്ദിനാൾ വിഷിൻസ്കി തിരുമേനിയും അടുത്തകൊല്ലം ലൂർദ്ദ് സന്ദർശിക്കുമെന്നു് ചില കേന്ദ്രങ്ങൾ പ്രസ്താവിക്കുന്നു.

## മാർപ്പാപ്പാ വില്ലായിൽനിന്നു മടങ്ങി

മാർപ്പാപ്പായുടെ വേനല്ക്കാലവസതിയായ കാസ്റ്റൽഗണ്ടോൾഫോയിൽനിന്നു വിശ്രമാനന്തരം പരിശുദ്ധ പിതാവ് വത്തിക്കാനിലേക്കു മടങ്ങിയിരിക്കുന്നു തിരുമേനിയെ യാത്രയയക്കുന്നതിനു നഗരവാസികളെല്ലാം സന്നിഹിതരായിരുന്നു മുൻകൊല്ലങ്ങളിൽ ഈ യാത്രയയപ്പിനെ കമ്മ്യൂണിസ്റ്റ്പൗരന്മാർ ബോയിക്കോട്ടുചെയ്യുകയായിരുന്നു പതിവെങ്കിലും ഇക്കൊല്ലം അവരും അതിൽ സഹകരിച്ചു. മാർപ്പാപ്പാ വില്ലായിലെ ഉദ്യോഗസ്ഥന്മാരേയും കാവല്ക്കാരേയും പ്രത്യേകം ആശീർവ്വദിക്കുകയും കത്തോലിക്കാസംഘടനാ പ്രതിനിധികളുമായി കുശലപ്രശ്നം ചെയ്യുകയുംചെയ്തു കാസ്റ്റൽഗണ്ടോൾഫോയിലെ ജനങ്ങളെയെല്ലാം ആശീർവ്വദിച്ചുകൊണ്ടു തിരുമേനി യാത്രപുറപ്പെട്ടു വില്ലായിലെ 5 മാസക്കാലത്തെ താമസത്തിനിടയിൽ പ്രതിവാര ശരാശരി 40000 പേർക്കു തിരുമേനി പൊതുസന്ദർശനങ്ങളും 30000 തീർത്ഥകർക്കു പ്രത്യേകസന്ദർശനങ്ങളും അനുവദിച്ചിട്ടുണ്ടു് ഉദ്ദേശം നാലരലക്ഷം പേരോളം തിരുമേനിയെ സന്ദർശിച്ചിട്ടുണ്ട്.

## കുഷ്ഠരോഗത്തിനു പ്രത്യൗഷധം കണ്ടുപിടിച്ച കന്യാസ്ത്രി

കുഷ്ഠരോഗത്തിനു ഒരു പ്രത്യൗഷധമായി കരുതപ്പെടുന്ന "മൈക്കോ ബാക്ടേറിയം മരിയാനും" എന്നപേരിലുള്ള വാക്സിൻ ഒരു ഫ്രഞ്ചു് മാരിസ്റ്റ് മിഷനറി കന്യാസ്ത്രീയായ സിസ്റ്റർ മരിയെ സുസേൻ കണ്ടുപിടിച്ചതാണ് ഇതു് അത്ഭുതകരമായ ഫലസിദ്ധിയുള്ള ഔഷധമായിത്തീരുമെന്നാണ് ഭിഷഗ്വരന്മാർ പ്രതീക്ഷിക്കുന്നതു്. പരിശുദ്ധ കന്യകമറിയത്തിന്റെ ബഹുമാനാർത്ഥമാണ് അതു നാമകരണം ചെയ്യപ്പെട്ടിട്ടുള്ളതു് അതു കണ്ടുപിടിച്ച കന്യാസ്ത്രീ ഈയിടെയാണു ചരമമടഞ്ഞതു്. അവർ ഫിജിഐലണ്ടിൽ മൊളോക്കയ് എന്ന സ്ഥലത്തു സേവനമനുഷ്ഠിച്ചുപോരുകയായിരുന്നു വേറൊരു സന്യാസിനിയുമൊരുമിച്ചു് അവർ അവിടെ 20 പേർക്കു സ്ഥലസൗകര്യമുള്ള ഒരു കുഷ്ഠരോഗാശുപത്രി സമാരംഭിച്ചു 25 കൊല്ലം കഴിഞ്ഞു് അവർ അവിടെനിന്നു മടങ്ങുമ്പോൾ അതു 900 രോഗികളെ കിടത്തി ചികിത്സിക്കുന്നതും ലോകത്തിലെ ഏററവും വലിയ കുഷ്ഠരോഗാശുപത്രിയായി വികസിച്ചുകഴിഞ്ഞിരുന്നു ഇക്കാലമത്രയും സിസ്റ്റർ സൂസെയൻ രോഗനിവാരണത്തിനുള്ള പ്രതിവിധികളെ സംബന്ധിച്ച് പഠനം നടത്തിക്കൊണ്ടിരുന്നു. അവസാനത്തെ പത്തുകൊല്ലം അവർ ശാസ്ത്രീയമായ പര്യവേക്ഷണങ്ങളിൽ ഏർപ്പെട്ടതിന്റെ ഫലമായിരുന്നു ഈ പ്രതിവിധിയുടെ കണ്ടുപിടുത്തം. ഫ്രഞ്ചുഗവമ്മെണ്ടു് അവർക്കു ശാസ്ത്രബിരുദങ്ങൾ നൽകിയിട്ടുണ്ടു്. "മൊളോക്കായിലെ അപ്പോസൽസ് ഓഫ് ദി ലെപ്പേഴ്സ്" എന്ന സംഘടനയിൽനിന്നും ഒരു പാരിതോഷികം അവർക്കു നൽകപ്പെട്ടു കുഷ്ഠരോഗികളുടെ അപ്പസ്തോലനായ ഫാദർ ഡാമിയൻ മരിച്ച ദിവസമാണ് സിസ്റ്റർ മരിയെ സൂസെയൻ ജനിച്ചതെന്നുള്ളതു് ഒരു യാദൃച്ഛികസംഭവവിശേഷമാണ്.

(7-ാംപേജ് തുടർച്ച)

യിരുന്നു. എന്തൊരു വിരോധാഭാസം! വന്യമൃഗങ്ങൾ എത്ര ഭദ്രമായി പരിരക്ഷിക്കപ്പെടുന്നു അകത്തു്! ഒരു മനുഷ്യജീവി പുറത്തു തണുപ്പുകൊണ്ടു മരിക്കുന്നു! ആബെ അദ്ദേഹത്തിൻെറ പുറംകോട്ടിൻെറ ചുരുളുകളിൽ ആ മനുഷ്യനെ പൊതിഞ്ഞുകൊണ്ടു സ്നേഹപൂർവ്വം അയാളോടു സംസാരിക്കുവാൻ തുടങ്ങി.

"നിങ്ങൾ എന്തിനാണു് എന്നെ ഉപദ്രവിക്കുന്നതു്? ഞാൻ ഒരു നിരാശ്രയനാണു്. എൻെറ വ്യക്തിത്വത്തെ സംബന്ധിച്ച രേഖകൾ എൻെറ കൈവശമുണ്ടു്. ഞാൻ ഒരു കള്ളനോ കൊലപാതകിയോ ഒന്നുമല്ല. അവശനായ എന്നെ ഉപദ്രവിക്കരുതേ" ആ സാധു പറഞ്ഞു.

"അതുകൊണ്ടു കുഴപ്പമൊന്നുമില്ല. ഞാൻ നിങ്ങളെ ഉപദ്രവിക്കുന്നില്ല. പക്ഷെ നിങ്ങൾ ഇവിടെ കിടക്കുന്നതു് ആപത്താണു്. ഈ രാത്രിയുടെ തണുപ്പിനെ അതിജീവിക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ല. നിങ്ങൾ പോയി ഒരു ഹോട്ടലിലെ മുറിയിൽ രാത്രി കഴിക്കുക" ആബെ പറഞ്ഞു.

"ഒരു മുറിയോ? നിങ്ങൾക്കു എൻെറ സ്ഥിതി അറിഞ്ഞുകൂടാ. എന്നെ ഉപദ്രവിക്കരുതേ"

ആബെ 500 ഫ്രാങ്കിൻെറ നോട്ടുകളെടുത്തു ആ നിരാശ്രയനെ കാണിച്ചു

ഡ്വ:- "കഷ്ടം! അവനതു മദ്യഷാപ്പിൽ ചെലവാക്കുകയേയുള്ളു" കൂട്ടുകാരോടു പറഞ്ഞു അതുകേട്ടു ആബേക്കു ദേഷ്യംവന്നു

"അതുകൊണ്ടെന്താ കുഴപ്പം? അതു നല്ല കാര്യത്തിനു അയാൾ ചിലവാക്കുകയാണെങ്കിൽ ഉത്തമം. ഇല്ലെങ്കിലും ഈ കഷ്ടസ്ഥിതിയിൽ അയാൾക്കു അതു അല്പാനന്ദത്തിനെങ്കിലും ഉപകരിക്കട്ടെ" അദ്ദേഹം പറഞ്ഞു. അദ്ദേഹം കാറിൽചെന്നു ചൂടുകാപ്പി എടുത്തുകൊണ്ടുവന്നു അവനു കൊടുത്തു.

"അയ്യോ, എൻെറ കൈകൾ മരവിച്ചിരിക്കുന്നുവല്ലോ ഈ പാത്രം പിടിക്കുന്നതിനുപോലും എനിക്കു വയ്യാ" അയാൾ സങ്കടപ്പെട്ടു.

ആബെ, അയാളുടെ വായിൽ അതു അല്പാല്പമായി ഒഴിച്ചുകൊടുത്തു. അവൻെറ കൈകളും കാലുകളും അദ്ദേഹം തടകി ചൂടുപിടിപ്പിച്ചു. സാവധാനത്തിൽ അയാളെ എഴുന്നേല്പിച്ചുനടത്തി. കാറിൽകയററി അദ്ദേഹം യാത്രയായി.

ഇതിനിടയിൽ ഫോട്ടോഗ്രാഫറന്മാരുടെ ക്ലിക്ക് ശബ്ദങ്ങൾ ഇടമുറിയാതെ കേട്ടുകൊണ്ടിരുന്നു. ക്യാമറയുടെ പ്രഭാപ്രളയം ആ സ്ഥലത്തെ ശോഭായമാനമാക്കി. അനുചരന്മാരിൽ ഒരു പുതിയ ഭൂതോദയംതന്നെ ഉണ്ടായിയെന്നു പറയേണ്ടതില്ലല്ലോ.

## ഇടവകവാർത്തകൾ

**നസ്രത്തു്: മൂലംകുഴി:** സ്ഥലത്തെ കത്തോലിക്കാ യുവജനസമാജം മരണഫണ്ടിൻെറ 22-ാമതു് വാർഷികപൊതുയോഗം ഡിസം. 8-ാംനു ശ്രീ ടി ജെ അറയ്ക്കലിൻെറ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗസാധാരണമായ ചടങ്ങുകളും തന്നാണ്ടത്തെ വരവു ചിലവു് നീക്കി ബാക്കി കണക്കു പരിശോധനയും അടുത്തകൊല്ലത്തേക്കുള്ള പരിപാടികളും പ്രവർത്തകസമിതി തിരിഞ്ഞെടുപ്പും നടത്തി.

**തൃശ്ശൂർ:** എട്ടു കൊല്ലക്കാലമായി ഇവിടെ പണിതുകൊണ്ടിരുന്ന ലൂർദ്ദ് ഭോസനപ്പള്ളിയുടെ വെഞ്ചരിപ്പുകർമ്മം ഡിസം: 8-ാംനു രാവിലെ ആറരമണിക്കു തൃശ്ശൂർ ബിഷപ്പ് റൈററു് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് തിരുമനസ്സുകൊണ്ടു് നിർവ്വഹിച്ചിരിക്കുന്നു. ആദ്യമായി തിരുമനസ്സുതന്നെ അവിടെ ദിവ്യപൂജ അർപ്പിച്ചു. ബൃഹദാണ്ഡമായ ഈ ദേവാലയത്തിൻെറ വീതി നാല്പത്തിരണ്ടേകാൽ അടിയും മെയിൻഹാളിൻെറ നീളം 125 അടിയും ഇരുവശത്തുമുള്ള വിങ്ങുകളുടെ ആകെ നീളം 14 അടിയുമാണു്. ഡോമിൻെറ ഉൾഭാഗത്തിനു 85 അടി ഉയരമുണ്ടു് 1885 മുതൽക്കു് തൃശ്ശൂർമെത്രാന്മാരുടെ ആസ്ഥാനദേവാലയവും ഇതുതന്നെയായിരുന്നു. തൃശ്ശൂർ കോട്ടയുടെ കിഴക്കെ വാതില്ക്കൽ പണിതതുകൊണ്ടു് ഇന്നും ലൂർദ്ദ് പള്ളിയെ കോട്ടവാതുക്കൽ പള്ളിയെന്നാണു് പലരും വിളിക്കാറുള്ളതു്.


**The Bank of Cochin Ltd.**

ERNAKULAM

WILLINGDON ISLAND BRANCH

THE ONLY EXCHANGE BANK ESTABLISHED ON THE PORT AREA.

BUYS AND SELLS FOREIGN CURRENCY; ISSUES DRAFTS, LETTERS OF CREDIT, TRAVELLERS CHEQUES ETC. ON MODERATE TERMS.

P. J. CYRIAC,
MANAGER


**എരനെല്ലൂർ:** സ്ഥലത്തെ കേച്ചേരി അങ്ങാടിയിൽ കളിയട സ്ക്കൂമാക്കററിനു സമീപം പുതുതായി പണികഴിച്ചിരിക്കുന്ന ഫാത്തിമാമാതാവിൻെറ കപ്പേളയുടെ വെഞ്ചരിപ്പും അതിൽ ഫാത്തിമാമാതാവിൻെറ സ്വരൂപസ്ഥാപനവും ഡിസംബർ 8-ാംനു ഞായറാഴ്ച ആഘോഷമായി നിർവ്വഹിക്കപ്പെട്ടു. ബ. വികാരിയച്ചൻെറ സംഭാവനയായ തിരുസ്വരൂപം, ഉച്ചകഴിഞ്ഞു മൂന്നരമണിക്കു പള്ളിയിൽവച്ചു വെഞ്ചരിച്ചു ജപമാലപ്രദക്ഷിണമായി കപ്പേളയിലേക്കാനയിച്ചു ബാലികാബാലന്മാരും സ്ത്രീപുരുഷന്മാരുമായി 2000-ത്തിൽപരം ജനം നിരയായിനിന്നു അതിൽ സംബന്ധിച്ചു വേലൂർ ഫൊറോനാപ്പള്ളി വികാരി പ്രധാനകാർമ്മികത്വം വഹിച്ചു കപ്പേളയിൽ എത്തിയപ്പോൾ ബ. വികാരി ഫാത്തിമാമാതാവിനെ പ്രകീർത്തിച്ചു ഒരു പ്രസംഗം പറയുകയും കപ്പേളയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിക്കയും സ്വരൂപം തൽസ്ഥാനത്തു സ്ഥാപിക്കയും ചെയ്തു ലദീഞ്ഞുകർമ്മത്തോടുകൂടി ചടങ്ങുകൾ അവസാനിച്ചു.

**മഞ്ഞുമ്മൽ:—** വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സിലെ മെത്രാൻനാമകരണ രജതജൂബിലിപ്രമാണിച്ചു് മഞ്ഞുമ്മൽ ഇടവകയുടെവകയായി ഡി. 7-ാംനു തിരുമനസ്സിലേക്കു് ഒരനുമോദനം നൽകിയിരിക്കുന്നു. വൈകുന്നേരം അഞ്ചേകാൽ മണിക്കു സ്ഥലത്തു ആഗതനായ തിരുമേനിയെ വികാരി വെരി റവ. ഫാദർ ബെയിസിൽ ഒ സി ഡി ഹാരാർപ്പണംചെയ്തു സ്വീകരിക്കുകയും ബാൻറുമേളത്തോടും ഇടവകജനങ്ങളുടെയും ദേവസ്ഥസമൂഹത്തിൻെറയും ക്രിസ്റ്റോഫർ വാളൻറിയർ സംഘത്തിൻെറയും അകമ്പടിയോടുംകൂടി പള്ളിക്കു മുൻവശം തയാറാക്കിയിരുന്ന വേദിയിലേക്കു ആനയിക്കുകയും ചെയ്തു. ഈശ്വരപ്രാർത്ഥനയോടുകൂടി യോഗനടപടികൾ ആരംഭിച്ചു വിവിധസംഘടനാപ്രതിനിധികൾ തിരുമേനിയെ ഹാരങ്ങൾ അർപ്പിച്ചു തുടർന്നു വെരി റവ. ഫാദർ തിയോഫിൻ ഒ സി ഡി. മെത്രാപ്പോലീത്താ തിരുമേനിക്കു സ്വാഗതം ആശംസിക്കുകയും ശ്രീ ഇ ററി ജോർജ്ജ് ജ്ഞാനപുഷ്പമഞ്ജരി സമർപ്പിക്കുകയും ശ്രീ കെ വി ജോസഫ് അനുമോദനം രേഖപ്പെടുത്തുകയും ചെയ്തു. തിരുമേനിയുടെ മറുപടിപ്രസംഗത്തിൽ അനുമോദനത്തിനു നന്ദിപറയുകയും ഒരു കത്തോലിക്കനു കമ്മ്യൂണിസ്റ്റോ കമ്മ്യൂണിസ്റ്റനുഭാവിയോ ആയിരിക്കുക സാദ്ധ്യമല്ലെന്നും കത്തോലിക്കരിൽ ആരെങ്കിലും കമ്മ്യൂണിസ്റ്റായിട്ടുണ്ടെങ്കിൽ പശ്ചാത്താപപൂർവ്വം സഭയിലേക്കു തിരിച്ചുവരട്ടെയെന്നും പ്രത്യേകം ഉൽബോധിപ്പിക്കുകയുമുണ്ടായി.

**ഒല്ലൂ:—** ഈ ഇടവകാംഗവും തൃശ്ശൂർ സെൻറു് തോമസ്സ് കോളേജിലെ ഒരു അദ്ധ്യാപകനുമായ റവ. ഫാ സിറിയക്കു് മേനാച്ചേരി അവർകളുടെ പൗരോഹിത്യ രജതജൂബിലി പ്രമാണിച്ചു് അദ്ദേഹത്തിൻെറ സ്വദേശമായ ചിയാരത്തുവച്ചു് ഡിസംബർ 1-ാം തീയതി ഞായറാഴ്ച ഉച്ചതിരിഞ്ഞു 5 മണിക്കു് പ്രൊഫ. ജോസഫ് പെട്ട അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു അനുമോദനസമ്മേളനം നടത്തപ്പെട്ടു. നാട്ടുകാർക്കുവേണ്ടി ശ്രീ പി വി കുരിയപ്പൻ യൂത്ത്സ് ക്ലബ്ബിൻെറ വകയായി ശ്രീ പി എ ഔസേപ്പും ഹാരാർപ്പണം നടത്തി. നാട്ടുകാരുടെ വകയായി ജൂബിലിയേറിയനുള്ള മംഗളപത്രം ശ്രീ പോൾ പെരിഞ്ചേരി വായിച്ചു് സമർപ്പിച്ചു മംഗളപത്രത്തിനും അനുമോദനത്തിനും ജൂബിലേറിയൻ സമുചിതമായി മറുപടിനൽകി.

**ഉപ്പുതറ:—** ചെമ്മണ്ണ് സെൻറ് തോമ്മസ് മൗണ്ടിൽ ഡിസംബർ 8-ാംനു ലൂർദ്ദിലെ പരിശുദ്ധ അമലോത്ഭവ പ്രഖ്യാപനജൂബിലി തിരുനാൾ പുന്നത്താനത്തു് കുന്നേൽ ഫിലിപ്പ് മത്തായിയുടെ ചിലവിൽ ആഘോഷമായി നടത്തപ്പെട്ടു.

## നിര്യാതനായി



### വെരി റവ. ഫാദർ ജോർജ്ജ് മണ്ണാറ അവർകൾ

കേരളത്തിലെ വിൻസെൻഷ്യൻസഭയുടെ ജനറാളായ വെരി റവ ഫാദർ ജോർജ്ജ് മണ്ണാറ അവർകൾ ഡിസമ്പർ 15-ാംനു ഞായറാഴ്ച കാലത്തു 9-30നു് അങ്കമാലി ലിററിൽഫ്ളവർ ആസ്പത്രിയിൽവച്ചു അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശനിയാഴ്ച വൈകിട്ടു് പെട്ടെന്നുണ്ടായ രക്തസമ്മർദ്ദം സംബന്ധിച്ച അസ്വാസ്ഥ്യത്തെത്തുടർന്നു അദ്ദേഹത്തെ ആസ്പത്രിയിലേക്കു കൊണ്ടുപോവുകയും അസുഖം വർദ്ധിച്ചു അവിടെവച്ചു മരണമടയുകയുമാണുണ്ടായതു്. ശവസംസ്കാരം തിങ്കളാഴ്ച ഉച്ചതിരിഞ്ഞു മൂന്നുമണിക്കു എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിലും ഒട്ടുവളരെ ബ വൈദികരുടെയും വമ്പിച്ച ഒരു ജനക്കൂട്ടത്തിൻെറയും സാന്നിദ്ധ്യത്തിലും ആശ്രമം വക കപ്പേളയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു

R. I. P.

## കിഴക്കേ ജർമ്മനിയിൽ നിന്നു് ഓടിപ്പോകുന്നതു രാജ്യദ്രോഹം

സോവ്യററ് നിയന്ത്രിതമായ കിഴക്കേ ജർമ്മനിയിൽനിന്നു് ഓടിപ്പോകുന്നതു് ശിക്ഷാർഹമായ രാജ്യദ്രോഹക്കുററമായി അവിടത്തെ കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടു് പ്രഖ്യാപിച്ചിരിക്കുന്നു.

ഓടിപ്പോകാൻ ശ്രമിക്കയോ അഭയാർത്ഥികളെ സഹായിക്കയോ ചെയ്യുന്നവർ കഴിഞ്ഞ ജർമ്മൻ പാർലമെൻറിൻെറ പുതിയ ഉത്തരവനുസരിച്ചു് മൂന്നു കൊല്ലംവരെയുള്ള കഠിനതടവിനു് അർഹരാണു്. ഓടിരക്ഷപെടുന്നവരുടെ വസ്തുവകകളെല്ലാം കണ്ടുകെട്ടാനും ബില്ലിൽ വ്യവസ്ഥയുണ്ടു്.

കിഴക്കെ ജർമ്മനിയിലെ ഏററവും നല്ല തൊഴിലാളികൾ കൂട്ടമായി കടിപൂരപ്പെട്ടുപോകുന്നതു തടയാൻ കമ്മ്യൂണിസ്റ്റ ഗവർമ്മെണ്ടു് കൈക്കൊണ്ട ഏററവും പുതിയ നടപടിയാണിതു പ്രഖ്യാപനം. 1957 അവസാനിക്കുമ്പോഴേക്കും 20 ലക്ഷത്തി എഴുപതിനായിരം കിഴക്കേ ജർമ്മൻകാർ അതിർത്തി കടന്നിരിക്കുമെന്നാണു കണക്കാക്കിയിരിക്കുന്നതു്. അതു് കമ്മ്യൂണിസത്തിനെതിരായി അവർ "കാലുകൊണ്ടു ചെയ്യുന്ന വോട്ടു്" ആണെന്നു പറയാം. രണ്ടാം ലോകയുദ്ധം കഴിഞ്ഞതിൽ പിന്നീടു സോവ്യററു് മേഖലയിൽനിന്നു് 32½ ലക്ഷം പൗരന്മാർ—അതായതു് ആകെ ജനസംഖ്യയിൽ നാലിലൊന്നു ഭാഗം—ഓടി രക്ഷപെട്ടിട്ടുണ്ടു്.

അഭയാർത്ഥിപ്രവാഹംമൂലം, കിഴക്കെ ജർമ്മനിയിലെ ഫാക്ടറികളിലും കൃഷിസ്ഥലങ്ങളിലും സാങ്കേതികവൈദഗ്ദ്ധ്യമുള്ള ജോലിക്കാരെയും അത്യാവശ്യംവേണ്ട തൊഴിലാളികളെയും കിട്ടാൻ പ്രയാസപ്പെടുമെന്നു് കഴിഞ്ഞ ഏതാനും ആഴ്ചകളിൽ കിഴക്കേ ജർമ്മൻ കമ്മ്യൂണിസ്ററു് പാർട്ടി പത്രമായ ന്യൂസ് ഡ്യൂഷ്ലണ്ടു് സമ്മതിക്കയുണ്ടായി. ഭരണകർത്താക്കൾക്കു വിശേഷിച്ചും ഉൽകണ്ഠാജനകമായ സംഗതി, അഭയാർത്ഥികളിൽ 64 ശതമാനം തൊഴിലാളികളും 53 ശതമാനം 25 നു താഴെ പ്രായമുള്ളവരുമാണെന്നതത്രേ.

## കാത്തലിക്കു് യൂണിയൻ ഓഫ് ഇന്ത്യ

### എറണാകുളം സമ്മേളനം

കാത്തലിക്കു് യൂണിയൻ ഓഫ് ഇന്ത്യയുടെ മാനേജിംഗ് കമ്മിററിയോഗം ജനുവരി ആദ്യം എറണാകുളത്തുവച്ചു നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു. തത്സംബന്ധമായി ചേരുന്ന സമ്മേളനത്തിൻെറയും അതിനോടനുബന്ധിച്ചു് അഖിലകേരള കത്തോലിക്കാകോൺഗ്രസ് നടത്തുവാനുദ്ദേശിച്ചിരിക്കുന്ന വിവിധ സമ്മേളനങ്ങളുടേയും വിജയകരമായ നടത്തിപ്പിലേക്കായി സംഘടിതമായിരിക്കുന്ന സ്വീകരണക്കമ്മിററിയുടെ ഒരു യോഗം ഡി: 8-ാം തീയതി സായാഹ്നത്തിൽ എറണാകുളം ഡോൺബോസ്കോ സ്കൂളിൽവച്ചു് അഖിലകേരള കത്തോലിക്കാകോൺഗ്രസ് പ്രസിഡണ്ടു് ഷെവ: വി. ജെ. ജോസഫിൻെറ അദ്ധ്യക്ഷതയിൽ കൂടി കേരളത്തിൻെറ നാനാഭാഗങ്ങളിൽനിന്നുമായി അൻപതില്പരം കത്തോലിക്കാപ്രമുഖർ യോഗത്തിൽ സംബന്ധിച്ചിരുന്നു. മി. എ. ജെ. സ്റ്റോൾട്ടു കൺവീനറായി ഒരു അക്കോമഡേഷൻകമ്മിററിയും മി. എം. സി. മാത്യു കൺവീനറായി ഒരു ഫൈനാൻസ്കമ്മിററിയും മി. പി കെ ഇട്ട്യപ്പു് കൺവീനറായി ഒരു പബ്ളിസിററികമ്മിററിയും മി. കെ. എം. ജോസഫ് കൺവീനറായി ഒരു ഓർഗനൈസിംഗ്കമ്മിററിയും മി. ജെ. കെ. വള്ളമററം കൺവീനറായി ഒരു കോഓർഡിനേഷൻ കമ്മിററിയും രൂപവല്ക്കരിക്കപ്പെട്ടു.



വേങ്ങൽ എന്ന സ്ഥലത്തു ദൈവാംബികയുടെ നാമത്തിൽ ലൂർദ്സ് സെൻറിനറി മെമ്മോറിയൽ ആയി പണിതീർത്തിട്ടുള്ള ദേവാലയം. ഈ ദേവാലയത്തിൻെറ ആശീർവ്വാദം ഡിസംബർ 26-ാം തീയതി തിരുവല്ലാ രൂപതാദ്ധ്യക്ഷൻ റൈററ് റവ. മാർ അത്തനാസിയോസ് തിരുമേനി നടത്തുന്നതാണു്

# ക്രിസ്മസ് അഥവാ പിറവിത്തിരുനാൾ

(ജെ. കട്ടയ്ക്കൽ)

“ക്രിസ്മസ്” എന്നു കേൾക്കുമ്പോൾ എത്രയെത്ര പാവനസ്മരണകളാണ് നമ്മുടെ മനസ്സിൽ ഉദിച്ചുയരുന്നത്! ഏററം ദരിദ്രരായിരുന്ന പരി. കന്യകമറിയവും വി. യൗസേപ്പും ബേത്സഹേമിൽ ചെന്നുചേരുന്നത്; അവിടെ അവർക്കു താമസിക്കുവാൻ ഒരു വസതി കിട്ടാതെ വിഷമിക്കുന്നത്; നിശയുടെ നിശ്ശബ്ദതയിൽ ഒരു നിസ്സാരനെപ്പോലെ ദൈവസുതൻ കാലിത്തൊഴുത്തിൽ പിറക്കുന്നത്; “പാലിക്കാനായ് ഭുവനമഖിലം, ഭൂതലേ ജാതനായ” ആ ദിവ്യശിശു പഴന്തുണിയാൽ ചുററപ്പെട്ട് വൈക്കോൽമെത്തയിൽ പള്ളികൊള്ളുന്നത്; “ഭൂപന്റെ വംശത്തിലുദിച്ച നാഥൻ” കുളിർകാററുമൂലം ക്ലേശം സഹിക്കുന്നത്; ദൈവദൂതന്മാർ സ്വർഗ്ഗീയഗാനം ആലപിക്കുന്നത്; അജപാലന്മാർ ദിവ്യഉണ്ണിയെ ആരാധിക്കാൻ പുറപ്പെടുന്നത്—ഇങ്ങനെ അനേകം രംഗങ്ങൾ ഒന്നിനുപുറകേ ഒന്നായി നമ്മുടെ മാനസദർപ്പണത്തിൽ പ്രത്യക്ഷപ്പെടുന്നു. നമ്മുടെ ബുദ്ധിയും മനസ്സും ഭാവനയുമെല്ലാം പുൽക്കൂട്ടിലെ പൊന്നുണ്ണിയുടെ പക്കലേക്കു തിരിയുന്നു.

ദൈവസുതന്റെ മനുഷ്യാവതാരംപോലെ മനുഷ്യഹൃദയങ്ങളെ ഇത്രയധികം ഹഠാദാകർഷിച്ചിട്ടുള്ള മറെറാരു സംഭവം ഉണ്ടായിട്ടില്ല. മനുഷ്യനെ രക്ഷിക്കുവാൻവേണ്ടി ദൈവം മനുഷ്യനായി പിറന്നുവെന്നത് ഏററവും ആഹ്ളാദജനകമായ ഒരു പരമാർത്ഥമാണ്; മറവികൊണ്ടു മായിക്കാൻകഴിയാത്ത ഒരു മഹാസംഭവമാണ്. അനേകം കവികൾ അവരുടെ കവനകലാപാടവം പ്രയോഗിച്ച് ഈ മനോഹരസംഭവത്തെ പാടിപ്പുകഴ്ത്തിയിട്ടുണ്ട്; സാഹിത്യകാരന്മാർ മനംകവരുന്ന ഭാഷയിൽ വർണ്ണിച്ചിട്ടുണ്ട്; ചിത്രകാരന്മാർ നയനാനന്ദകരമായ വിധത്തിൽ ചിത്രീകരിച്ചിട്ടുണ്ട്; ഇതെല്ലാം കണ്ടും കേട്ടും ഭക്തജനങ്ങൾ ആനന്ദബാഷ്പം തൂകിയിട്ടുണ്ട്.

നമ്മുടെ രക്ഷയ്ക്കായ് സർവ്വശക്തൻ ഒരു ബലഹീനശിശുവായി ഒരു ഗോശാലയിൽ പിറന്നുവെന്ന ചിന്ത നമുക്ക് ആശ്വാസവും പ്രത്യാശയും പ്രദാനംചെയ്യുന്നു. ഈ ഗഹനസത്യം നമുക്കു നിരന്തരം ധ്യാനവിഷയമായിരിക്കേണ്ടതാണ്. അസ്സീസിയിലെ വി. ഫ്രാൻസിസിന്, കാലിത്തൊഴുത്തിൽ പിറന്ന ദിവ്യഉണ്ണിയുടെ നേരെയുണ്ടായിരുന്ന ഭക്തി അവാച്യമായിരുന്നു. ഇന്നു നാം കാണുന്ന രീതിയിലുള്ള പുൽക്കൂടിന്റെ ഉപജ്ഞാതാവു അദ്ദേഹമാണ്. പുൽക്കൂട്ടിൽ പിറന്ന പൊന്നുണ്ണിയെ സ്വനേത്രങ്ങൾകൊണ്ടു കാണുവാൻ വിശുദ്ധൻ അതിയായി ആഗ്രഹിച്ചു. 1223-ാമാണ്ട് ക്രിസ്മസിന്റെ തലേദിവസം, ഫ്രാൻസിസിന്റെ ആഗ്രഹാനുസരണം, അദ്ദേഹത്തിന്റെ ശ്രേഷ്ഠമിത്രമായിരുന്ന ജിയോവാനി, ഒരു ചെറിയ തൊഴുത്തും അതിൽ ഒരു പുൽക്കൂടും കെട്ടിയുണ്ടാക്കി; തൊഴുത്തിൽ ജീവനുള്ള ഒരു കാളയേയും ഒരു കഴുതയേയും ബന്ധിച്ചുനിറുത്തി. പാതിരാത്രിയായപ്പോൾ ഫ്രാൻസിസും കൂട്ടരും പ്രക്ഷീണമായി, ഉണ്ണീശോയുടെ മെഴുകുകൊണ്ടുള്ള ഒരു രൂപവും വഹിച്ചുകൊണ്ട് പുൽക്കൂട്ടിലേക്കു ചെന്നു; തിരുസ്വരൂപം അവിടെ പൂജ്യമായി നിക്ഷേപിച്ചു. ചുററുമുള്ള കൃഷിസ്ഥലങ്ങളിൽനിന്നു് വിളക്കുകളും പന്തങ്ങളുമായി അവിടെ എത്തിയ കർഷകർ ഈ ഭക്തകൃത്യത്തിൽ കൗതുകപൂർവ്വം പങ്കുകൊണ്ടു. വി. ഫ്രാൻസിസ് ഉണ്ണീശോയുടെ രൂപം വഹിച്ചുകൊണ്ടു പോകുമ്പോൾ അതു പെട്ടെന്നു ജീവനുള്ളതായിത്തീർന്ന് വിശുദ്ധനെ ആശ്ലേഷിച്ചുവെന്ന് ഒരു ഐതിഹ്യമുണ്ട്. ഏതായാലും അക്കൊല്ലംമുതൽ പുൽക്കൂട് പ്രചാരത്തിൽവന്നു.

ദിവ്യരക്ഷകന്റെ പിറവിത്തിരുനാളാണല്ലോ ക്രിസ്മസ്. ക്രിസ്മസ് ഇന്നു സാർവ്വജനീനമായ ഒരാഹ്ളാദദിനമായിത്തീർന്നിരിക്കുന്നു ഡിസമ്പർ 25-ാം തീയതി തന്നെ എല്ലാവരും ഈ തിരുനാൾ ആഘോഷിക്കുകയും ചെയ്യുന്നു. എന്നാൽ ആദ്യകാലത്ത് ഇപ്രകാരമായിരുന്നില്ല. മൂന്നാംനൂററാണ്ടിൽ ഈജിപ്തിൽ ചിലർ ഏപ്രിൽ 19-ാം തീയതിയും മററു ചിലർ മേയ് 20-ാം തീയതിയും ക്രിസ്തുവിന്റെ ജന്മദിനം ആചരിച്ചിരുന്നു സൈപ്രസിലും മെസൊപ്പൊട്ടേമിയായിലും ജനുവരി 6-ാം തീയതിയും റോമിൽ ഡിസമ്പർ 25-ാം തീയതിയുമാണ് പിറവിത്തിരുനാൾ ആഘോഷിക്കപ്പെട്ടിരുന്നത്. ക്രിസ്ത്വബ്ദം 350-ാം ആണ്ടോടുകൂടി ഡിസമ്പർ 25-ാം തീയതി ക്രിസ്മസ്ദിനമായി ക്രൈസ്തവലോകം മുഴുവൻ അംഗീകരിച്ചു

ഡിസമ്പർമാസം 25-ാം തീയതി ക്രിസ്മസ് ആഘോഷിക്കുവാൻ ആദിമക്രിസ്ത്യാനികളെ പ്രേരിപ്പിച്ച ഒരു പ്രധാനസംഗതി അക്രൈസ്തവരുടെ ആഘോഷങ്ങളും ഉത്സവങ്ങളുമായിരുന്നു. ഡിസമ്പർ മാസാവസാനത്തിൽ പൗരാണികറോമക്കാർക്ക് അനേകം മേളങ്ങളും ഉത്സവങ്ങളുമുണ്ടായിരുന്നു. ഡിസമ്പർ 25-ാം തീയതി അവർ സൂര്യോത്സവം (solar feast) കൊണ്ടാടിയിരുന്നു. ജനുവരി 1-ാം തീയതി അവർക്കു സമ്മാനദാനദിന (strenae) മായിരുന്നു. ഈ ആചാരാനുഷ്ഠാനങ്ങളിൽ ആക്ഷേപണീയങ്ങളല്ലായവയെല്ലാംതന്നെ ക്രിസ്ത്യാനികൾ ക്രൈസ്തവീകരിച്ചെടുത്തു. അനാഗതരുടെ (pagans) സൂര്യോത്സവത്തിനുപകരം, നീതിസൂര്യനായ ഈശോമിശിഹായുടെ പിറവിത്തിരുനാൾ ക്രിസ്ത്യാനികൾ ആഡംബരപൂർവ്വം ആഘോഷിക്കുകയും, സന്തോഷസൂചകമായി “ക്രിസ്മസ്കാർഡു”കളും ഉപഹാരങ്ങളും പരസ്പരം സമ്മാനിക്കുകയും ചെയ്തു.

അക്രൈസ്തവരുടെയിടയിൽപ്പോലും ലോകരക്ഷകന്റെ തിരുപ്പിറവിയുടെ സ്മരണയെ നിലനിറുത്തുന്ന ഒന്നാണല്ലോ ക്രിസ്തുവർഷം. ക്രിസ്തുവിന്റെ ജനനത്തെ അടിസ്ഥാനമാക്കിയാണ് ക്രിസ്തുവർഷം എണ്ണപ്പെടുന്നത്. ക്രിസ്തുവിനു മുമ്പുള്ള കാലത്തെ ബി. സി. (B. C. = Before Christ) എന്നും പിമ്പുള്ള കാലത്തെ എ. ഡി. (A. D.) എന്നുമാണ് വിളിക്കുന്നത്. A. D. എന്നതിന്റെ പൂർണ്ണരൂപം, “Anno Domini = in the year of the Lord = കർത്താവിന്റെ വർഷത്തിൽ” എന്നാണ്. ക്രിസ്തുവർഷം ഇപ്പോൾ എല്ലായിടത്തുംതന്നെ നടപ്പിൽ വന്നിട്ടുണ്ട്. ക്രിസ്തുവർഷം പ്രചാരത്തിൽ വരുന്നതിനുമുമ്പ്, “റോമാനഗരത്തിന്റെ സ്ഥാപനത്തിന്റെ ശേഷം” (A. U. C. = Al urbe condita) “ഇന്ന”വർഷം എന്നായിരുന്നു റോമാക്കാർ കാലനിർണ്ണയം ചെയ്തിരുന്നത്. ക്രിസ്ത്വബ്ദം 6-ാം നൂററാണ്ടിൽ റോമിൽ ജീവിച്ചിരുന്ന ഡയനിഷ്യസ് എക്സിഗ്വസ് (Dionysius Exiguus) എന്ന ഒരു സിതിയൻ (Scythian) സന്യാസിയാണ് ക്രിസ്ത്വബ്ദം ക്രമപ്പെടുത്തിയത്. ഈശോ പിറന്ന വർഷം ക്രിസ്തുവർഷത്തിന്റെ പ്രഥമവത്സരമായി കണക്കാക്കണമെന്ന് ഡയനിഷ്യസ് നിശ്ചയിച്ചു. തദനുസരണം അദ്ദേഹം വത്സരങ്ങൾ ക്രമപ്പെടുത്തി. എന്നാൽ ഈശോയുടെ പിറവിക്കുശേഷം ഉദ്ദേശം ആറാമത്തെ വർഷത്തെയായിരുന്നു, ഈശോ പിറന്ന വർഷമായി അദ്ദേഹം തെററിദ്ധരിച്ചതെന്നു ചരിത്രകാരന്മാർ ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഈശോയെ വധിക്കണമെന്ന ഉദ്ദേശത്തോടുകൂടി, രണ്ടുവയസ്സിൽ കുറവുള്ള എല്ലാ ആൺകുട്ടികളേയും കൊല്ലാൻ ആജ്ഞാപിച്ച ഹേറോദേസ് ബി. സി. നാലാമാണ്ടാണ് മരിച്ചതെന്നുള്ളതിനു സ്പഷ്ടമായ ചരിത്രരേഖകളുണ്ട്. അതുകൊണ്ടു ഈശോയുടെ പിറവി ബി. സി. ആറാമാണ്ടിനോടടുത്താണെന്ന് ചരിത്രകാരന്മാർ സന്യായം അനുമാനിക്കുന്നു അങ്ങനെ ക്രിസ്തുവർഷം ആറാമാണ്ടായിരിക്കേണ്ടതു്, ക്രിസ്ത്വബ്ദം പ്രഥമവത്സരമായി ഡയനിഷ്യസ് പരിഗണിച്ചതിനാൽ ക്രിസ്തുവർഷത്തിൽ ആറു കൊല്ലങ്ങളോളം കുറവു സംഭവിച്ചിട്ടുണ്ട്. അതിനാൽ ആദ്യത്തെ ക്രിസ്മസ് കഴിഞ്ഞിട്ട് 1957 വർഷങ്ങളല്ല, കുറഞ്ഞതു്, 1957 + 6 = 1963 വർഷങ്ങളായിട്ടുണ്ട്.

ക്രിസ്മസ്, ക്രിസ്തുവിന്റെ പിറവിത്തിരുനാളായതുകൊണ്ടാണ് നമുക്കു ഏററവും ആനന്ദപ്രദമായിരിക്കുന്നത് നൂററാണ്ടുകൾക്കു മുമ്പ് ദീർഘദർശികളാൽ പ്രവചിക്കപ്പെട്ടിരുന്ന ലോകരക്ഷകൻ, നാകത്തിന്റെ കനിവിൽ, കാലത്തിന്റെ തികവിൽ, ബേത്സഹേമിൽ പുൽക്കൂട്ടിൽ ജാതനായി. ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ മനുഷ്യർക്കു സമാധാനവും നൽകുവാൻ, നിരാശയുടെ നീർച്ചുഴിയിലും അജ്ഞതയുടെ അന്ധകാരത്തിലും കിടന്നുഴലുന്നവരുടെമേൽ പ്രത്യാശയുടേയും സദാചാരബോധത്തിന്റേയും തങ്കക്കതിരുകൾ വിശുവാൻ അവിടുന്നു അവതീർണ്ണനായി. അങ്ങേ പാദാരവിന്ദങ്ങളിൽ നമുക്കു പ്രണമിക്കാം.

## പുൽക്കൂട്ടിൽ

(ഹിന്ദി: മേരാ സലാം ലേജാ......)

മന്നരിൽ മന്നനായി
മന്നിൽ പിറന്നൊരു
കന്യകാസൂനുതൻ
പിഞ്ചുകരങ്ങൾ ചുംബിക്കാം (2)

1. അമ്പിളി പാലൊളി ചൊരിയുമ്പോൾ (2)
അൻപെഴും ഗാനങ്ങൾ—ഇമ്പമായ് പാടവെ
നൽനീല വാനിഹാ വാനവരും— ഹാ......
“അത്യുന്നതങ്ങളിൽ— സ്വസ്തിസ്തുതിമുദാ
നിത്യവുമീശനു”— ഭക്ത്യാദരാൽ (മന്നരിൽ......

2. ശാന്തിതൻ പീയൂഷ കോവിലിൻ (2)
കാന്തിയുമേന്തി ഏ—കാന്തമാം പുൽക്കൂടും
ഹേമന്തകാന്തിയിൽ നീന്തി നീന്തി— ഹാ......
അന്ധകാരക്കരി—കമ്പിളിയും മാററി
മന്ദഹാസം പൊഴി—ഞ്ഞുല്ലസിപ്പൂ! (മന്നരിൽ......

3. മന്നിൽ നിൻനാമമയത്തി ഞാൻ (2)
മിന്നിടുമുജ്ജ്വല—പൊന്നിൻ ലിപികളിൽ
തിങ്ങിത്തുളുമ്പിത്തുടുത്തുനിൽക്കും— ഹാ......
ആയിരമായിരം—താരങ്ങളോടൊപ്പം
രാരിരം രാരിരം—പാടിടും ഞാൻ (മന്നരിൽ......

(ഡ്രസ്സ്. ജെ ശങ്കുരിക്കൽ, പൂന.)

(6-ാം പേജ് തുടർച്ച)

ന്റെ നിലനില്പിനു അവശ്യാവശ്യമായ ചില പദ്ധതികൾ നിർദ്ദേശിക്കുകയുണ്ടായല്ലോ. അവ എന്തെല്ലാമാണെന്നു കഴിഞ്ഞ ലക്കത്തിൽ പ്രതിപാദിച്ചിരുന്നു. ആ പദ്ധതികളോരോന്നും പ്രായോഗികമാക്കുന്നതിനുള്ള തിരക്കിട്ട പരിശ്രമങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. 40 കൊല്ലത്തെ പ്രവർത്തനങ്ങളുടെ പരാജയബോധത്തിൽ പരിഭ്രമചിത്തരായി അവർ കമ്മ്യൂണിസ്റ്റ്തത്വപ്രബോധനബദ്ധപ്പാടു കൊണ്ടുപിടിച്ചു നടത്തുകയാണ്. അതു ഭദ്രതരമാക്കുന്നതിനു ഉന്നതസ്ഥാനങ്ങളിലെല്ലാം പാർട്ടിക്കു ഉത്തമബോദ്ധ്യമുള്ള ആളുകളെ വച്ചാപ്പിക്കുന്നു. ഓരോ സ്ഥലത്തേയും പ്രവർത്തനങ്ങളെ പരിശോധിച്ചും റിപ്പോർട്ടുകൾ വരുത്തിയും ധൃതഗതിയിൽ നടപടികൾ പുരോഗമിപ്പിക്കുന്നു. പാർട്ടിനിയന്ത്രണത്തിലല്ലാത്ത പ്രസിദ്ധീകരണങ്ങൾ ഈ ബദ്ധപ്പാടിൽ വളരെ താല്പര്യം പ്രദർശിപ്പിക്കുന്നില്ലെങ്കിലും പാർട്ടിപത്രങ്ങളും അവർക്കു സ്വാധീനം ചെലുത്താവുന്ന ഇതര പ്രസിദ്ധീകരണങ്ങളും ഈ പ്രസ്ഥാനത്തെ പിന്താങ്ങുന്നതിൽ ഉൽസുകങ്ങളായിരിക്കുന്നു. സ്റ്റാലിന്റെ മരണത്തെത്തുടർന്നു റഷ്യയിലെ പത്രങ്ങളെല്ലാം സ്വീകരിച്ച അഭിപ്രായപ്രകടനസ്വാതന്ത്ര്യബോധം നിയന്ത്രിക്കുന്നതിനാണ് ഇന്നു പാർട്ടിനേതൃത്വം ബദ്ധപ്പെടുന്നത്. കമ്മ്യൂണിസത്തിനെതിരായ പ്രക്ഷോഭണറിപ്പോർട്ടുകളൊന്നും അവയിൽ പ്രസിദ്ധീകരിക്കാൻ അനുവാദമില്ല. ഇങ്ങനെ പൊതുവിമർശനങ്ങളിൽനിന്നും പ്രസിദ്ധീകരണങ്ങളിൽനിന്നും ബഹിഷ്കരിക്കപ്പെട്ടിട്ടുള്ള കമ്മ്യൂണിസ്റ്റ് വിരുദ്ധമനോഭാവം ജനഹൃദയങ്ങളിലേക്കു ആണ്ടിറങ്ങി അവിടെ ഒരു അഗ്നിപർവ്വതം ഇരമ്പിക്കൂട്ടുകയാണ്.

അങ്ങിങ്ങായി കടന്നുപോകുന്ന ചില പത്രറിപ്പോർട്ടുകൾ തന്നെ ഇതിനു് ധാരാളം തെളിവു നൽകുന്നുണ്ട്. “ചിലസ്ഥലങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രവും മാർക്സിസ്റ്റ് തത്വങ്ങളും സംബന്ധിച്ച പഠനം നിശ്ശേഷം നിന്നുപോയിട്ടുണ്ട്.” (Party Life No 18 1957). “കമ്മ്യൂണിസ്റ്റ് യുക്രൈൻ” 1957 ലെ 9-ാം ലക്കത്തിൽ പറയുന്നു, യുക്രൈനിൽ 1955-ൽ 433,000 പാർട്ടി ചരിത്ര വിദ്യാർത്ഥികളുണ്ടായിരുന്ന സ്ഥാനത്ത് 1956-ൽ 140,000 വിദ്യാർത്ഥികൾ മാത്രമേയുണ്ടായിരുന്നുള്ളുവെന്നു്. മേലുദ്ധരിച്ച “പാർട്ടി ലൈഫ്” പത്രം തന്നെ വീണ്ടും പറയുന്നു:- “മതലാളിത്വാദർശങ്ങളുടെ പ്രകടനങ്ങൾ അവിടവിടെ ദൃശ്യമാകുന്നുണ്ട്. അവരുടെ റേഡിയോകൾ വഴിയും ബന്ധുമിത്രാദികൾ മാർഗ്ഗം ധാരാളമായി വിതരണം ചെയ്യപ്പെടുന്ന ലഘുലേഖകൾ വഴിയും ഇതു സാധിക്കുന്നു. വിദേശങ്ങളിൽ താമസിക്കുന്ന അവർ സോവ്യററു യൂണിയനിലെ അവരുടെ ബന്ധുമിത്രാദികളുമായി സമ്പർക്കം പുലർത്തിപ്പോരുന്നു. ഇവ കൂടാതെ “നാഷനലിസ്റ്റ് അഭിലാഷങ്ങളും മതപരമായ അന്ധവിശ്വാസങ്ങളും മററും” പ്രകടിതമാകുന്നുമുണ്ട്. ഈ പരാമർശനങ്ങളിൽനിന്നു മർക്സിസത്തെ പൊതുജനങ്ങൾ എങ്ങിനെ വെറുക്കുന്നു എന്നും, അതിനെ അടിച്ചേല്പിക്കുന്നതിനുള്ള കമ്മ്യൂണിസ്റ്റു പാർട്ടി മേധാവിത്വത്തിന്റെ ശ്രമങ്ങൾ എങ്ങിനെ അടിക്കടി വിഫലങ്ങളായിക്കൊണ്ടിരിക്കുന്നുവെന്നും ഊഹ്യമാണല്ലോ. “പാർട്ടി ലൈഫ്” പത്രം വീണ്ടും പറയുന്നു:- “എല്ലാ ആളുകളെയും എല്ലാ പ്രവർത്തനങ്ങളെയും വാചാലതയോടുകൂടിയും താച്ചുകൊള്ളുന്ന രീതിയിലും വൃഥാ വിമർശിച്ചുള്ള പ്രസംഗങ്ങൾ നടത്തുന്നവരെ ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല.” ഈ വിമർശനമനോഭാവം ജനതയിൽ ഇല്ലാതാക്കുന്നതിനു ബാഹ്യലോകവുമായുള്ള ഇടപെടൽ തടയുകയും രാജ്യത്തിനകത്തു കമ്മ്യൂണിസ്റ്റ് പ്രബോധനം ശക്തിപ്പെടുത്തുകയുമാണ് പാർട്ടി സ്വീകരിച്ചിട്ടുള്ള പദ്ധതി. “പാർട്ടി ലൈഫ്” പത്രം ഒരിടത്തു പറയുന്നുണ്ട്:- “നമ്മുടെ പ്രക്ഷേപണകേന്ദ്രങ്ങളായ മോസ്കോയുടേയും കിവിന്റേയും സ്വരം എല്ലാ കുടിലുകളിൽപോലും കേൾക്കത്തക്കവണ്ണം റേഡിയോ റിലെസ്റ്റേഷനുകൾ വർദ്ധിപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു”. പുറമേ നിന്നുള്ള സ്വരം ആരും കേട്ടുപോകാൻ ഇടവരരുതെന്നാണിതിനർത്ഥം. അതു വീണ്ടും പറയുന്നു:- “തിരഞ്ഞെടുപ്പുകൾ കൗശലപൂർവ്വം നയിക്കപ്പെടണം; ഇടർച്ചയ്ക്കു ഇടയാക്കരുത്”... പ്രധാനപ്പെട്ടസ്ഥാനങ്ങളിലേക്ക്, പാർട്ടി ആദർശമനുസരിച്ചു തന്റേടത്തോടുകൂടി പ്രവർത്തിക്കുന്നതിനു പററിയവരെ നുപ്രായോഗികമായി തെളിയിച്ചിട്ടുള്ള പുതിയ പ്രവർത്തകരെ ശുപാർശചെയ്യുവാൻ പാർട്ടിപത്രങ്ങൾ ധൈര്യമായി മുമ്പോട്ടുവരണം” എന്നു്. ഇങ്ങനെ ഭരണകൂടത്തിന്റെ പ്രമുഖസ്ഥാനങ്ങളിലെല്ലാം കമ്മ്യൂണിസ്റ്റു പാർട്ടിക്കു ഇഷ്ടപ്പെട്ടവരെ മാത്രം പ്രതിഷ്ഠിക്കുന്നതിനുള്ള ശ്രമങ്ങൾ തിരഞ്ഞെടുപ്പുകളിൽ ശ്രദ്ധാപൂർവ്വം നിർവ്വഹിച്ചുപോരുന്നു. തിരഞ്ഞെടുപ്പുദ്യോഗസ്ഥന്മാർ മുൻകൂട്ടി പാർട്ടിയുടെ അഭിപ്രായം മനസ്സിലാക്കി, ആ നിർദ്ദേശം നടപ്പിലാക്കുന്നതിനു പററിയ ഒരു പ്രഹസനമായി തിരഞ്ഞെടുപ്പു നടത്തുന്നു. ആരെങ്കിലും ഏതെങ്കിലും വിധത്തിൽ പാർട്ടിയുടെ അഭിലാഷത്തിനു യോജിക്കാത്തവരെ തിരഞ്ഞെടുക്കുവാൻ ഇടയായാൽ അവരെ യാതൊരു കാരണവും കൂടാതെ മാററി പകരം പാർട്ടിയുടെ ഇഷ്ടത്തിനൊത്ത വ്യക്തിയെ നിയമിക്കാനും നേതൃത്വം അമാന്തിക്കാറില്ല. റെയി ഓൺ കമ്മിററി സിക്രട്ടറി ഷിയാരക്കോവിസ്കിയും, പാർട്ടി റെയി ഓൺ കമ്മിററി സിക്രട്ടറി കൊസ്ലോവിഷ ചിൻസ്കിയും ഇപ്രകാരം അവരുടെ തിരഞ്ഞെടുക്കപ്പെട്ട സ്ഥാനങ്ങളിൽ നിന്നു പുറംതള്ളപ്പെട്ടവരാണ്. ചുരുക്കത്തിൽ റഷ്യയിൽ പാർട്ടി ഭരണം സ്വേച്ഛാധിപത്യമോഡലിൽ ഊനമില്ലാതെ കെട്ടിയുറപ്പിക്കുവാൻ എല്ലാവിധ മാർഗ്ഗങ്ങളും നിഷ്കൃഷ്ടമായി നടത്തിപ്പോരുന്നു. ദുർബ്ബലരായ ജനവിഭാഗം

# മതപഠനവും വിദ്യാഭ്യാസവും

(മാത്യു കെ. വാണിശ്ശേരി ബി. എസ്സ് സി.)

ലോകം പുരോഗതിയിൽനിന്നും പുരോഗതിയിലേക്കു പറന്നുയരുകയാണു്. ആററംബോമ്പിലും കോബോൾട്ടുബോമ്പിലും നിന്നു ശാസ്ത്രം റോക്കററിലേക്കും കുട്ടിച്ചന്ദ്രനിലേക്കും കടന്നിരിക്കുന്നു. മനുഷ്യൻെറ ജീവിതസുഖസൗകര്യാദികൾക്കാവശ്യമായ സജ്ജീകരണങ്ങൾക്കുവേണ്ടി അവൻ വിരണ്ടോടുന്നു. എന്നാൽ ജീവിതത്തിൻെറ ആന്തരാത്മത്തെസംബന്ധിച്ചു ചിന്തിക്കുന്നവർ എത്രയോ വിരളം! സന്മാർഗ്ഗവും സദാചാരവും ചവിട്ടിത്തേക്കുന്നതാണുപോലും പുരോഗമനം! മതത്തേയും മതതത്വങ്ങളേയും സംബന്ധിച്ചു് ചിന്തിക്കുന്നവർ പിന്തിരിപ്പന്മാരും മൂരാച്ചികളുമാണത്രെ! "മതം മനുഷ്യരുടെ മനംമയക്കുന്ന കറുപ്പാണെന്നു" കണ്ണുമടച്ചു വിശ്വസിച്ചു് മതപഠനത്തെ മാററിനിറുത്തിയും സാന്മാർഗ്ഗികമൂല്യങ്ങളെ മാനിക്കാതേയുമുള്ള നെട്ടോട്ടം ഭയങ്കരങ്ങളായ പരിണതഫലങ്ങൾ പുറപ്പെടുവിക്കുകയില്ലേയെന്നു ബുദ്ധിജീവികൾ ഗാഢമായി ചിന്തിക്കേണ്ടതാണു്.

മനുഷ്യൻ ഈ യുഗത്തിൽ പൂർവ്വാധികം അസ്വസ്ഥനായി കാണപ്പെടുന്നു. അത്ഭുതാനന്ദാദിവികാരങ്ങൾകൊണ്ടു മനുഷ്യനെ വിവശനാക്കുന്ന ആധുനികകണ്ടുപിടുത്തങ്ങൾ അവനെ സംതൃപ്തനാക്കുന്നില്ല. യുഗയുഗങ്ങളിൽ പടുത്തുയർത്തിയ മനുഷ്യസംസ്കാരത്തിൻെറ കൂടാരങ്ങൾ വലിച്ചുപൊളിക്കുകയും പുതുക്കിപ്പണിയുകയും ചെയ്യുന്നതു അവൻ വായിച്ചറിയുന്നുണ്ടു്. പക്ഷെ ജിജ്ഞാസുവായ മനുഷ്യൻ അസംതൃപ്തനാണു്. ഒരു നിമിഷംമുൻപു് സസ്യശ്യാമളമായി പരിലസിച്ചിരുന്ന മലർവാടിയെ അടുത്തക്ഷണത്തിൽ ശ്മശാനപ്രായമാക്കുവാനുള്ള ആധുനികമാരകായുധങ്ങളുണ്ടെങ്കിലും, ഇന്നു എവിടേയും ഇല്ലായ്മയുടെ ഒരു വല്ലായ്മയാണു ദർശിക്കുന്നതു്. ഇതു മറെറാന്നുമല്ല, മതത്തേയും ഈശ്വരനേയും സംബന്ധിച്ചുള്ള അറിവിൻെറ അഭാവമാണു് സൃഷ്ടിയും സ്രഷ്ടാവുമായുള്ള ബന്ധം ശിഥിലമാക്കുവാനുള്ള പരിശ്രമങ്ങളാണിന്നു നടക്കുന്നതു്. "ആദ്യം ദൈവരാജ്യവും അതിലെ നീതിയും അന്വേഷിക്കുക, ബാക്കിയുള്ളതെല്ലാം നിങ്ങൾക്കു നൽകപ്പെടു"മെന്നു പറഞ്ഞ ക്രിസ്തുവിൻെറ വാക്കുകൾ വിസ്മൃതിയിൽ തള്ളുകയാണിന്നു്. ദൈവഭയം വിജ്ഞാനത്തിൻെറ ആരംഭമാണെന്നു സോളമൻ പറഞ്ഞതു് പലർക്കും അജ്ഞാതമാണു്. ഈ അടിസ്ഥാനതത്വങ്ങളിൽനിന്നു ലോകം ബഹുദൂരം അകന്നു സഞ്ചരിക്കുകയാണു്. ഇതുതന്നെയാണു് അസംതൃപ്തിക്കു നിദാനവും.

മനുഷ്യൻ ബുദ്ധി, മനസ്സു്, ശരീരം എന്നിവയോടുകൂടിയ ഒരു ജീവിയാണു്. ഈ മൂന്നു ഘടകങ്ങളുടേയും പരിപോഷണമാണു് സാധിക്കേണ്ടതു്. മനുഷ്യമനസ്സിൻെറ സംസ്കരണമാണു മതപഠനംകൊണ്ടു നേടുന്നതു്. ആൽബർട്ടു് ഐൻസ്റ്റിൻെറ വാക്കുകൾ അനുസ്മരണാർഹമാണു്: "വിദ്യാലയം മനുഷ്യബുദ്ധിയെ അഭ്യസിപ്പിക്കുന്നു സഭ മനുഷ്യമനസിനു പരിശീലനം നൽകുന്നു. വിദ്യാലയം ഒരു വിദ്യാർത്ഥിക്കു വിജ്ഞാനം പ്രദാനംചെയ്യുമ്പോൾ ആ വിജ്ഞാനത്തെ എങ്ങനെ ഉപയോഗിക്കണമെന്നു സഭയാണു പഠിപ്പിക്കുന്നതു്." അന്നന്നു മിന്നിപ്പൊലിയുന്ന ആദർശാഭാസങ്ങളെ അന്ധമായി അനുഗമിക്കാതെ, സത്യത്തിനും നീതിക്കും സ്ഥാനംകല്പിക്കുന്ന ഒരു സമുദായത്തെ വാർത്തെടുക്കുന്നതിനും, അതിൽ മനുഷ്യനെ സാംസ്കാരികമായി പ്രബുദ്ധനാക്കുവാനും മതതത്വങ്ങളെ സംബന്ധിച്ചുള്ള അറിവു അപരിത്യാജ്യമാണു്.

മനുഷ്യരുടെ ഏതു പ്രവർത്തനമണ്ഡലത്തിൽ ശ്രദ്ധപതിപ്പിച്ചാലും അവനിലുള്ള മതബോധത്തിൻെറ മാറററിയാൻസാധിക്കും. രാഷ്ട്രീയാന്തരീക്ഷംതന്നെ ഉദാഹരണമായി എടുക്കുക പ്രബുദ്ധരായ ദേശീയനേതാക്കളുടെ പിന്നിൽ ആവേശഭരിതരായി ആത്മാർപ്പണം ചെയ്യുവാൻപോലും സന്നദ്ധരായി അടരാടിയതിൻെറ ഫലമായിട്ടാണല്ലൊ ആദിത്യനസ്തമിക്കാത്ത ബ്രിട്ടീഷുകാരെ കെട്ടുകെട്ടിക്കുവാനും ഒരു സ്വതന്ത്രപരമാധികാരജനകീയറിപ്പബ്ലിക്കു പടുത്തുയർത്തുവാനും ആർഷനാടിൻെറ സന്താനങ്ങളായ നമുക്കു കഴിഞ്ഞതു്. ഈ മഹാസംഭവത്തിനുശേഷം നീണ്ട വർഷങ്ങൾ പലതും കടന്നുപോയി. എന്നാൽ ഇന്നും മുത്തുകളും രത്നങ്ങളും ഉയർന്നുവരേണ്ട ജനാധിപത്യത്തിൻെറ അടിത്തട്ടിൽനിന്നും ദുഷിച്ച നീർക്കുമിളകളാണു പൊന്തിവരുന്നതു്. ജനകീയത്തിൻെറ അടിത്തട്ടിൽ അഴുക്കുകെട്ടിക്കിടക്കുന്നതാണിതിനു കാരണം. ജനകീയസമ്പ്രദായത്തിൻെറ അടിസ്ഥാനമായ വ്യക്തികളെ വൃത്തിയാക്കുവാനും സംസ്കരിക്കുവാനും അവശ്യംആവശ്യമായ മതപഠനത്തിൻെറ അഭാവമാണു് ഇതിനു കാരണമെന്നു അല്പം ചിന്തിച്ചാൽ ആർക്കും ബോദ്ധ്യപ്പെടും.

മതവും സന്മാർഗ്ഗവും രാഷ്ട്രീയാഭിവൃദ്ധിക്കു അപരിത്യാജ്യങ്ങളെന്നു ജോർജ് വാഷിംഗ്ടൺ വ്യക്തമാക്കുന്നതു നോക്കുക:"രാഷ്ട്രീയാഭിവൃദ്ധിക്കു നിദാനമായ എല്ലാം മനോഭാവങ്ങളിലും സ്വഭാവവിശേഷങ്ങളിലുംവച്ചു് അവശ്യം ആവശ്യമായ താങ്ങു് മതവും ധാർമ്മികത്വവുമാണു്." സാമുദായികാനീതികളുടെ അലയടിയിൽ സാധുക്കളുടെ ജീവിതം മുങ്ങിമറയുന്നതുകണ്ടു കരളലിഞ്ഞു് ഒരു സാമൂഹികസാമ്പത്തികപുനഃസംവിധാനത്തിനായി കണ്ണുനീർ പൊഴിക്കുന്നവർ ആദ്യം ചെയ്യേണ്ടതു് മതാദർശങ്ങളെ വേരുറപ്പിക്കുകയാണു്. കാരണം, സാന്മാർഗ്ഗികമൂല്യങ്ങൾക്കു സ്ഥാനമില്ലാത്ത ഒരു സമുദായത്തിൽ. ധാർമ്മികമായി ശക്തിപ്രാപിക്കാത്ത ഒരു രാഷ്ട്രത്തിൽ, ഏതു രീതിയിലുള്ള ഭരണസമ്പ്രദായം പരീക്ഷിച്ചുനോക്കിയാലും ശാശ്വതമായ അഭിവൃദ്ധിയോ സാക്ഷാത്തായ സമാധാനമോ സംജാതമാകയില്ല. മതതത്വങ്ങളുടെ മജ്ജയില്ലെങ്കിൽ മനുഷ്യസമുദായശരീരം വാടിത്തളർന്നുവീഴും. ഇന്നു മനുഷ്യസമുദായശരീരം ആധുനികകണ്ടുപിടുത്തങ്ങളാകുന്ന ആഭരണങ്ങൾ അണിഞ്ഞിട്ടുണ്ടെങ്കിലും നിവർന്നുനില്ക്കുവാനാവാതെ വിഷമിക്കുകയാണു്. അതിൻെറ വിവിധാവയവങ്ങളെ "വിപ്ലവം" വേദനിപ്പിക്കുന്നുണ്ടു്. ഈ നില മാറണമെന്നാഗ്രഹിക്കുന്നവരുണ്ടെങ്കിൽ, നീതിയും, സാഹോദര്യവും, സമാധാനവും പുലരണമെന്നാഗ്രഹിക്കുന്നവരുണ്ടെങ്കിൽ, പുരോഗതിയുടെ പൊൻപുലരിക്കുവേണ്ടി, പ്രതീക്ഷകളുടെ പൂവണിയലിനു വേണ്ടി, മതാദർശങ്ങളെ മുറുകെ പുണരട്ടെ.

സർ സി. പി. രാമസ്വാമി അയ്യർ വഞ്ചിനാടിൻെറ ദിവാൻജിയായിരുന്ന കാലത്തു് ഉന്നതന്മാരായ 43 ആളുകളടങ്ങിയ (25 ഹൈന്ദവർ, 16 ക്രിസ്ത്യാനികൾ, 2 മുസ്ലിമങ്ങൾ) ഒരു "എഡ്യൂക്കേഷൻ റി ഓർഗനൈസേഷൻ" കമ്മിററി രൂപവല്ക്കരിക്കപ്പെടുകയുണ്ടായി. ഈ കമ്മിററി 1945 മേയ്മാസത്തിൽ അതിൻെറ റിപ്പോർട്ടു ഗവമ്മെൻറിനു സമപ്പിച്ചപ്പോൾ മതാഭ്യസനത്തിൻെറ ആവശ്യകതയെ അനിഷേദ്ധ്യമാംവിധം രേഖപ്പെടുത്തിയിട്ടുണ്ടു്. ഒരു വാചകം ചുവടെ ചേർക്കാം: "മതാഭ്യസനം വിദ്യാഭ്യാസത്തിൻെറ അവിഭാജ്യവും അനിവാര്യവുമായ ഒരു ഘടകമാണെന്നും, ശരിയായവിധം ക്രമവല്ക്കരിക്കപ്പെട്ടിട്ടുള്ള മതപഠനത്തിനു വിദ്യാഭ്യാസത്തിൽ സ്ഥാനമനുവദിക്കാത്തതുമൂലം മനുഷ്യൻെറ വ്യക്തിത്വത്തിലും സ്വഭാവത്തിലും പിന്നീടു പരിഹരിക്കാൻസാദ്ധ്യമല്ലാത്ത ചില പോരായ്മകൾ വരുത്തിവയ്ക്കുകയാണു ചെയ്യുന്നതെന്നും ഈ കമ്മിററിക്കു പരിപൂർണ്ണബോദ്ധ്യമായിരിക്കുന്നു." മതാഭ്യാസനംകൂടാതെയുള്ള വിദ്യാഭ്യാസം വെറും മിഥ്യയാണെന്നും, അത്തരം വിദ്യാഭ്യാസത്തിനു ജീവിതത്തെ കരുപ്പിടിപ്പിക്കുവാൻ കഴിയാതെപോകുമെന്നും പ്രസിദ്ധ പണ്ഡിതനായ ചാർസ് എം. ഷെൽഡൽ പറഞ്ഞിട്ടുള്ളതു് ഇത്തരുണത്തിൽ ശ്രദ്ധേയമാണു്. അദ്ദേഹം പറയുന്നു: "മതപഠനം കൂടാതെയുള്ള വിദ്യാഭ്യാസം ഒരു തികഞ്ഞ വിഡ്ഢിത്തംമാത്രമല്ല; അതൊരു തോന്ന്യാസമാണു്. നാം മതത്തെക്കുറിച്ചുള്ള ജ്ഞാനം സ്കൂളുകളിൽ നൽകുന്നില്ലെങ്കിൽ, ഒരു രാഷ്ട്രമെന്ന നിലയിൽ നാം അധഃപ്പതിക്കും; ജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിനേക്കാൾ സംഭവപരമ്പരകളെ വർദ്ധിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്ന രാഷ്ട്രങ്ങൾക്കുണ്ടായ അനുഭവങ്ങൾതന്നെ നമുക്കും നേരിടുന്നതാണു്."

മതാഭ്യസനത്തിനു് നൂറുശതമാനവും മതാത്മകമായ കൃതികളേ ഉപയോഗപ്പെടുത്താവൂ എന്നില്ല. ഒന്നാന്തരം മതതത്വങ്ങളെ കൂട്ടിയുരുക്കി വാർത്തെടുക്കുന്ന ഉത്തമകലാശില്പങ്ങളുടെ ആസ്വാദനവും ഒട്ടൊക്കെ മതപരമായ അറിവു പ്രദാനം ചെയ്യുവാൻ പോരുന്നവയാണു്. പക്ഷേ, പരിതാപകരമായ ഒരു പരമാർത്ഥം, ഇന്നത്തെ പല ഗ്രന്ഥങ്ങളും മതത്തെ മനഃപൂർവ്വം താറടിക്കുവാൻ കല്പിച്ചുകൂട്ടി ചമച്ചിറക്കിയിരിക്കുന്നു എന്നതാണു്. നമ്മുടെ സാഹിത്യം, മതത്തേയും, മതാധികാരികളേയും ചെളിവാരിയെറിയുവാനുള്ള ഒരു മാർഗ്ഗമായി മാറിയിരിക്കുകയാണു്. ഇങ്ങനെയുള്ള ഗ്രന്ഥങ്ങൾ പാഠപുസ്തകങ്ങളാക്കുവാൻപോലും ചിലർക്കു യാതൊരു സങ്കോചവുമില്ല പിഞ്ചുകുഞ്ഞുങ്ങളുടെ ചിന്താഗതിയെ കോട്ടിവളയ്ക്കുവാൻ എന്തൊക്കെ ശ്രമങ്ങളാണു നടത്തുന്നതെന്നു ഊഹിക്കുവാൻപോലും സാധിക്കുന്നില്ല. ഈ വസ്തുതകൾ ഗൗരവാവഹമായി ചിന്തിക്കപ്പെടേണ്ടവയാണു്. മനുഷ്യൻെറ മാനസികാരോഗ്യത്തെ തച്ചുടയ്ക്കുന്ന, സാമൂഹികജീവിതത്തിൻെറ ധാർമ്മികലാവണ്യത്തെ താറുമാറാക്കുന്ന, നീതിബോധത്തിനു കത്തിവയ്ക്കുന്ന, സാഹിത്യാഭ്യാസങ്ങളെ ചെറുക്കുവാൻ ഈ വൈകിയ വേളയിലെങ്കിലും വേണ്ടപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണു്.

കലാമൂല്യങ്ങളേയും മാനുഷികമൂല്യങ്ങളേയും ആദരിക്കുന്ന സാഹിത്യകാരന്മാരുടെ ഒരു അണിയാണു് ഇന്നു നമുക്കാവശ്യം. പിന്തിരിപ്പൻ പാർട്ടികളുടെ ആരാധകരല്ലാതെ, നിരീശ്വരത്വവും വർഗ്ഗവൈരവും കുത്തിവയ്ക്കുന്നവരല്ലാതെ, മനുഷ്യസാഹോദര്യത്തെ സൗന്ദര്യാത്മകമായി ചിത്രീകരിക്കുന്ന സാഹിത്യകാരന്മാർ നിരന്നിറങ്ങിയില്ലെങ്കിൽ അസത്യം സത്യത്തെ കുത്തികഴിച്ചു വിജയംവരിക്കും. അതുകൊണ്ടു് ഉത്തമസാഹിത്യകാരന്മാരുടെ ഒരു മുന്നണി രൂപീകരിച്ചുകൊണ്ടു്, മതത്തിൻെറനേരെയും സന്മാർഗ്ഗത്തിൻെറനേരെയും തൊടുത്തുവിടുന്ന അടിസ്ഥാനരഹിതമായ ആക്ഷേപശരങ്ങൾക്കൊരറുതി വരുത്തുവാൻ, സംഘടിതമായി ഒരു ധർമ്മയുദ്ധംതന്നെ ഉൽഘാടനം ചെയ്യണം.

മതപരമായ പഠനങ്ങളെയും അവയെ ജീവിതത്തിൽ പകർത്തേണ്ട ആവശ്യകതയേയുംപററി പറയുമ്പോൾ, ചിലർ വ്യക്തിസ്വാതന്ത്ര്യത്തിനു ചുററും മുള്ളുവേലി കെട്ടുന്നതായും, ചിന്തയ്ക്കു ക്ലൂച്ചുവിലങ്ങിടുന്നതായും വ്യാഖ്യാനിച്ചുവിടാറുണ്ടു്. ഉപരിപ്ലവബുദ്ധിയെന്നേ ഇതിനു പറയാനുള്ളു. മതം ആരേയും പിടിച്ചുനിറുത്തി അവൻെറ ചുമലിൽ ഒന്നും കെട്ടിവയ്ക്കുന്നില്ല. ആദ്ധ്യാത്മികമായി അസ്ഥിവാരമിട്ട മനുഷ്യപുരോഗതിയുടെ സൗധം അവനിൽ കെട്ടിപ്പൊക്കുവാനാണു് മതം ആഗ്രഹിക്കുന്നതു്. സുപ്രസിദ്ധതത്വചിന്തകനായ ചാൾസ് ഗ്രെഷാ മതാഭ്യസനത്തിൻെറ ആവശ്യകതയെ അസന്ദിഗ്ദ്ധമായ ഭാഷയിൽ വ്യക്തമാക്കുന്നതു ശ്രദ്ധാർഹമാണു്: "മനുഷ്യജീവിതത്തെ വിജയോന്മുഖമായ അതിൻെറ പരമലക്ഷ്യത്തിലേക്കാനയിക്കുവാൻ മതവും വിദ്യാഭ്യാസവും ഒത്തൊരുമിച്ചു പോകേണ്ടിയിരിക്കുന്നു… …അതുകൊണ്ടു്, നാടൊക്കെ പ്രൈമറിവിദ്യാലയങ്ങൾ തുടങ്ങി യൂണിവേഴ്സിററികൾവരെയുള്ള വിവിധവിദ്യാഭ്യാസസ്ഥാപനങ്ങളിൽ മതാഭ്യസനം അത്യാവശ്യമാണു്; അതിനു സ്ഥാനമനുവദിക്കുകയുംവേണം."

എല്ലായിടത്തും സൗഭാഗ്യത്തിനുള്ള പിപാസയാണു ദൃശ്യമാകുന്നതു്. ഈ സൗഭാഗ്യം എങ്ങനെ കരഗതമാകുമെന്നാലോചിക്കുവാൻ അധികംപേർ മെനക്കെടാറില്ല സൗഭാഗ്യത്തിനു സൗഭ്രാത്രത്തിൻെറ ബന്ധം ഉറപ്പിക്കണം. അല്പംകൂടി വ്യക്തമായി പറഞ്ഞാൽ ഓരോ മനുഷ്യനും, ലംബം ആയ (Perpendicular) ഒരു ബന്ധം ദൈവത്തോടും, തിരശ്ചീനമായ (horizontal) മറെറാരു ബന്ധം അവൻെറ സഹോദരനോടും ഉണ്ടായിരിക്കണം. വേറൊരു സത്യവുംകൂടി നാം ധരിക്കണം. വിപ്ലവത്തിനു ഈ പറഞ്ഞ ബന്ധങ്ങൾ പുലർത്തുവാൻ സാധിക്കുകയില്ല. കണ്ടുപിടുത്തങ്ങൾക്കു ഈ കെട്ടുറപ്പിക്കുവാൻ കഴിയുകയില്ല എന്നാൽ മതാഭ്യസനത്തിനു അനായാസേന സാധിക്കും.

---

ഈ ഇരുമ്പുമറകത്തിനു കീഴ്പ്പെട്ടു ഗത്യന്തരമില്ലാതെ വഴങ്ങുന്നു. പക്ഷെ അവരുടെ സ്വാതന്ത്ര്യബോധവും മനുഷ്യോചിതമായ മൗലികാവകാശപ്രവണതകളും ഉള്ളിൽ തിളച്ചുപൊങ്ങിക്കൊണ്ടാണിരിക്കുന്നതു്.

---

ആദ്ധ്യാത്മികവീഥി

## മറുപടികൾ (തുടർച്ച)

ദൈവത്തിൻെറ വത്സലമക്കളേ, വിശപ്പടക്കിയിട്ടുവേണം സ്വർഗ്ഗീയകാര്യങ്ങളെക്കുറിച്ചു ചിന്തിക്കാൻ. അതുകൊണ്ടു ആദ്യംതന്നെ വിശപ്പടക്കുന്നതിനുള്ള മാർഗ്ഗമാണു നിർദ്ദേശിച്ചുകൊടുക്കേണ്ടതു് എന്നു് അഭിപ്രായപ്പെട്ടുകൊണ്ടു ഒരാൾ അയച്ച കത്തിനു മറുപടിയായി ഈ ആദ്ധ്യാത്മികവീഥിയല്ല അതിനുപററിയ പംക്തി എന്നെഴുതിയിരുന്നല്ലോ.

എങ്കിലും ഒന്നുരണ്ടു സംഗതികൾ സൂചിപ്പിക്കുന്നതു് ഉപകാരപ്രദമായിരിക്കുമെന്നു വിചാരിക്കുന്നു. ധനവാൻ ആർഭാടങ്ങൾക്കായി ധൂർത്തടിച്ചുകളയുന്ന പണം സാധുസംരക്ഷണത്തിനായി ചെലവഴിച്ചിരുന്നെങ്കിൽ രണ്ടുകൂട്ടർക്കും ആദ്ധ്യാത്മികപ്രയോജനം ഉണ്ടാകുമായിരുന്നു എന്നുള്ളതിൽ രണ്ടുപക്ഷമില്ല. എന്നാൽ ബുദ്ധിമുട്ടി പണമുണ്ടാക്കുന്നവനു അവൻെറ സുഖസൗകര്യാദികൾക്കായി സാധാരണക്കാരേക്കാൾ കുറേക്കൂടി കൂടുതൽ പണം ചെലവുചെയ്യുന്നതിനുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ, മനുഷ്യപ്രകൃതിയനുസരിച്ചു്, അവൻ ബുദ്ധിമുട്ടാൻ മുതിരുകയില്ല. വൻതോതിലുള്ള കൃഷിവ്യവസായാദികൾക്കായി മുൻപോട്ടുവരുന്നതിനു് ആളില്ലാതെയും വരും. അതു സമുദായത്തിനൊരു നഷ്ടമായിരിക്കും.

ധനവാന്മാർ സാധുക്കളെ സഹായിക്കേണ്ടതു് അവരെ അലസരായി ഇരുത്തിക്കൊണ്ടു് അവരുടെ ആവശ്യങ്ങളെല്ലാം സാധിച്ചുകൊടുത്തുകൊണ്ടല്ല, പ്രത്യുത അവർക്കു ജോലിചെയ്തു സമ്പാദിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുത്തുകൊണ്ടാണു്. അതിനു വൻതോതിലുള്ള കൃഷി വ്യവസായങ്ങൾ ഉപകാരപ്രദമായിരിക്കും. പക്ഷേ അമിതമായ ആദായമെടുക്കാതെ പണിക്കാർക്കു ജീവനക്രൂലിയും ആദായത്തിൻെറ ന്യായമായ ഒരംശവും കൊടുക്കുന്നതിനുള്ള നന്മനസ്സുണ്ടായിരിക്കണം

മേല്പറഞ്ഞവണ്ണം പണമുണ്ടാക്കുന്നതിനുള്ള മാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുന്നതോടൊപ്പം അതു ധൂർത്തടിച്ചുകളയാതെ കുറേശ്ശെ മിച്ചംവയ്ക്കുന്നതിനുള്ള പ്രേരണയും സൗകര്യവും അവർക്കു നൽകേണ്ടതാണു്. പല കൂലിവേലക്കാരും അന്നന്നു കിട്ടുന്നതു അന്നന്നു ചെലവാക്കുന്നവരാണു്. അതിലൊരു നല്ലഭാഗം കള്ളുഷാപ്പിലും സിനിമാക്കൊട്ടകയിലും ആയിരിക്കും പോകുന്നതു്. അവരുടെ ഇടയിൽ ഒരു ലഘുനിക്ഷേപപദ്ധതി നടപ്പിലാക്കുകയാണെങ്കിൽ അനാവശ്യച്ചെലവുകൾ കുറച്ചു് അത്യാവശ്യങ്ങൾക്കു ഉപയോഗിക്കത്തക്കവണ്ണം ഒരു നല്ലതുക കാലക്രമത്തിൽ സമ്പാദിക്കുന്നതിന്നു സാധിക്കും. കുറെ പണം ഉണ്ടായിക്കഴിഞ്ഞാൽ പിന്നെ അതു കുറേക്കൂടി വർദ്ധിപ്പിക്കുന്നതിനുള്ള ആഗ്രഹം ഉണ്ടാകുക സാധാരണയാണു്. മിതവ്യയം അഭ്യസിച്ച ആ ആഗ്രഹം സാധിക്കുകയും ചെയ്യും. അങ്ങനെ മററുള്ളവർക്കു ഒരു ഭാരമാകാതെ സ്വന്തം കാലിന്മേൽ നില്ക്കുന്നതിനുള്ള പ്രാപ്തി വേലക്കാർക്കുണ്ടാകും.

ഇത്രയും പറഞ്ഞതുകൊണ്ടു നിവൃത്തിയുള്ളവർ മററുവിധത്തിൽ സാധുക്കളെ സഹായിക്കണമെന്നില്ലെന്നു് അർത്ഥമാക്കരുതു്. എത്രതന്നെ അദ്ധ്വാനിച്ചു ജോലിചെയ്താലും മിതവ്യയം അഭ്യസിച്ചാലും യാദൃച്ഛികമായുണ്ടാകുന്ന ചില അപകടങ്ങൾ, ചില മാറാവ്യാധികൾ, മററുചില കുടുംബഭാരങ്ങൾ മുതലായവയാൽ മററുള്ളവരുടെ സഹായംകൂടാതെ മുമ്പോട്ടുപോകുവാൻ സാധിക്കാത്തവർ ധാരാളംഉണ്ടാകാം. അങ്ങനെയുള്ളവരെ സൗജന്യമായി പണം കൊടുത്തുതന്നെ സഹായിക്കേണ്ടതാണു്.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

# മി. ടി. കെ. ജോസഫിന്റെ ചോദ്യങ്ങൾ

(ജി. സി ടീലാർ)

1957 സെപ്തംബർ 11-ാംനു "വി. മത്തായി" എന്നൊരു ലേഖനം "സത്യദീപ"ത്തിൽ വരികയുണ്ടായി. അതിനടുത്തുതന്നെ പണ്ഡിതനായ മി. ടി. കെ. ജോസഫ് ഒരു കാർഡെനിക്കയച്ചിരുന്നു. കുറെ ചോദ്യങ്ങളായിരുന്നു അതിൽ തിക്കിക്കൊള്ളിച്ചിരുന്നത്. "സത്യദീപ"ത്തിൽ അതിനു മറുപടി എഴുതണമെന്നും അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആ ചോദ്യങ്ങൾക്കു മുമ്പിൽ ഞാൻ സ്തംഭിച്ചിരുന്നുപോയി. വിജ്ഞാനസാഗരത്തിൽ മുങ്ങിനില്ക്കുന്ന മി. ടി കെ ജോസഫിന്റെ ചോദ്യങ്ങൾക്കു വിജ്ഞാനസാഗരത്തിന്റെ മേല്പരപ്പിൽക്കൂടി കൂത്താടിനടക്കുന്ന ഞാൻ എങ്ങനെ മറുപടിപറയും? ആകെ 9 ചോദ്യങ്ങളാണ്. 1) വി മത്തായിയുടെ സുവിശേഷം എ ഡി 41 ലാണെഴുതിയതെന്നു ആർ നിർണ്ണയിച്ചു? 2) എബ്രായപ്രതിയോ, പില്ക്കാലപകർപ്പുകളോ കണ്ടുപിടിച്ചിട്ടുണ്ടോ? 3) ഇവ ഏതാണ്ടുകളിലേതു്? 4) ഗ്രീക്കുതർജ്ജമ ആരുടേതു്? 5) എന്നത്തേതു്? 6) ആ തർജ്ജമ ശരിയാണെന്നു തീർത്തുപറയുവാൻ ന്യായമെന്തു്? 7) സുറിയാനിതർജ്ജമ എബ്രായയിൽ നിന്നോ ഗ്രീക്കിൽനിന്നോ? 8) സുറിയാനിയിൽ എന്നു തർജ്ജമ ചെയ്തു? 9) മററു 3 സുവിശേഷകന്മാരും ലേഖനങ്ങൾ എഴുതിയവരും വി. മത്തായിയുടെ 41 ലെ കൃതി കണ്ടു എന്നു തെളിയിക്കാമോ?

മംഗലപ്പുഴ സെമ്മിനാരിയിൽ വച്ചുള്ള ബൈബിൾക്ലാസ്സിൽ ഇത്തരം ചില ചോദ്യങ്ങൾ കേട്ടിട്ടുള്ളതായി ഓർമ്മവന്നു. അതിനാൽ അങ്ങോട്ടുതന്നെയാണു ഞാൻ തിരിഞ്ഞതു്. സെമ്മിനാരിയിൽ ഇപ്പോൾ ഡീക്കൺക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുന്ന ബ്രദർ ജേക്കബ് ഇളംകുററുചിറയുടെ പേക്ക് ഈ ചോദ്യങ്ങളെല്ലാം ഞാൻ എഴുതിഅയച്ചു. അദ്ദേഹം ഇപ്പോഴത്തെ ബൈബിൾപ്രൊഫസറായ ഫാദർ ബർണാർഡ് ഒ. സി. ഡി. യുടെ സഹായത്തോടുകൂടി ഈ ചോദ്യങ്ങൾക്കെല്ലാം മറുപടി കണ്ടുപിടിച്ച് അയച്ചുതന്നിട്ടുണ്ട്. അതെല്ലാം വിവർത്തനംചെയ്യുന്ന ജോലിയേ എനിക്കു ശേഷിച്ചിട്ടുള്ളു.

ചോദ്യങ്ങൾ കൈയിൽ കിട്ടിയപ്പോൾ ആധുനികകാലത്തെ ചില ഗ്രന്ഥങ്ങളിൽ കാണാറുള്ള ഒരു വാചകമാണു ഞാനോർത്തുപോയതു്. "ഗ്രന്ഥകാരന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു" എന്നാണ് ആ വാചകം. സുപ്രസിദ്ധമായ തന്റെ പേരുപയോഗിച്ച് ചില വഞ്ചകന്മാർ പണം സമ്പാദിച്ചേക്കുമെന്നു ശങ്കിക്കുന്നതുകൊണ്ടായിരിക്കുമല്ലോ ഗ്രന്ഥകർത്താവു സ്വന്തമായി ഒരു മുദ്രകൂടി ഉണ്ടാക്കിക്കളയുന്നതു്. ഇക്കാലത്തു പ്രസിദ്ധംചെയ്തിട്ടുള്ള ഒരു ഗ്രന്ഥം തുറന്നുനോക്കിയാൽ കാണാം ഗ്രന്ഥകർത്താവിന്റെ പേരു്, അച്ചടിച്ചു കാലം, അച്ചുകൂടത്തിന്റെ പേരു്, ചിലപ്പോൾ ഗ്രന്ഥകർത്താവിന്റെ മുദ്രയും.

ജർമ്മൻകാരനായ ജോൺ ഗുട്ടൻബർഗ്ഗ് എന്നയാളാണല്ലോ അച്ചടിയന്ത്രത്തിന്റെ ഉപജ്ഞാതാവ്. 15-ാം നൂററാണ്ടിൽ ഗ്രന്ഥങ്ങൾ അച്ചടിക്കുവാൻ തുടങ്ങി. അച്ചടിച്ച ആദ്യത്തെ ഗ്രന്ഥം ലത്തീൻഭാഷയിലുള്ള വേദപുസ്തകമാണെന്നു പറയുന്നു. 1458 ലാണ് ആ സംഭവം. കത്തോലിക്കാസഭ പുസ്തകങ്ങൾ തരംതിരിച്ച പേരു നൽകിയിരുന്നതുപോലാണ് ഗുട്ടൻബർഗ്ഗ് അതിന്റെ അച്ചടി നിർവഹിച്ചതു്. അതു നോക്കിയാൽ ആദ്യമായി കാണുന്നതു വി. മത്തായിയുടെ സുവിശേഷംതന്നെ. എങ്കിലും വി. മത്തായി തന്റെ കൈയെഴുത്തുപ്രതിയിൽ സ്വന്തം പേരും ആണ്ടും തിയതിയും എഴുതി ചേർത്തിരുന്നില്ല. അതുകൊണ്ടായിരിക്കുമല്ലോ മി. ടി. കെ. ജോസഫിന്റെ ഈ ചോദ്യങ്ങൾ.

ക്രിസ്തുനാഥനാണല്ലോ കത്തോലിക്കാസഭയുടെ സ്ഥാപകൻ. ആ സഭ ലോകാവസാനത്തോളം നിലനില്ക്കുന്നതിനുവേണ്ട കെട്ടുറപ്പുകളും ഈടുറപ്പുകളും അവിടുന്നുതന്നെ അതിനു നൽകി. അതിലൊന്നാണ് സഭയിലെ ഭരണക്കൂടം. വി. പത്രോസ്മുതൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാവരെ അതു അഭംഗം തുടരുകയാണ്. ക്രൈസ്തവസഭയുടെ ആരംഭകാലത്തുതന്നെ അനേകംപേർ ക്രിസ്തുവിന്റെ ചരിത്രമെഴുതി. അപ്പസ്തോലന്മാരുടെ കാലശേഷമാണ് അപ്പസ്തോലന്മാരാലും അവർ അംഗീകരിച്ചിട്ടുള്ള ശിഷ്യന്മാരാലും എഴുതപ്പെട്ട ഗ്രന്ഥങ്ങളെ മററുള്ളവരുടേതിൽനിന്നും വേർതിരിച്ച് വിലയിരുത്തേണ്ടിവന്നതു്. അപ്പസ്തോലന്മാരുടെ ശിഷ്യന്മാർതന്നെ അക്കാലത്തു ജീവിച്ചിരുന്നതിനാൽ അവർ എഴുതിയതു് ഏതെല്ലാമെന്നു തരംതിരിച്ചെടുക്കുവാൻ തിരുസ്സഭയ്ക്കു ക്ലേശമുണ്ടായിരുന്നില്ല.

1) വി. മത്തായി തന്റെ സുവിശേഷം എ ഡി 41-ൽ എഴുതി എന്നു് ആർ നിർണ്ണയിച്ചു? ആദ്യത്തെ ചോദ്യം.

മാത്യുവിനു് ഏകദേശം പന്ത്രണ്ടുവയസ്സു പ്രായമുണ്ട്. അവൻ സൂര്യപ്രകാശം കാണുന്നതിനുമുമ്പേ അവന്റെ അപ്പൻ മരിച്ചുപോയിരുന്നു. എങ്കിലും 1957 സെപ്തംബർ 21-ാംനു അവൻ ഇടവകപ്പള്ളിയിലെ വികാരിയച്ചന്റെ അടുക്കൽചെന്നു പറഞ്ഞു: "അച്ചൻ ഇന്നൊരു കുർബാന ചൊല്ലണം; ഇന്നെന്റെ അപ്പച്ചൻ മരിച്ച ദിവസമാണ്." അച്ചൻ അവനെ പരീക്ഷിക്കുവാനെന്നോണം ചോദിച്ചു: "നീ ജനിക്കുന്നതിനുമുമ്പേ നിന്റെ അപ്പച്ചൻ മരിച്ചുപോയതാണല്ലോ; പിന്നെ നീയെങ്ങനെ അറിഞ്ഞു അയാൾ മരിച്ച തിയതി?" അച്ചന്റെ അജ്ഞതയെ അവൻ പരിഹസിച്ചിട്ടു പറഞ്ഞു: "എന്റെ അമ്മയുണ്ടെന്നച്ചനറിഞ്ഞുകൂടേ?"

മാത്യുവിന്റെ മറുപടിയാണ് എനിക്കും പറയുവാനുള്ളതു്, മി. ടി. കെ. ജോസഫിനോട്. വി. മത്തായിയേയും, അദ്ദേഹം സുവിശേഷമെഴുതിയ കാലവും അറിയാവുന്ന ഒരമ്മയാണ് കത്തോലിക്കാ തിരുസ്സഭ. അവളിൽനിന്നല്ലാതെ വേദപുസ്തകം ഒരുത്തർക്കും ലഭിച്ചിട്ടുമില്ല. വി. മത്തായി എ ഡി 41-ൽ സുവിശേഷം എഴുതിയെന്നതിനു തിരുസ്സഭയ്ക്കുള്ള തെളിവുകൾ എന്തെല്ലാമെന്നാണ് ചോദ്യത്തിന്റെ അർത്ഥമെങ്കിൽ അതിന്റെ മറുപടി പറയാം.

ഉണ്ണുനീലിസന്ദേശം മലയാളഭാഷയിലെ വളരെ പഴക്കമുള്ള ഒരു മഹാകാവ്യമാണ്. അതിൽ പറയുന്ന മുണ്ടകപ്പറമ്പ് എന്ന വീട് ഇപ്പോഴും കടുത്തുരുത്തി എന്ന സ്ഥലത്തുള്ളതായി കാണാം. എന്നാൽ ആ കാവ്യത്തിന്റെ കർത്താവാരെന്നോ അതെഴുതിയ കാലമേതെന്നോ ആർക്കും അറിഞ്ഞുകൂടാ. എന്നാൽ 18-ാംനൂററാണ്ടിലെ ഒരു ഗ്രന്ഥകാരൻ അതിലെ ചില ശ്ലോകങ്ങൾ തന്റെ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ടെന്നു വിചാരിക്കുക. അപ്പോൾ അനുമാനമെന്തു്? ഉണ്ണുനീലിസന്ദേശം 18-ാം നൂററാണ്ടിലോ അതിനുമുമ്പോ ഉള്ള ഒരു കൃതിയാണെന്നു തീർച്ച.

നമുക്കിനി വി. മത്തായിയുടെ സുവിശേഷത്തിലേക്കു കടക്കാം. എ ഡി 41 ലാണ് താൻ സുവിശേഷമെഴുതിയതെന്നു വി. മത്തായി പറഞ്ഞിട്ടില്ല: സുവിശേഷത്തിൽനിന്നും ആ കാലം കണ്ടുപിടിക്കുവാനുള്ള സാദ്ധ്യതയുമില്ല. പിന്നെ 41 ൽ എഴുതിയതെന്നു പറയുവാനുള്ള ന്യായമെന്തു്? തിരുസ്സഭ അനേകം തെളിവുകൾ സൂക്ഷ്മമായി പരിശോധിച്ചു. കൂടുതൽ സ്വീകാര്യമായി തോന്നിയതു് എ ഡി 41-ാണ്. സഭയുടെ ചർച്ചാവിഷയമായ മൂന്നു രേഖകളെപ്പററി പ്രതിപാദിക്കാം.

വി. ഇരെനെയൂസ് ലിയോൺസിലെ മെത്രാനും വി. പോളികാർപ്പിന്റെ ശിഷ്യനുമായിരുന്നു. വി. പോളികാർപ്പോ എന്നാൽ വി. യോഹന്നാൻശ്ലീഹായുടെ ശിഷ്യനും. ഏകദേശം എ ഡി 185-ാമാണ്ട് വി. ഇരനെയൂസ് എഴുതിയിട്ടുള്ള ഒരു രേഖ ഇങ്ങനെയാണ്: "പത്രോസും പൗലോസുംകൂടി റോമയിൽ സഭയുടെ അടിസ്ഥാനമുറപ്പിച്ചുകൊണ്ടിരുന്നപ്പോൾ മത്തായി എബ്രായരുടെ ഇടയിൽ എബ്രായഭാഷയിൽ ഒരു സുവിശേഷം എഴുതി പ്രചരിപ്പിച്ചു." വിശുദ്ധ പത്രോസും പൗലോസുംകൂടി റോമയിൽപോയതു് എ ഡി 61 ലാണെന്നാണ് ചരിത്രം ഘോഷിക്കുന്നതു്. അപ്പോൾ വിശുദ്ധ മത്തായി എ ഡി 61-ൽ സുവിശേഷം എഴുതി എന്നൊരനുമാനം. ഇനി മററു രണ്ടു രേഖകൾ കൂടി നോക്കാം.

സഭാചരിത്രത്തിൽ ഒരഗാധപണ്ഡിതനായിരുന്നു ഒരിജൻ. 185 മുതൽ 254 വരെയാണ് അദ്ദേഹത്തിന്റെ ജീവിതകാലം. അദ്ദേഹം നാലു സുവിശേഷങ്ങളെപ്പററിയും പ്രസ്താവിക്കുന്നതിങ്ങനെയാണ്: "ദൈവത്തിന്റെ സഭയിൽ വിവാദരഹിതമായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന നാലു സുവിശേഷങ്ങളുണ്ട്. അതിൽ ആദ്യത്തേതു് ഒരിക്കൽ ചുങ്കക്കാരനും പിന്നീട് ഒരപ്പസ്തോലനുമായിരുന്ന മത്തായിയാൽ എഴുതപ്പെട്ടുവെന്നാണ് ഞാൻ കേട്ടിട്ടുള്ളതു്." ഇതിൽനിന്നും വിശുദ്ധ മത്തായി എ ഡി 41-ൽ സുവിശേഷമെഴുതി എന്നു തെളിയുമോ? അതില്ല. വിശുദ്ധ ലൂക്കാ തന്റെ സുവിശേഷം എ ഡി 57-ൽ എഴുതിയെന്നതിനു ബലമായ തെളിവുകളുണ്ട്. അങ്ങനെയെങ്കിൽ വിശുദ്ധ മത്തായി എ ഡി 57 നുമുമ്പെന്നെങ്കിലും എഴുതിയിരിക്കണം. അതല്ലേ ആദ്യത്തെ സുവിശേഷം?

ഇനി മറെറാരു രേഖയിലേക്കു വരുന്നു. എവുസേബിയൂസ് എന്ന സഭാപിതാവു പറയുന്നതു കേട്ടാലും. നാലാംനൂററാണ്ടുകാരനാണ് അദ്ദേഹം. "യഹൂദന്മാരുടെ ഇടയിൽ ആദ്യം സുവിശേഷം പ്രസംഗിച്ചിട്ട് വിശുദ്ധ മത്തായി മററു രാജ്യങ്ങളിലേക്കു പോകേണ്ടിവന്നപ്പോൾ, അവരുടെ ദേശീയഭാഷയായ എബ്രായയിൽ ഒരു സുവിശേഷമെഴുതി അവർക്കു നൽകുകയുണ്ടായി." എവുസേബിയൂസിന്റെ രേഖയിൽ വിശുദ്ധ മത്തായി സുവിശേഷമെഴുതിയ കാലഘട്ടം ഒന്നുകൂടി തെളിഞ്ഞുവന്നിരിക്കുന്നു. ശ്ലീഹന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പോയതു് നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണാനന്തരം 12 കൊല്ലം കഴിഞ്ഞാണെന്നു് വിശുദ്ധ ജറോം, എവുസേബിയൂസ്, അലക്സാണ്ട്റിയായിലെ ക്ലെമന്റ് മുതലായ വിശുദ്ധ പിതാക്കന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. 33+12=45 എന്നു കിട്ടുമല്ലോ ആ കാലം. അതിനുമുമ്പേ എഴുതിത്തീർന്നിരിക്കണം സുവിശേഷം. കത്തോലിക്കാസഭ പറയുന്നു എ ഡി 41-ൽ വിശുദ്ധ മത്തായി സുവിശേഷമെഴുതി എന്നു്. അതു നിഷേധിക്കുന്നവർ അതിനെതിരായ തെളിവുകളാണു ഹാജരാക്കേണ്ടതു്.

2) എബ്രായപ്രതിയോ പിൽക്കാലപകർപ്പുകളോ കണ്ടുപിടിച്ചിട്ടുണ്ടോ?

വിശുദ്ധ മത്തായി എബ്രായഭാഷയിൽ ആദ്യത്തെ സുവിശേഷം എഴുതിയെന്നതിനു സാക്ഷികളായി 3-ാംനൂററാണ്ടിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന പപ്പിയാസ്, ഇരനേവൂസ്, അലക്സാണ്ട്റിയാക്കാരായ പന്തേനൂസ്, ക്ലെമന്റ്, ഒരിജൻ, ആഫ്റിക്കാക്കാരനായ ടെർട്ടുല്യൻ മുതലായ സഭാചരിത്രകാരന്മാരുണ്ട്. എങ്കിലും അദ്ദേഹം എഴുതിയ മൂലകൃതി ഒരിടത്തും കാണുന്നില്ല. യറുസലത്തെ യഹൂദക്രിസ്ത്യാനികളെ ഉദ്ദേശിച്ചാണ് എബ്രായഭാഷയിൽ അദ്ദേഹം സുവിശേഷം രചിച്ചതു്. യറുസലത്തിന്റെ നാശത്തോടുകൂടി യഹൂദന്മാർ പല ദേശങ്ങളിലേക്കും പോയി എന്നാണല്ലോ ചരിത്രം. യറുസലത്തിന്റെ നാശത്തോടുകൂടി വിശുദ്ധ മത്തായിയുടെ എബ്രായപ്രതിയും നഷ്ടപ്പെട്ടിരിക്കാം.

പിൽക്കാലത്തെ രണ്ടു പകർപ്പുകളെപ്പററിയുള്ള ഐതിഹ്യം എവുസേബിയൂസ് രേഖപ്പെടുത്തിയിരിക്കുന്നതു് ഇങ്ങനെയാണ്: "അലക്സാണ്ട്റിയൻ ഗ്രന്ഥാലയത്തിന്റെ അദ്ധ്യക്ഷനായിരുന്ന പന്തേനൂസ് എ ഡി 180 നുമുമ്പ് ഇൻഡ്യയിൽ പോകുകയും, അവിടെവച്ച് മത്തായിയുടെ എബ്രായഭാഷയിലുള്ള സുവിശേഷത്തിന്റെ ഒരു പ്രതി കാണുകയുംചെയ്തു. ബർത്തലോമ്യ മതപ്രചരണത്തിനായി ആ പ്രദേശത്തു ചെന്നിരുന്നുവെന്നും അദ്ദേഹം ആ പ്രതി അവിടെ വച്ചിട്ടു പോയതായിരുന്നുവെന്നുമാണ് ഐതിഹ്യം." വിശുദ്ധ ജറോമിനു അല്പം ചില കാര്യങ്ങൾകൂടി പറയുവാനുണ്ട്. വിശുദ്ധ പന്തേനൂസ് ആ ഗ്രന്ഥം തന്നോടുകൂടി അലക്സാണ്ട്റിയായിലേക്കു കൊണ്ടുപോകുകയും അതു അവിടത്തെ ഗ്രന്ഥാലയത്തിൽ അദ്ദേഹം സൂക്ഷിച്ചുവയ്ക്കുകയും ചെയ്തിരുന്നു. പക്ഷെ പിന്നീടുണ്ടായ മഹമ്മദീയരുടെ ആക്രമണത്തിൽ ആ ഗ്രന്ഥാലയം അഗ്നിക്കിരയായിപ്പോയി. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിന്റെ പകർപ്പും അതോടുകൂടി നശിച്ചു.

മറെറാരു ഐതിഹ്യം; വിശുദ്ധ മത്തായിയുടെ സുവിശേഷത്തിന്റെ മറെറാരു പ്രതി വിശുദ്ധ ബർണബാ സൈപ്രസിലേക്കു


ചെക്ക് ഉപയോഗിക്കുക...

പണം കൊടുക്കുന്നതിനുള്ള സുരക്ഷിതമായ മാർഗ്ഗം അതാണ്



പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്

ഹെഡ് ആഫീസ്: പാലാ

കേരളമൊട്ടാകെ 18 ശാഖകൾ


## കാലിത്തൊഴുത്തിലെ ഭദ്രദീപം!

(ഇ. ഡി. വട്ടവിള)

(ദ്രുതകാകളി)

കൂരിരുളെങ്ങും തിങ്ങിപ്പടരവേ
പാരിലേ ദീപമായി നീ വന്നു
ഹാ!
വാരൊളിതൂകി രാജിത ശ്രീമയൻ
പാരിച്ചസ്നേഹാൽ വന്നു പിറന്ന
ഹോ!
അണ്ഡകടാഹം താങ്ങുവാൻ
ശങ്കിക്കും
വിണ്ടലനാഥനിന്നു പുൽക്കൂ
ട്ടിലോ!
ബന്ധുരസ്വർഗ്ഗസീമ വെടിഞ്ഞ
ഹോ
ഇണ്ടൽപെരുമി ഭൂവിലുദിച്ചു നീ!
മന്ദ്രശാന്തിതൻ സുന്ദരകാന്തി
പ്പൊൻ-
കന്ദളമേ, ചൊൽ, കാരുണ്യാരു
നീ!
സ്വർഗ്ഗവും, ലോകചന്ദ്രതാരങ്ങളും
സൂര്യഗോളവും കളിപ്പാവകൾ
പോൽ
സൃഷ്ടിച്ചുകളിയാടും മഹോന്നത
സർഗ്ഗകർത്താവാമുണ്ണി നീയല്ലയോ
പൊൽത്താരപ്പൂവിൻ മൊട്ടുകൾ
നീളവേ
ചാർത്തി മോടിയിലെന്നും വിരാ
ജിത
നീലനീരാളം ദ്യോവിലും ഭൂവിലും
ചേലിൽവിരിച്ച ശില്പിനീയ
ല്ലയോ?
താമരത്താരിലൂറിടും തേന്മയും
പൂമതിക്കുള്ള താരോമനത്തവും
നറുപൂക്കളിലേ സൗകുമാര്യവും
വഷിക്കും നവതേജസ്സു നീയല്ലോ?
ഇത്ര പ്രതാപമേറും മഹേശനോ
ചിത്രം! മശക്തരൂപം കൈക്കൊ
ള്ളുവാൻ!
എത്രപാരമ്യമാണെത്രപാരമ്യ-
മിത്രതാഴ്വാനൊത്തതാമപ്രേമം!
ശൂഷ്കമാണെന്നാകിലും ഹൃദയ
ങ്ങൾ
പുഷ്കലമാക്കുന്നവയെ സ്നേഹ
ത്തിൽ;
പുല്ലൊടിത്തുമ്പതിലും ശ്രീപൂശും
നീ
പുല്ക്കുടിലിനുമേകിഹാ! മംഗളം!
ഭവ്യശ്രീതിങ്ങിനസ്നേഹസാന്ദ്ര
മായ്
ഭൂവിൽ മാനുഷനായ് കേഴുന്നെ
ങ്കിലും
നിത്യജേതാവാകും രാജരാജൻ
നീ!
പോകൂ, പോയി വണങ്ങിടൂ,
പുല്ക്കുടിൽ
പോകുലോകമേ, വാഴ്ത്തു നിൻ
രക്ഷ!
ശാസ്ത്രത്തിൻ മഹിമാവിതിലല്ല
ഹോ
ശാന്തിതൻ കാന്തിനാളം പൊടി
ക്കുന്നു!
ശോകത്തിന്റെ കരിനിഴൽ
മായട്ടെ
ലോകത്തിൽ ഭദ്രദീപം തെളി
യട്ടെ!!

ലീജിയൻ പംക്തി

# സ്വർഗ്ഗകവാടത്തിങ്കൽ

(പ്രഹസനം തുടർച്ച)




ശ്രീമതി:- അപ്പോൾ പള്ളിക്കും പൊതുകാര്യങ്ങൾക്കും വേണ്ടി ഞാൻ വാരിക്കോരി പണം കൊടുത്തിട്ടുള്ളതോ?

പത്രോ: ഉദ്ദേശ്യ ശുദ്ധിയില്ലായ്കനിമിത്തം സ്വർഗ്ഗത്തിൽ അവയ്ക്കു പ്രതിഫലമില്ലാതായി ഇപ്പോൾ സമയം വൈകിപ്പോയി. നിങ്ങൾ കുറെനാളത്തേക്കു ശുദ്ധീകരണസ്ഥലത്തിൽ കിടന്നു പീഡകൾ അനുഭവിക്കണം. അങ്ങനെ നിങ്ങളുടെ ആത്മാവു പൂർണ്ണമായി ശുദ്ധീകരിക്കപ്പെട്ടുകഴിയുമ്പോൾ നിങ്ങൾക്കു സ്വർഗ്ഗീയപറുദീസായിൽ പ്രവേശിക്കുവാൻ സാധിക്കും.

1-ാം മാലാഖ:- ശുദ്ധീകരണസ്ഥലത്തിലെ നിങ്ങളുടെ പീഢകൾ കുറയ്ക്കുന്നതിനുവേണ്ടി ഉണ്ണീശോയുടെ അടുക്കൽ ഞങ്ങൾ പോയി പ്രാർത്ഥിക്കാം (മാലാഖമാർ പോകുന്നു)

കാവൽദൂതൻ:- ഞാനും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും

ശ്രീ:- എന്റെ ദുഷ്ടമായ പ്രാർത്ഥനകളും ചില്ലിക്കാശുകളും ഇത്ര വലിയ സ്ഥാനം എനിക്കു നേടിത്തരുമെന്നു ആരു വിചാരിച്ചു? ഇങ്ങനെയുള്ള സംഘടനകളിൽ ചേർന്നു കാര്യമായി പ്രവർത്തിക്കാഞ്ഞതു എത്ര അബദ്ധമായിപ്പോയി!

പത്രോ:- നിങ്ങൾക്കു ഇവിടെ നിന്നും പോകുവാൻ സമയമായി. കുറെ ക്ഷമിക്കുക; ആ കുഞ്ഞു മാലാഖമാർ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും. അങ്ങനെ താമസംവിനാ സ്വർഗ്ഗം നിങ്ങൾക്കു എന്നന്നേക്കുമായി തുറക്കപ്പെടും

ശ്രീ:- ഞാൻ പോകട്ടെ, പത്രോസ്ശ്ലീഹായേ.

പത്രോ:- അങ്ങനെയാകട്ടെ (ശ്രീമതിയും പിന്നാലെ കാവൽദൂതനും പോകുന്നു) ഇനി നമുക്കു ആ സ്ത്രീ ഇവിടെ കൊണ്ടുവന്നിറക്കിയ ലൗകായതികത്വത്തിന്റെ പൊടിയെല്ലാം അടിച്ചുകളഞ്ഞു ഈ സ്വർഗ്ഗീയ പടിപ്പുര നല്ലവണ്ണം വെടിപ്പാക്കാം. ഇത്തരം സ്ത്രീകൾ ഭൂമിയിൽ മാത്രമല്ല, സ്വർഗ്ഗകവാടത്തിങ്കൽപോലും ധാരാളം പൊടിശല്യം ഉണ്ടാക്കുന്നു.... ഭൃത്യാ, നിങ്ങൾ ചൂലുമായി വേഗം ഇങ്ങോട്ടു വരു! (കസേരയിൽ പോയിരുന്നു വിശ്രമിക്കുന്നു. ഭൃത്യൻ ഒരു ചൂലുമായി പ്രവേശിച്ചു നിലം അടിക്കുവാൻ തുടങ്ങുന്നു)

ഭൃ:- സ്വർഗ്ഗീയ പടിപ്പുര അടിച്ചുവാരുക എന്നതു വിഷമമേറിയൊരു ജോലിയാണ്...“ആ സ്ത്രീയാണെങ്കിൽ ലൗകായതികത്വത്തിന്റെ പൊടി ധാരാളം ഇവിടെ കൊണ്ടുവന്നു വിതറി...അവർ ശുദ്ധീകരണസ്ഥലത്തിൽ ദീർഘനാൾ പീഡ അനുഭവിക്കേണ്ടി

വരുമെന്നാണ് എനിക്കു തോന്നുന്നതു്. (അടി തുടരുന്നു. കുറെ കഴിഞ്ഞു വാതുക്കൽ ഒരു മുട്ടുകേൾക്കുന്നു) ഓ...ആരോ വീണ്ടും മുട്ടുന്നുണ്ടു്. ഇന്നു ശ്വാസംകഴിക്കാൻ പോലും സമയമില്ല. ആ സ്ത്രീ ഇവിടെ സർവ്വതും താറുമാറാക്കിയിട്ടാണ് പോയതു്. ഇനി ആരാണാവോ കയറിവരുന്നതു്? (നോക്കിയിട്ടു്) ഓ...അതൊരു യുവാവാണല്ലോ! (ഒരു യുവാവു പ്രവേശിക്കുന്നു. 21 വയസ്സു)

പത്രോ:- (സ്വാഗതം) വേറൊരു പുതിയ ആൾ! ജീവന്റെ ഗ്രന്ഥത്തിൽനിന്നും അയാളുടെ പേരു നോക്കിയെടുക്കുവാൻ എനിക്കു സമയം കിട്ടിയില്ല. വിവരം നേരിട്ടു ചോദിച്ചു മനസ്സിലാക്കാം... (പ്രത്യക്ഷം) യുവാവേ, നിങ്ങൾക്കിവിടെ എന്തുവേണം?

യുവാ:- ഞാൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ വന്നതാണ്.

പത്രോ:- എന്റെ യുവസ്നേഹിതാ, സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻവേണ്ടും നിങ്ങൾ എന്തു ചെയ്തിട്ടുണ്ടു്?

യുവാ: ഞാനൊരു സൈനികനാണ്

പത്രോ:- സൈനികൻ?

യുവാ:- സൈനികനെന്നു പറഞ്ഞാൽ പടയാളി!

പത്രോ:- പടയാളികൾക്കു ഇവിടെ പ്രവേശനം കുറെ അമാന്തത്തിലാണല്ലോ!

യുവാ:- അതെന്തേ?

പത്രോ:- സ്വർഗ്ഗരാജ്യം സമാധാനത്തിന്റെയും സാഹോദര്യത്തിന്റേയും രാജ്യമാണ്. യുദ്ധത്തിനും കലഹത്തിനും ഇവിടെ സ്ഥാനമില്ല. കൂടാതെ, പടയാളികൾ അധികവും ആത്മനിയന്ത്രണം ഇല്ലാത്തവരാണ്. ആയുധം കൈവശമുള്ളപ്പോൾ എന്താണ് പ്രവർത്തിക്കുന്നതെന്നു അവർക്കു തന്നെ യാതൊരു രൂപവുമുണ്ടാകയില്ല. ഒരു പടയാളിയല്ലാത്ത ഞാൻ പോലും അങ്ങനെ നിയന്ത്രണാതീതനായി പ്രവർത്തിച്ചുപോയിട്ടുണ്ടു്

യുവാ:- എങ്ങനെ?

പത്രോ:- ഗത്സേമിൻ തോട്ടത്തിൽവച്ചു ക്രിസ്തുനാഥനെ ശത്രുക്കൾ പിടിക്കുവാൻ വന്നപ്പോൾ എന്റെ കൈവശം ഒരു വാളുണ്ടായിരുന്നു. ഞാൻ അതുകൊണ്ടു് പ്രധാനപുരോഹിതന്റെ സേവകന്റെ തലയ്ക്കൊരു വെട്ടുകൊടുത്തു

യുവാ:- പാവം സേവകൻ കഴുത്തററു നിലംപതിച്ചായിരിക്കും

പത്രോ:- ഇല്ല. ഉന്നംതെററുക മൂലം ചെവിമാത്രമേ മുറിഞ്ഞുപോയുള്ളു: അപ്പോൾ ക്രിസ്തുനാഥൻ പറയുകയാണ്: “പത്രോസേ, നിന്റെ വാൾ അതിന്റെ ഉറയിൽ ഇടുക. വാൾ എടുക്കുന്നവൻ വാളാലെ മരിക്കും.” പിന്നെ വാൾ എന്നതു ഞാൻ കൈകൊണ്ടു തൊട്ടിട്ടില്ല. അല്ലെങ്കിൽ ഒരുപക്ഷെ ഞാൻപോലും ഇവിടെ പ്രവേശിക്കുമോ എന്നു സംശയമാണ്.

യുവാ:- ഞാനും ആയുധങ്ങൾ ഒന്നും കൈകൊണ്ടു തൊട്ടിട്ടില്ല

പത്രോ:- ആയുധമില്ലാത്ത പടയാളിയോ, നിങ്ങൾ?

യുവാ:- ഞാനൊരു മരിയസൈന്യാംഗമാണ്; ലീജിയൻ ഓഫ് മേരി അംഗം.

പത്രോ:- ഓഹോ, ലീജിയൻ ഓഫ് മേരി! ഈ പേരുപറഞ്ഞു ഈയിടെ എത്രപേരാണു് ഇവിടെ കടന്നുകൂടുന്നതു്! പ്രത്യേകിച്ചു ചൈനയിൽനിന്നു.......ആകട്ടെ, എത്ര കൊല്ലമായി നിങ്ങൾ ലീജിയനിൽ ചേർന്നിട്ടു്?

യുവാ:- മൂന്നു കൊല്ലം

പത്രോ:- മൂന്നുകൊല്ലമോ? സ്വർഗ്ഗം സമ്മാനമായി ലഭിക്കുന്നതിനു് അതു വളരെ കുറവായിപ്പോയില്ലേ? കൂടാതെ, എനിക്കു നല്ല ഓർമ്മയുണ്ടു് നിങ്ങൾ മുമ്പു് ഒരു കുസൃതിയും ഉത്തരവാദിത്വബോധം അശേഷം ഇല്ലാത്തവനും ആയിരുന്നുവെന്നു്.

യുവാ:- ലീജിയനിൽ ചേർന്ന ശേഷം എന്റെ കുസൃതിത്തരവും ചുമതലാബോധരാഹിത്യവും കുറേശ്ശെ കുറേശ്ശെ ഞാൻ നീക്കിക്കളഞ്ഞു.

പത്രോ:- എങ്കിലും നിന്റെ പഴയ തെററുകൾക്കു ശരിയായ പരിഹാരം ചെയ്യാൻ വേണ്ടുവോളം കാലം നീ ഭൂമിയിൽ ജീവിച്ചില്ല... ...നീ തപസ്സു ചെയ്തിട്ടുണ്ടോ? നോമ്പുനോററിട്ടുണ്ടോ? രോമക്കുപ്പായം ധരിച്ചിട്ടുണ്ടോ? മുള്ളുചങ്ങല ഉപയോഗിച്ചിട്ടുണ്ടോ? ചമ്മട്ടി അടിച്ചിട്ടുണ്ടോ?

യുവാ:- എന്റെ പത്രോസ്ശ്ലീഹായേ, ഇതെല്ലാം കേൾക്കുമ്പോൾ എനിക്കു പേടി തോന്നുന്നു. ഞാൻ ഇതൊന്നും ചെയ്തിട്ടില്ല. എങ്കിലും ദൈവതിരുമനസ്സിനൊത്തവണ്ണം ഞാൻ ജീവിച്ചിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം

പത്രോ:- എന്നാൽ നീ എന്തു ചെയ്തിട്ടുണ്ടെന്നു പറയൂ

യുവാ:- ഞാൻ ലീജിയൻ ഗ്രന്ഥത്തിൽ ദൈവതിരുച്ചിത്തം ദർശിക്കയും അതിലെ നിയമങ്ങളെല്ലാം കൃത്യമായും ത്യാഗപൂർവ്വവും അനുസരിക്കയും ചെയ്തിട്ടുണ്ടു്. (യുവാവിന്റെ കാവൽ ദൂതൻ പ്രവേശിക്കുന്നതുകണ്ടു്) ഹാ, എന്റെ പ്രിയപ്പെട്ട കാവൽ ദൂതാ; വേഗം വന്നു എന്നെ സഹായിക്കണേ. ഈ പത്രോസ്ശ്ലീഹാ എന്നെ സ്വർഗ്ഗത്തിൽ കയററുന്നില്ല

കാവൽ ദൂ:- നീയൊരു വിഷമക്കാരനാണ്. എപ്പോഴും നിന്നെ സഹായിച്ചുകൊണ്ടിരിക്കണം ... പത്രോസ്ശ്ലീഹായേ, എന്താണിവിടെ കുഴപ്പം? ഇവൻ നല്ലവനാണ്

പത്രോ:- ലീജിയൻ നിയമങ്ങൾ പാലിച്ചിട്ടുള്ളതുകൊണ്ടു ഇവനു സ്വർഗ്ഗത്തിൽ കയറണംപോലും! എത്രയോ യുവാക്കന്മാർ തങ്ങളുടെ ക്ലബ്ബുകളുടെയും കലാസമിതികളുടെയും മററു സംഘടനകളുടെയും നിയമങ്ങൾ ത്യാഗപൂർവ്വവും നിഷ്കർഷാപൂർവ്വവും പാലിക്കുന്നു. അവർക്കെല്ലാം സ്വർഗ്ഗരാജ്യം സമ്മാനമായി നൽകണമെന്നോ?

യുവാ:- യുവാവായ വിശുദ്ധ ജോൺ ബർക്കുമൻസ് വിശുദ്ധപദം പ്രാപിച്ചതു് ഈശോസഭയിലെ നിയമങ്ങൾ നിഷ്കർഷാപൂർവ്വം പാലിച്ചിട്ടാണല്ലോ.

പത്രോ:- നീയൊരു യുക്തിവാദിയാണല്ലേ?

കാവൽ ദൂ: പ്രിയപ്പെട്ട പത്രോസ് ശ്ലീഹായേ, ലീജിയൻ ഗ്രന്ഥം വെറുമൊരു നിയമസംഹിതയല്ല; അതൊരു ജീവിതക്രമമാണ്; സുകൃതസമ്പാദനത്തിനുള്ള ഒരു ആധുനിക പദ്ധതിയാണ്

യുവാ:- പ്രാർത്ഥനയും മറിയത്തിന്റെ പ്രവൃത്തിയിലുള്ള ഊർജ്ജസ്വലമായ സഹകരണവുംമൂലം അൽമായരുടെ വിശുദ്ധീകരണം സാധിക്കുന്നതിനായി സമാരംഭിച്ചിട്ടുള്ള ഒരു ആധുനിക സംഘടനയാണ് ലീജിയൻ

പത്രോ:- ആളൊരു പ്രാസംഗികനുമാണോ? പ്രസംഗമല്ല, പ്രവർത്തനമാണു ആവശ്യം. കർത്താവേ, മാതാവേ എന്നു വിളിക്കുന്നവരെല്ലാം സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല

കാവൽ:- ലീജിയൻ ഓഫ് മേരി എന്നതു പ്രചത്തന നിരതമായ ഒരു സംഘടനയാണ്. അതു യഥാർത്ഥത്തിൽ പ്രായോഗികമായ കത്തോലിക്കാ പ്രവർത്തനമാണ്. അതിന്റെ അംഗങ്ങൾ തങ്ങളുടെ വിശ്വസ്തതയാലും സുകൃതങ്ങളാലും പ്രവൃത്തി ധൈര്യത്താലും ഉന്നതയായ സ്വർഗ്ഗരാജ്ഞിക്കു ഉചിതസേവകരായിരിപ്പാൻ ശ്രമിക്കുന്നു...പ്രിയപ്പെട്ട പത്രോസ് ശ്ലീഹായേ, ഒരു കാര്യം ഞാൻ ഓർപ്പിക്കുന്നതിൽ ക്ഷമിക്കണം. അങ്ങു ഇതുവരെ ജീവന്റെ പുസ്തകത്തിൽ ഈ യുവാവിന്റെ പേരു നോക്കിയില്ലല്ലോ

പത്രോ:- ആ കാര്യം ഞാൻ മറന്നുപോയി. വയസ്സന്മാർക്കു ഓർമ്മ ശക്തി കുറവാണ്.......യുവാവേ, നിന്റെ പേരെന്താണ്?

യുവാ:- ജോസഫ് കണ്ടോരത്തിൽ

പത്രോ:- ഭൃത്യാ, ജീവന്റെ സുവർണ്ണഗ്രന്ഥം തുറന്നു വായിക്കൂ!

ഭൃ:- (വായിക്കുന്നു) “ജോസഫ് കണ്ടോരത്തിൽ. 21 വയസ്സ്”. ജീവിതകൃത്യം അവസാനിച്ചിരിക്കുന്നു. മറിയത്തിന്റെ വത്സലസുതനായി ജീവിച്ചു; മറിയത്തിന്റെ വീര സൈനികനായി മരിച്ചു. ദൈവത്തിനും മനുഷ്യർക്കും പ്രിയപ്പെട്ടവൻ; ചുരുങ്ങിയ സമയംകൊണ്ടു ദീർഘകാലം പൂർത്തിയാക്കി; നിത്യമഹിമയുടെ കിരീടത്തിനു് യോഗ്യനായിത്തീർന്നു.”

പത്രോ:- മരിയ സൈനികർ സ്വർഗ്ഗരാജ്യം ആക്രമിച്ചു പിടിച്ചെടുക്കുകയാണ്. ഉഷസ്സുപോലെ ഉയർന്നുവരുന്നവളും ചന്ദ്രനെപ്പോലെ അഴകുള്ളവളും സൂര്യനെപ്പോലെ ശോഭയുള്ളവളും അണിനിരന്ന സൈന്യംപോലെ ഭയം ജനിപ്പിക്കുന്നവളുമായ കന്യക അവരുടെ നേതൃത്വം വഹിക്കുമ്പോൾ ആർക്കു അവരെ പ്രതിരോധിക്കുവാൻ സാധിക്കും?...... ആകയാൽ മറിയത്തിന്റെ വീര സൈനികാ, മേരീസുതൻ നിനക്കായി ഒരുക്കിവച്ചിരിക്കുന്ന നിത്യാനന്ദത്തിലേക്കു പ്രവേശിക്കുക! (എല്ലാവരും പോകുന്നു. സ്വർഗ്ഗീയ ഗാനാലാപം കേൾക്കുന്നു) (കർട്ടൻ)

—ഠ—

കൊണ്ടുപോയിയെന്നും അതു അദ്ദേഹത്തിന്റെ മൃതശരീരത്തോടൊന്നിച്ചു പിൽക്കാലത്തു കണ്ടെത്തപ്പെട്ടുവെന്നുമാണ്. മൃതശരീരത്തോടൊന്നിച്ചു കുഴിച്ചുമൂടപ്പെട്ട ഒരു ഗ്രന്ഥത്തിനു പഴക്കമുണ്ടാകുവാൻ പ്രയാസമാണല്ലോ. ഏതായാലും ഇപ്പോൾ എബ്രായപ്രതികളൊന്നും കാണുന്നില്ല.

3) ഇവ ഏതുതാണ്ടുകളിലേതു്?

പകർപ്പുകളൊന്നും ഇപ്പോൾ ഇല്ലാത്തതിനാൽ അവ ഏതുതാണ്ടുകളിലേതു് എന്നു കണ്ടുപിടിക്കുവാൻ സാദ്ധ്യമല്ല. (തുടരും)

# പരമ്പൊരുളേ, എഴുന്നെള്ളിയാലും!

(സെബാസ്റ്റ്യൻ പുല്ലോപ്പിള്ളിൽ)

അന്ധകാരമേ, തമോഭാരമേ, നീ നിന്റെ തേർവാഴ്ച എത്രനാളത്തേക്കു തുടരും? തമസ്സിൽ തപ്പിത്തടയുന്ന മാനവവംശമേ, നിന്റെ നൈർഭാഗ്യം അവസാനിക്കയില്ലെന്നോ? വിഗ്രഹാരാധനയും വ്യഭിചാരവും വാഴുന്ന നീ കൃഷ്ണനിശീഥിനീ, നീ എന്നു ഉഷഃകാലം പൂകും?

സ്വർഗ്ഗസൂര്യന്റെ ഉദയഗീതം മുഴങ്ങുന്നു. അന്ധകാരം അപ്രത്യക്ഷമാകുന്നു. അനവദ്യപ്രഭ പാറിപ്പറക്കുന്നു. കരിമുകിൽ അന്തർദ്ധാനംചെയ്തുകഴിഞ്ഞു. നിശയുടെ നീണ്ട നിശ്ശബ്ദതയും നിരാശയുടെ നെടുവീർപ്പും തത്‌വിപരീത സ്ഥിതി പൂണ്ടു.

പരമ്പൊരുളിന്റെ അവതാരമായി. നിശാവേളയിലെ നിശബ്ദതയെ ഭേദിക്കുന്ന ദൈവാലയമണിഗോപുരങ്ങൾ ഖണ്ഡനാദം മുഴക്കുന്നു.

സർവ്വശക്തൻ, സർവ്വാശക്തനായി, തൃണാവൃതനായി പള്ളികൊള്ളുന്നു. ദൈവവചനം മാനവശിശുവായി. സർവ്വലോകസ്രഷ്ടാവു് സാകല്യസൃഷ്ടിയായിത്തീർന്നുവോ? സർവ്വാരാദ്ധ്യൻ സർവ്വാപരാധവേഷധാരി; സർവ്വാമലൻ സർവ്വഹീനരൂപനായി; അനവദ്യഹൃദ്യൻ മൃഗമദ്ധ്യസ്ഥിതനായി; സർവ്വാധികാരസമ്പന്നൻ, ദാസസദൃശൻ; ജഗദ്ഗുരു അവതരിക്കയായി.

മഴവില്ലു മെനഞ്ഞെടുത്ത—പൂനിലാവു വിരിച്ച—നക്ഷത്രജാലങ്ങളെ വാനിലെങ്ങും വാരിവിതറിയവന്റെ കരങ്ങൾ ആകാശത്തേക്കുയർത്തപ്പെട്ടിരിക്കുന്നു. ഹൃദയരഹസ്യങ്ങളെ കണ്ടറിയുന്ന—സമുദ്രഗർഭത്തേയും, ആകാശത്തട്ടിനേയും ഒരുപോലെ ഗ്രഹിക്കുവാൻ അനന്തവീക്ഷണശക്തിയുള്ള ആ ദിവ്യചക്ഷുസ്സുകൾ തന്റെ പിതൃസന്നിധാനത്തിങ്കലേക്കു് നിർന്നിമേഷമായി തിരിച്ചിരിക്കുന്നു. സ്വർഗ്ഗീയഗണങ്ങൾക്കു് ആനന്ദം പ്രദാനംചെയ്യുന്ന അങ്ങേ വദനാംബുജം അലൗകികപ്രഭയിൽ ആമഗ്നമായിരിക്കുന്നു. പലസ്തീനാരാജ്യമാകെ നന്മചെയ്തുകൊണ്ടു് ചുററിനടക്കുവാനുള്ള ആ തൃപ്പാദങ്ങൾ ചലിക്കുമ്പോൾ മാലാഖാമാർ അവയ്ക്കു പരിസേവനംചെയ്യുന്നു.

സ്വർഗ്ഗീയപരിപൂർണ്ണതകൾക്കു് ദർപ്പണമായ ആ മുഖകമലം എത്ര സമാരാദ്ധ്യം! അന്ത്യവിധിവാചകം ഉച്ചരിക്കുവാനുള്ള ആ പല്ലവാധരങ്ങൾ എത്ര മനോഹരം! പനിനീർപൂക്കൾക്കു് ചായമിടുന്നതും, ആകാശത്തിനു് അനന്തത പ്രദാനംചെയ്യുന്നതുമായ ആ പിഞ്ചുകരങ്ങൾ എത്ര അഭികാമ്യം! മനുഷ്യഹൃദയങ്ങളിൽ അങ്ങു് ഒളിച്ചുവച്ചിരിക്കുന്ന ആ അതിരില്ലാത്ത ആഗ്രഹം അങ്ങേ ദിവ്യാനന്ദം അഭിവീക്ഷിച്ചു് എരിഞ്ഞടങ്ങട്ടെ. സ്ഫടികദർപ്പണം ഗിരിശൃംഗങ്ങളെ പ്രതിബിംബിക്കുന്നപോലെ ഈ തിരുമുഖദർപ്പണം ദൈവികഅനന്തതയെ നിഴലിപ്പിക്കുന്നുവല്ലോ.

ബേത്‌ലഹമിലെ പുൽക്കൂട്ടിനടുത്തുകൂടി കടന്നുപോകുന്ന കാറേറ, സർവ്വലോകത്തേയും ചന്ദനച്ചാറിൽ മുക്കിയെടുക്കുന്ന നിലാവെളിച്ചമേ. വിഹംഗകളകൂജനമേ, നില്ക്കൂ, നമുക്കു് സ്രഷ്ടാവിനു് നമോവാകം അർപ്പിക്കാം.

അജ്ഞാനാന്ധകാരത്തെ നിർമ്മാർജ്ജനംചെയ്യുവാൻ ഉദിക്കുന്ന വിജ്ഞാനദിവാകരാ! പരംപൊരുളേ! എഴുന്നെള്ളിയാലും!

—ഠ—

## കൃതജ്ഞത

ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താൽ വിചാരിച്ച കാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ജെ. എൻ. റാവു
എൻ. സി. ജോൺ ആൻഡ് സൺസ് പ്രൈവററ് ലിമിററഡ്
ആലപ്പുഴ, സൗത്ത് ഇൻഡ്യാ.

## വിനോദവീഥി




“നിനക്കു കാണണോ മറിയാമ്മേ, എന്റെ മിടുക്കു്. ഞാൻ 24 ദിവസത്തിനകം ദേ തോമാസിന്റെ ഉദ്യോഗം കളയിപ്പിച്ചു് അവനെ തെരുവുതെണ്ടിക്കാം.”

“ഇതു് ദുഷ്ടന്മാരുടെമിടുക്കാണ്. വല്ലവർക്കും വല്ല ഗുണവും വരുത്താനൊക്കുമോ നിങ്ങൾക്കു്? ആ മിടുക്കു് നിങ്ങൾക്കുണ്ടോ എന്നാണറിയേണ്ടതു്!”

# സലാമ റമ്പാന്റെ അപവാദവ്യവസായം

(ഫാദർ തോമസ്സ് വടശ്ശേരി, എൽ. ഡി.)

(തുടർച്ച)

## 5. ദുർവ്യാഖ്യാനങ്ങൾ

റമ്പാച്ചന്റെ പുസ്തകത്തിൽ എവിടെ നോക്കിയാലും വായനക്കാരെ വഞ്ചിക്കുന്നതും തെററിദ്ധരിപ്പിക്കുന്നതുമായ ദുർവ്യാഖ്യാനങ്ങളും പ്രസ്താവനകളും പ്രതിപാദനങ്ങളും മാത്രമേ കാണാനുള്ളു. ഇതുവരെ പ്രസ്താവിച്ച കാര്യങ്ങളിൽനിന്നു മാന്യവായനക്കാർക്കു ഇക്കാര്യം ശരിയായി ഗ്രഹിക്കുവാൻസാധിച്ചിട്ടുണ്ടെങ്കിലും റമ്പാച്ചൻ വേറേയും അനേകവിഷയങ്ങളെ പ്രതിപാദിക്കുന്നതുകൊണ്ടു അവയും സംക്ഷിപ്തമായിട്ടെങ്കിലും മറുപടി കൊടുത്തില്ലെങ്കിൽ ഈ വിമർശനം അപൂർണ്ണമായിരിക്കും.

### 1. സഭയുടെ വിശുദ്ധി

സഭയുടെ സാർവ്വത്രികത, ഏകത്വം എന്നീ രണ്ടു ലക്ഷണങ്ങളെ സംബന്ധിച്ചു റമ്പാച്ചൻ നൽകുന്ന ദുർവ്യാഖ്യാനങ്ങൾ എങ്ങനെയുള്ളതാണെന്നു നാം കണ്ടുകഴിഞ്ഞു. കത്തോലിക്കാസഭയ്ക്കു സാന്മാർഗ്ഗികവിശുദ്ധിയില്ലെന്നു കാണിക്കുവാൻവേണ്ടി വി. ലിഗോരിയുടെ സന്മാർഗ്ഗശാസ്ത്രത്തിലെ കാര്യങ്ങൾ മുകളിൽ നാം കണ്ടതുപോലെ റമ്പാച്ചൻ തന്റെ ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നു. ഇവയെല്ലാം വ്യാജപ്രസ്താവനകളും കൃത്രിമങ്ങളുമാകയാൽ റമ്പാച്ചൻ പണ്ടത്തെ കോട്ട തകർന്നതായി കരുതാമല്ലോ. കത്തോലിക്കാസഭയിലുള്ളതുപോലെ ഇത്രയേറെ വിശുദ്ധന്മാർ വേറൊരു ക്രൈസ്തവസഭയിലും ഇല്ലെന്നും, ഫ്രാൻസീസ് അസീസ്സി, കൊച്ചുത്രേസ്യാ, വിൻസെന്റു ഡി പോൾ ആദിയായ വിശുദ്ധാത്മാക്കളെപ്പോലെ അഖിലലോകപ്രസിദ്ധരും മഹാത്യാഗികളുമായ വിശുദ്ധരെ വേറൊരു സഭയും പുറപ്പെടുവിച്ചിട്ടില്ലെന്നും ശീവറുഗീസ് കോർ എപ്പിസ്കോപ്പാ തന്റെ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ടു. ഇതിനു മറുപടിയായി റമ്പാച്ചൻ പറയുന്നതു് കത്തോലിക്കാസഭ അനേകം കൊലപാതകങ്ങൾ ചെയ്തവരേയും, മുപ്പതോളം വെപ്പാട്ടികളുള്ള വ്യഭിചാരികളേയും വിശുദ്ധന്മാരായി പ്രഖ്യാപനം ചെയ്തിട്ടുണ്ടെന്നാണു (പുറം II, 32). കത്തോലിക്കാസഭയെ ഏററം ദ്വേഷിക്കുന്ന നിരീശ്വരന്മാരുടെപോലും പ്രശംസയ്ക്കും വിസ്മയത്തിനും പാത്രീഭൂതരായ അസംഖ്യം വിശുദ്ധന്മാർ വന്ദ്യ റമ്പാച്ചനു കൊലപാതകികളും ദുർമ്മാർഗ്ഗികളുമായി തോന്നുന്നെങ്കിൽ ഈ റമ്പാച്ചന്റെ ലോകപരിചയവും, ഹൃദയപരമാർത്ഥതയും, കത്തോലിക്കാസഭയെ സംബന്ധിച്ചുള്ള ജ്ഞാനവും എത്ര പ്രശംസനീയം!

ഏതു ഭക്തനേയും കത്തോലിക്കാസഭ പുണ്യവാനായി നാമകരണം ചെയ്യുകയില്ല. വീരോചിതപുണ്യങ്ങൾ (heroic virtues) ചെയ്തു ഏവർക്കും അനുകരണാർഹരായിത്തീർന്നിട്ടുള്ള ചിലരെ മാത്രമേ വിശുദ്ധന്മാരായി പ്രഖ്യാപനം ചെയ്യാറുള്ളു. മരിച്ച ഒരാളുടെ ജീവിതപരിശുദ്ധിയേയും വീരോചിതപുണ്യങ്ങളേയും സംബന്ധിച്ചു ദീർഘകാലം അതിനിഷ്കൃഷ്ടമായ അന്വേഷണം നടത്തി സഭാധികാരികൾക്കു മനോബോദ്ധ്യം ലഭിച്ചാലും അയാളുടെ മാദ്ധ്യസ്ഥത്താൽ അനിഷേദ്ധ്യമെന്നു ശാസ്ത്രീയരീത്യാ തെളിഞ്ഞ രണ്ടു അത്ഭുതരോഗശമനങ്ങളെങ്കിലും—സുവിശേഷത്തിൽ അറിയപ്പെടുന്നതുപോലെയുള്ള എന്തെങ്കിലും രോഗശമനങ്ങൾ—നടന്നെങ്കിൽ മാത്രമേ "അനുഗ്രഹീതൻ" (Blessed) എന്നു അദ്ദേഹത്തെ നാമകരണം ചെയ്യുകയുള്ളു. അതു കഴിഞ്ഞാൽ അതുപോലെയുള്ള രണ്ടു അത്ഭുതസംഭവങ്ങൾ നടന്നെങ്കിലേ വിശുദ്ധൻ (Saint) എന്നു നാമകരണം ചെയ്യുകയുള്ളു. പല കൊല്ലങ്ങളോളമായി അന്വേഷണവും പഠനവും നടത്തിയിട്ടും മരണജ്ഞാനത്തെ അതിഭക്തയായ അല്ഫോൻസാമ്മയെ ഇതുവരെ അനുഗ്രഹീത എന്ന പദവിക്കുതാഴെയുള്ള വന്ദ്യ (Venerable) എന്നുപോലും നാമകരണം ചെയ്തിട്ടില്ലെന്നു അറിയുമ്പോൾ കത്തോലിക്കാസഭ വിശുദ്ധന്മാരുടെ നാമകരണത്തിൽ കാണിക്കുന്ന വിവേകവും ശ്രദ്ധയും അന്വേഷണരീതിയും എത്രമാത്രമെന്നു നമ്മുടെ നാട്ടിലുള്ള സാധാരണക്കാർക്കപോലും ഇപ്പോൾ മനസ്സിലാകും. എന്നിട്ടാണു സലാമറമ്പാച്ചൻ തന്റെ അപവാദങ്ങളും വ്യാജപ്രസ്താവനകളുമാകുന്ന ചരക്കു മലങ്കരയിൽ വിററഴിക്കാൻ ശ്രമിക്കുന്നതു്.

ലണ്ടനിൽനിന്നു പുറപ്പെടുന്ന "യൂണിവേഴ്സ്" എന്ന വിശ്വവിശ്രുത പത്രത്തിന്റെ 1957 ആഗസ്റ്റ് 30-ാംനു-യിലെ ലക്കത്തിൽ ചേർത്തിട്ടുള്ള ഒരു റിപ്പോർട്ട് ഇപ്രകാരമാണു:-

"ക്രിസ്തുവിന്റെ പീഡാനുഭവസന്യാസസഭ"യിലെ ഒരംഗത്തെ "അനുഗ്രഹീതൻ" എന്നു നാമകരണം ചെയ്യുവാൻ അത്ഭുതങ്ങൾ ആവശ്യമായിരിക്കുന്നു വന്ദ്യനായ ഡോമിനിക്കു ബർബേരിയെ വിശുദ്ധനെന്നു പ്രഖ്യാപനംചെയ്യുന്നതു സംബന്ധിച്ചുള്ള ചടങ്ങുകളെപ്പററിസംസാരിക്കയിൽ പീഡാനുഭവ സന്യാസസഭയിലെ പ്രൊക്കുറേറർ ജനറലായ ഫാദർ ആൽഫ്രഡ് വിത്സൺ കഴിഞ്ഞ ഞായറാഴ്ച പറഞ്ഞതു്, അനുഗ്രഹീതൻ എന്നു പേരുവിളിക്കുന്ന ചടങ്ങ് പുരോഗമിപ്പിക്കുന്നതിനു ആവശ്യമായിരിക്കുന്നതു് അത്ഭുതങ്ങളാണെന്നത്രേ. "അനുഗ്രഹീതൻ എന്നു പേരുവിളിക്കുന്നതിനു പ്രതിബന്ധമായി നിൽക്കുന്നതു ജീവിതവിശുദ്ധിയെ സംബന്ധിച്ചുള്ള എന്തെങ്കിലും സംശയകരമായ പ്രശ്നമല്ല" എന്നു് അദ്ദേഹം പറഞ്ഞു. "ഈ ചടങ്ങു പൂർത്തിയാക്കുന്നതിനു മുമ്പു പ്രാമാണികമായ രണ്ടു അത്ഭുതങ്ങൾ വേണ്ടിയിരിക്കുന്നു." പല അത്ഭുതങ്ങളേയും (തിരുസംഘം) ഔദ്യോഗികമായി തള്ളിക്കളഞ്ഞിരിക്കുന്നു ... രഹസ്യമായി അവ സ്വീകരിക്കപ്പെട്ടിരുന്നവയാണു്... തെളിവുകൾ വേണ്ടിയിരിക്കുന്നു. "വാസ്തവത്തിൽ നമുക്കു വേണ്ടതു ലങ്കാഷയറിൽനിന്നുള്ള അത്ഭുതങ്ങളാണു്. ചില ആളുകൾ ഇന്നു അവിശ്വാസികളായിത്തീർന്നിരിക്കുന്നു എന്നാൽ ഈ പ്രദേശത്തു വിശ്വാസം ഇപ്പോഴും ശക്തിമത്താണു് അത്ഭുതം അനിഷേദ്ധ്യമായ തെളിവുനൽകും."

ഫാദർ വിത്സൺ വന്ദ്യനായ ഡോമിനിക്കിന്റെ കവറിടത്തിങ്കൽ വാർഷികതീർത്ഥാടനാഘോഷങ്ങളിൽ പ്രസംഗിക്കയായിരുന്നു... കാലാവസ്ഥ പ്രതികൂലമായിരുന്നിട്ടും രണ്ടായിരത്തിലധികം തീർത്ഥകർ അവിടെ സന്നിഹിതരായിരുന്നു... വന്ദ്യനായ ഡോമിനിക്കു ബർബേരി ഇററലി സ്വദേശിയും പീഡാനുഭവസന്യാസസഭാംഗവുമായിരുന്നു. അദ്ദേഹം 1840 നവമ്പർ 5-ാംനു- ഇംഗ്ലണ്ടിൽ വന്നു 1849 ൽ മരിച്ചു ... വലിയ പീഡകൾക്കിടയിൽ അദ്ദേഹം നടത്തിയ വിസ്മയകരമായ പ്രവർത്തനങ്ങൾനിമിത്തം "ദ്വിതീയ വസന്തകാലത്തിന്റെ പ്രേഷിതൻ" എന്ന സ്തുത്യർഹമായ നാമം അദ്ദേഹത്തിനു ലഭിച്ചു 1845 ഒക്ടോബർ 9-ാംനു- കർദ്ദിനാൾ ന്യൂമാനെ ഇദ്ദേഹമാണു കത്തോലിക്കാസഭയിൽ സ്വീകരിച്ചതു്."

മഹാനായ ഒരു സന്യാസിയെ അനുഗ്രഹീതനെന്നു പേരു വിളിക്കുന്നതിനുതന്നെയും ഇത്രമാത്രം ശ്രദ്ധയാണു കത്തോലിക്കസഭ പ്രദർശിപ്പിക്കുന്നതെങ്കിൽ അനേകരെ കൊന്നിട്ടുള്ളവരേയും മുപ്പതോളം വെപ്പാട്ടികളുണ്ടായിരുന്നവരേയും കത്തോലിക്കാസഭ വിശുദ്ധന്മാരായി പ്രഖ്യാപനം ചെയ്യുന്നു എന്നുള്ള പ്രസ്താവന അന്യരെ നീചനീചമായി ദുഷിക്കുന്നതിൽ സിദ്ധിച്ചിട്ടുള്ള ദീർഘകാലത്തെ തഴക്കംകൊണ്ടല്ലെങ്കിൽ പിന്നെ എന്തുകൊണ്ടു്? യാക്കോബായസഭയിൽ പല വിശുദ്ധന്മാരുമുണ്ടെന്നു റമ്പാച്ചൻ പറയുന്നു. (II, പുറം 32). കത്തോലിക്കാസഭയിൽനിന്നു വേർപിരിഞ്ഞശേഷം യാക്കോബായസഭയിൽ ഭക്തന്മാർ ഉണ്ടായിട്ടുണ്ടെന്നല്ലാതെ അഖിലലോകപ്രസിദ്ധരായ എത്ര വിശുദ്ധന്മാരുണ്ടായിട്ടുണ്ടു്? കത്തോലിക്കസഭയിലുള്ളവരെപ്പോലെ വീരോചിതപുണ്യങ്ങൾ ചെയ്തവരാ അവർ? അവരെ പേരുവിളിക്കുന്നതിനുമുമ്പു കത്തോലിക്കാസഭയിലുള്ളതുപോലെ കർശനമായ അന്വേഷണങ്ങൾ നിർവ്വഹിച്ചിട്ടുണ്ടോ? അനിഷേദ്ധ്യമായി തെളിഞ്ഞിട്ടുള്ള അത്ഭുതങ്ങളെ ആസ്പദമാക്കിയാണോ നാമകരണം നടത്തിയിട്ടുള്ളതു?

### (2) സഭയുടെ ശ്ലൈഹികത്വം

ശ്ലീഹന്മാർ പഠിപ്പിച്ച അതേ ഉപദേശങ്ങളെത്തന്നെയാണു യാക്കോബായസഭ പഠിപ്പിക്കുന്നതെന്നും, പാഷണ്ഡോപദേശങ്ങൾ യാക്കോബായ സഭയിൽ ഇല്ലെന്നും റമ്പാച്ചൻ പറയുന്നു. (പുറം 4, 8). യാക്കോബായ സഭയിലെ ഔദ്യോഗിക ഗ്രന്ഥങ്ങളിൽ കാണുന്ന വിശ്വാസങ്ങൾക്കെതിരായി ആ സഭയിൽ പഠിപ്പും പ്രാമാണ്യവുമുള്ളവർ ഇക്കാലത്തു പറയുകയും എഴുതുകയും ചെയ്യുന്നതിനാൽ യാക്കോബായക്കാർക്കു പാഷണ്ഡതയില്ലെന്നു പറഞ്ഞുകൂടാ. "പല സത്യസഭകൾ അഥവാ സഹോദരിസഭകൾ ഉണ്ടു്; വി. പത്രോസിനു പരമാധികാരമില്ല; ശ്ലീഹന്മാരെല്ലാം അധികാരത്തിൽ സമന്മാരായിരുന്നു; റോമ്മാ മാർപ്പാപ്പായ്ക്കും മററു പാത്രിയക്കീസുമാർക്കും ഒരുപോലെയാണു അധികാരം; മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച കേരളീയസഭ സർവ്വസ്വാതന്ത്ര്യമാണു്, വിദേശത്തെ യാതൊരു അധികാരത്തിനും അതു വിധേയമായിരിക്കേണ്ട ആവശ്യമില്ല; പാത്രിയക്കീസ് മെത്രാനെ മുടക്കിയാൽ ആ മെത്രാന്റെ പട്ടംകൂടി മാറ്റുന്നു അന്തമായക്കാരനായിത്തീരും" എന്നിങ്ങനെയുള്ള വിശ്വാസങ്ങളൊക്കെ മലങ്കര ഓർത്തഡോക്സു കക്ഷിയിലും പാത്രിയക്കീസു കക്ഷിയിലുമായി കണ്ടുവരുന്നു. ഇവയൊന്നും പുരാതനസഭയിൽ ഉണ്ടായിരുന്ന വിശ്വാസമല്ല ആകയാൽ പുരാതനഗ്രന്ഥങ്ങളിൽ കാണുന്ന യാക്കോബായസഭക്കു മുകളിൽ പ്രസ്താവിച്ചുവിധം നിഷ്കൃഷ്ടമായ അർത്ഥത്തിൽ പാഷണ്ഡതയില്ലെന്നു വന്നാലും ഇപ്പോൾ നടപ്പിലിരിക്കുന്ന യാക്കോബായ സഭയിൽ പാഷണ്ഡതയില്ലെന്നു പറയുന്നതു ശരിയല്ല ഗ്രന്ഥത്തിലെ പശു പുല്ലു തിന്നുകയില്ലല്ലോ.

ഒരു സഭ അപ്പോസ്തോലികമാണെങ്കിൽ ഏക സത്യസഭയിൽനിന്നു വേർപെടാത്ത—മുടക്കപ്പെടാത്ത— സ്ഥിതിയിലുമായിരിക്കണം 451-ൽ കൽക്കദോനിയാ സൂനഹദോസിൽവെച്ചു നിയമാനുസരണം മുടക്കപ്പെട്ടു ബഹിഷ്കരിക്കപ്പെട്ട ഏകസ്വഭാവവാദികളിൽ ചില വിഭാഗക്കാരെ 6-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന യാക്കോബു് ബുർദാനാ എന്ന മേല്പട്ടക്കാരൻ സംഘടിപ്പിച്ചു രൂപവൽക്കരിച്ചതാണു യാക്കോബായസഭ. "റീത്തു്" അഥവാ തലവനായ പാത്രിയക്കീസു് എന്നു യാക്കോബായ സഭയിലെ മൂപ്പായ കാനോനും അറബി കാനോനുകളും വിളിച്ചുവരുന്ന റോമ്മാ പാത്രിയക്കീസിൽനിന്നു യാക്കോബായ സഭ വേർപെട്ടുനിൽക്കുന്നതിനാൽ ആ സഭയിലെ ഭരണാധികാരികൾ മുടക്കപ്പെട്ട സ്ഥിതിയിലാണു ഇരിക്കുന്നതു് (മലങ്കര യാക്കോബായക്കാർ ഏകസ്വഭാവവാദികളോ? പുറം 51-75 കാണുക.) ആകയാൽ യാക്കോബായ സഭയ്ക്കു ശ്ലൈഹികത്വം അഥവാ ശ്ലീഹന്മാരിൽനിന്നു ലഭിച്ച നിർമ്മലമായ ഉപദേശങ്ങളും ഇടമുറിയാത്ത ഭരണാധികാരവുമില്ല.

ഇങ്ങനെ ഏക സത്യസഭയുടെതായി നിഖ്യാ സൂനഹദോസു് ചൂണ്ടിക്കാണിക്കുന്ന സാർവ്വത്രികത, ഏകത്വം, വിശുദ്ധി, ശ്ലൈഹികത്വം എന്നീ നാലു ലക്ഷണങ്ങളും യാക്കോബായസഭയിൽ നിറവേറിയിട്ടുണ്ടെന്നു സ്ഥാപിക്കുവാൻ റമ്പാച്ചൻ ചെയ്യുന്ന ശ്രമം ദുർവ്യാഖ്യാനങ്ങളിന്മേൽ അധിഷ്ഠിതവും, ചരിത്രരേഖകൾക്കും യാഥാർത്ഥ്യങ്ങൾക്കും വിരുദ്ധവുമാകുന്നു വാസ്തവത്തിൽ യാക്കോബായ സഭയല്ല, കത്തോലിക്കാസഭയാണു നാലു ലക്ഷണങ്ങളുമുള്ള ഏക സത്യസഭ (ഏക സത്യസഭ എന്ന ഗ്രന്ഥം കാണുക.)

(തുടരും)

നീർവീഴ്ച
മെലിച്ചൽ
ഉറക്കക്കുറവ്
ഇവയ്ക്കും, ഇവയിൽനിന്നുത്ഭവിക്കുന്ന ചുമ, ഏങ്ങൽ, തലവേദന, മൂത്രാധിക്യം, രക്തദൂഷ്യം മുതലായ രോഗങ്ങൾക്കും
കാളൻ'സ്
ശാരിബാ
തൈലം
KALAN
കാളൻ, നെല്ലായി (S. India)

## പുസ്തകാഭിപ്രായം

### മതം ശാസ്ത്രവേദിയിൽ

(രണ്ടു ഭാഗങ്ങൾ)

സ്വാഭാവികമതം—

അതിസ്വാഭാവികമതം

(പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ നോർത്ത്)

മതം മനുഷ്യന്റെ കണ്ടുപിടിത്തമായി താറടിക്കുന്നവർ ഇന്നു വിരളമല്ല. സ്വാതന്ത്ര്യചിന്തയുടേയും തത്വവാദത്തിന്റേയും മുമ്പിൽ മതം വൈരുദ്ധ്യങ്ങളുടെ കലവറയാണുപോലും! അന്ധവിശ്വാസത്തിന്റെ നിലയനമാണു മതം! മനുഷ്യൻ നന്നാവുക—അതാണാവശ്യം. മതം ആവശ്യമില്ല; അല്ലെങ്കിൽ മതം ഏതായാലും മതി. എന്നിങ്ങനെയെല്ലാം തട്ടിമൂളിച്ചുകൊണ്ടു് പുരോഗമനവാദികളെന്നു സ്വയം അഭിമാനിക്കുന്ന ഒരു കൂട്ടരുണ്ടു്. "മതം ശാസ്ത്രവേദിയിൽ" ഇക്കൂട്ടരെ വെല്ലുവിളിക്കുന്നു, മതം വൈരുദ്ധ്യങ്ങളുടെ സങ്കേതമാണോ, അന്ധവിശ്വാസത്തിന്റെ കാഴ്ചപ്പാടാണോ, മതം ആവശ്യമോ എന്നു് ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ചുനോക്കി വിധി നിർണ്ണയിക്കുവാൻ.

"മതം ശാസ്ത്രവേദിയിൽ" ഒന്നാം ഭാഗത്തിൽ സ്വാഭാവികമതത്തെപ്പററി പരാമർശിച്ചു്, ശാസ്ത്രദൃഷ്ട്യാ മനുഷ്യരാശിയിൽ മതമൂല്യങ്ങളെ സ്ഥാപിക്കുന്നു. ഈശ്വരനും മതവും മനുഷ്യാത്മാവുമൊക്കെ മിഥ്യയാണെന്നുള്ള വഴിപിഴച്ച ചിന്താഗതിയെ വച്ചുപുലർത്തുന്നവർ ശാസ്ത്രവ്യവസ്ഥയെ ആദരിച്ചുകൊണ്ടെങ്കിലും ഇതൊന്നു വായിച്ചുനോക്കട്ടെ ഈശ്വരാസ്തിത്വം, ഈശ്വരന്റെ പ്രകൃതി, മനുഷ്യോല്പത്തി, ആത്മാവു്, മതം മുതലായ മൗലികപ്രാധാന്യമർഹിക്കുന്ന വിഷയങ്ങൾ തത്വശാസ്ത്രത്തിലൂടെ ഈ ഗ്രന്ഥം കൈകാര്യംചെയ്യുന്നു. എതിർവാദങ്ങളും അവയ്ക്കു മറുപടിയും ഇതിലുണ്ടു്. അങ്ങനെ യുക്തിവാദികളുടേയും മററും കഴമ്പില്ലാത്ത ജല്പനങ്ങളെ ഖണ്ഡിച്ചിരിക്കുന്നതു് ഒരാവർത്തി വായിച്ചറിയുക.

"മതം ശാസ്ത്രവേദിയിൽ" രണ്ടാം ഭാഗത്തിൽ അതിസ്വാഭാവികമതത്തിന്റെ താത്വികമൂല്യങ്ങളെ പരിശോധിക്കുന്നു തെളിവുകളുടെ വെളിച്ചത്തിൽ. പ്രകൃത്യതീതമായ ഒരു മതം ആവിഷ്കരിച്ചിട്ടുണ്ടോ? അതിന്റെ ആവശ്യകത, ലക്ഷണങ്ങൾ മുതലായവ ചരിത്രത്തിന്റെ വെളിച്ചത്തിലും തത്വചിന്തയിലൂടെയും പരാമർശിക്കുന്നു. പ്രകൃത്യതീതമായവ അസംഭവ്യങ്ങളെന്നു പുലമ്പുന്നവരുണ്ടു്. അവരുടെ ദൃഷ്ടിയിൽ ആവിഷ്കരണം (divine revelation) സാദ്ധ്യമല്ല; ആവിഷ്കൃതസത്യങ്ങളുമില്ല. അതിനാൽ വേദപുസ്തകത്തിന്റെ ചാരിത്രികതയെ അവർ ചോദ്യം ചെയ്യുന്നു. ചില വാദങ്ങളും അവർ കൊണ്ടുവരുന്നുണ്ടു്. അവയ്ക്കു പററിയ മറുപടിയും തെളിവുകളും നിങ്ങളിതിൽ ദർശിക്കും. അങ്ങനെ വസ്തുനിഷ്ഠമായി യാഥാർത്ഥ്യങ്ങളെ നിഷ്പക്ഷബുദ്ധിയോടെ അടുത്തറിയാൻ ആഗ്രഹിക്കുന്നവർക്കു മാർഗ്ഗദീപമാണു് "മതം ശാസ്ത്രവേദിയിൽ". നമ്മുടെ മതാത്മകചിന്തകളെ കറകളഞ്ഞു വാർത്തെടുക്കുവാൻ ഈ വിശിഷ്ടഗ്രന്ഥം നമ്മെ സഹായിക്കും. തെളിവാർന്ന ഭാഷയും ആകർഷകമായ പുറംചട്ടയും ഇതിനെ മോടിപിടിപ്പിച്ചിട്ടുണ്ടു്.

280-ഓളം പേജുകൾ ഓരോ ഭാഗത്തിനും. വില (ഓരോ ഭാഗത്തിനും) 1 രു. 62 ന. പൈ. (1 രു 10 ണ) പോസ്റ്റേജ് 23 ന. പൈ.

N. B. വില മുൻകൂട്ടി മണിയോർഡറായി അയച്ചുതരുന്നവർക്കു പോസ്റ്റേജു കൂടാതെ അയച്ചുകൊടുക്കും.

—o—

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്
S.V. PRODUCTS, IRINJALAKUDA

Wednesday December 18 1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Regd No. M. 2293 Vol. 31 Nol 19




## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No.
226 എഫ്. റോബിൻ, റോബിൻ കോട്ടേജ്, മാന്നാനം
227 ലെസിയാകുമാരി C/o ടി ജെ മാടപ്പള്ളി, അതിരമ്പുഴ
228 പി.കെ ചാക്കോ പടിഞ്ഞാറയിൽ പഴയിടം, ചേനപ്പാടി
259 എം കെ ഔസേപ്പ് മേനാച്ചേരി അമ്പഴക്കാട്
230 വി എ മാമ്മൻ, വട്ടപ്പറമ്പിൽ, പുളിംകുന്ന്



പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

ഇന്നാദ്യമായി വല്യേട്ടൻ ഓരോരുത്തർക്കും പിറവിത്തിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊള്ളട്ടെ ഇനി പിറവിത്തിരുനാൾ കഴിഞ്ഞിട്ടേ വല്യേട്ടനു നിങ്ങളോട് സംസാരിക്കാൻ അവസരം ലഭിക്കുകയുള്ളു. ഈ മഹദ്ദിനത്തിൽ വല്യേട്ടനുവേണ്ടി ഉണ്ണീശോയോട് ഒരു വാക്കു പറയുവാൻ നിങ്ങൾ മറക്കരുതേ. വല്യേട്ടനെ അനുഗ്രഹിക്കാൻ. വല്യേട്ടൻ അന്നു നിങ്ങളെ ഓർത്തു നിങ്ങളോരോരുത്തരും ഇപ്പോൾ ഉണ്ണീശോയുടെ സ്നേഹിതരും ഭാവിയിൽ ഓരോ തുറയിൽ അവിടുത്തെ ധീരയോദ്ധാക്കളുമായി തീരാൻ അപേക്ഷിക്കുന്നതാണ്. നമ്മുടെ ബാലരംഗത്തിനുവേണ്ടിയും നമുക്കപേക്ഷിക്കാം. എല്ലാവർക്കും ക്രിസ്തുസിന്റെ മംഗളങ്ങൾ!

ഇന്നത്തെ നമ്മുടെ ചിത്രം ബെത്ലേഹമിലെ ഇടയക്കുട്ടികൾ ഉണ്ണിയെ സന്ദർശിക്കുന്നതാണ് തീർച്ചയായും ഇതു ബാലരംഗത്തിനു ഈ അവസരത്തിൽ ഏററം പററിയതുതന്നെ. ദൈവത്തിന്റെ ഒരു പ്രത്യേക പരിപാലനമെന്നു കരുതാം അതു നമുക്ക്. പുൽക്കൂട്ടിൽ ഈശോയ്ക്കു ഏററവുമധികം ആനന്ദം പ്രദാനംചെയ്ത ഒരു സംഭവമല്ലേ ഇതെന്നു നോക്കുക. ഈശോ ജീവിതകാലം മുഴുവനും കുട്ടികളെ അതിമാത്രം സ്നേഹിച്ചിരുന്നു അവിടുത്തെ ഹൃദയത്തിൽ അവർക്കുള്ള സ്ഥാനം ഒന്നു വേറെയാണ്. അങ്ങിനെയെങ്കിൽ, ഉണ്ണിയായ ഈശോയ്ക്കു ആ ഉണ്ണിക്കുട്ടന്മാരെ കണ്ട അവസരം എത്ര ആനന്ദപ്രദമായിരുന്നിരിക്കും കുട്ടികൾക്കു കുട്ടികളെ കാണുമ്പോഴുണ്ടാകാറുള്ള സന്തോഷം നാമെല്ലാം കണ്ടറിയുന്നതല്ലേ? അപ്പോൾ നവ്യജാതനായ ആ ദിവ്യശിശുവിനു ആ ഇടയക്കുട്ടികളെ കണ്ടപ്പോൾ എന്തൊരാനന്ദമായിരിക്കും ഉണ്ടായതു്. അവർ അവരുടെ ചില താരാട്ടുകൾ പാടി; ഓടക്കുഴലൂതി; സന്തോഷംകൊണ്ടു ചാടിക്കളിച്ചു മാതാവിന്റെ അനുവാദം വാങ്ങി ഉണ്ണിയെ അവർ തൊട്ടുനോക്കി മന്ദമായി ഉമ്മവച്ചതും അക്കൂട്ടത്തിൽ കാണേണ്ടതാം. എന്തൊരാനന്ദനിമിഷങ്ങൾ!

ക്രിസ്തുമസ്ദിവസം നമ്മുടെ പള്ളികളിൽ പുൽക്കൂടുകൾ ഉണ്ടാക്കി ഉണ്ണിയെ അതിൽ കിടത്തി പിറവിത്തിരുനാൾ നാം ഘോഷിക്കുന്നു. കഴിവുള്ളവർ ആ പുൽത്തൊട്ടിയെ മോടിപിടിപ്പിക്കാൻ ശ്രമിക്കുക അതിന്റെ മുമ്പിൽ നിന്നു ആ മഹാസംഭവത്തെ ഓർത്തു ധ്യാനിക്കുക ഉണ്ണിയോടു നമുക്കുള്ള ബന്ധത്തെയും കടമകളെയുംപററി ചിന്തിക്കുക. അവിടത്തോട് എങ്ങിനെ ഓരോ കാര്യത്തിലും നാം വർത്തിക്കുമെന്നു ഉറപ്പിച്ചു നല്ല പ്രതിജ്ഞകൾ ചെയ്യുക ധാരാളം അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുക. അവിടുത്തെ പിഞ്ചുകരങ്ങൾ അനങ്ങുന്നതു് നമുക്കായി അനുഗ്രഹവർഷം ചൊരിയാനാണ്.

ക്രിസ്തുമസ് രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പു നടന്ന ഒരു സംഭവത്തെക്കുറിക്കുന്നു. ആണ്ടുതോറും അതിന്റെ സ്മരണയെ നാം ആചരിക്കുന്നു. പക്ഷെ ഇതിലും വിപുലമായതും സാരവത്തായതുമായ ഒരു യാഥാർത്ഥ്യം ഇതോടനുബന്ധിച്ചുണ്ടു് നമുക്കു നന്മനസ്സുണ്ടെങ്കിൽ ഓരോ ദിവസവും നമുക്കു യഥാർത്ഥത്തിൽ ഓരോ ക്രിസ്തുസാകാൻ സാധിക്കും. അതെങ്ങിനെ? ദിവസവും വിശുദ്ധകുർബാന കൈക്കൊള്ളുക വിശുദ്ധകുർബാന കൈക്കൊള്ളുമ്പോൾ സത്യമായി ഈശോ നമ്മുടെ ഹൃദയങ്ങളിൽ വന്നു പിറക്കുകയല്ലേ? നമ്മുടെ ഹൃദയം അവിടുത്തെ പുൽക്കൂടല്ലേ? അതിൽ വരുന്നതിനു അവിടുന്നു ദിവസവും ആഗ്രഹിക്കുന്നില്ലേ? അതു നടക്കുന്നില്ലെങ്കിൽ കാരണമെന്താണ്? ഉണ്ണീശോയുടെ ആഗ്രഹം സാധിച്ചുകൊടുക്കുന്നതിൽ നമുക്കുള്ള അലസത. മടി ഒന്നുമാത്രം ഈ ക്രിസ്തുസിന്റെ നല്ല പ്രതിജ്ഞകളിൽ നിങ്ങളുടെ അടുത്തടുത്തുള്ള വിശുദ്ധകുർബാനസ്വീകരണം പ്രധാനമായ ഒന്നായിരിക്കട്ടെ.

വല്യേട്ടൻ

### 144-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—സഹകരണം

### പ്രശ്നം നമ്പ 145

(തോമസ് റാഫേൽ, Reg. No. 72)

ക്രിസ്തുസിനു 20 സാധുക്കൾക്കു പിരണംചെയ്യുവാൻ 20 അപ്പം എന്നെ ഏല്പിച്ചു. പുരുഷന്മാർക്ക് നാല് അപ്പവും സ്ത്രീകൾക്കു അരയപ്പവും കുട്ടികൾക്കു കാൽ അപ്പവും വീതം കൊടുക്കാൻ പറഞ്ഞു. ഞാൻ അപ്രകാരം ചെയ്തപ്പോൾ അപ്പവും തീർന്നു ആളും തീർന്നു എന്നാൽ എത്ര പുരുഷന്മാരും എത്ര സ്ത്രീകളും, എത്ര കുട്ടികളുമുണ്ടായിരുന്നു?

(ഉത്തരം അടുത്തതിൽ)

## വല്യേട്ടന്റെ മറുപടികൾ

### 1

Reg. No. 180 (5—12—57)

കുഞ്ഞനുജന്റെ എഴുത്തും ചെറുകഥയും കിട്ടി പ്രസിദ്ധീകരിച്ചു കാണാത്തതുകൊണ്ടു് നിരാശപ്പെടരുതു്. ഭംഗിയായിട്ടില്ലാത്തതു പ്രസിദ്ധീകരിച്ചാൽ കുഞ്ഞനുജനും വല്യേട്ടനും ബാലരംഗത്തിനും കുറവാകുകയില്ലേ? നല്ല ചെറുകഥകൾ വായിച്ചു് അവയുടെ പ്രതിപാദനരീതി മനസ്സിലാക്കി അതനുസരിച്ചു പുതിയ പ്ലോട്ടുകൾ ആസൂത്രണംചെയ്തെഴുതുക. പ്രസിദ്ധീകരിക്കാം. നല്ല പേരെടുക്കുകയും ചെയ്യാം.

### 2

Reg. No. 66. (22—11—57)

"വല്യേട്ടൻ എന്റെ കഥയോ പ്രശ്നമോ ഒന്നും പ്രസിദ്ധംചെയ്യുന്നില്ല" എന്നാണു് കുഞ്ഞനുജന്റെ സ്നേഹജന്യമായ പരാതി എഴുത്തിലോ പ്രശ്നത്തിലോ കുഞ്ഞനുജന്റെ നമ്പർ കാണുന്നില്ലല്ലോ. അതു പോകട്ടെ. മറന്നുപോയതാവാം പ്രശ്നങ്ങളും ചെറുകഥകളും വളരെയധികം ബാക്കിയിരിപ്പാണെന്നു വല്യേട്ടൻ നേരത്തെ അറിയിച്ചിരുന്നല്ലോ. പ്രസിദ്ധീകരണാർഹമായവയെ ഓരോന്നായി തിരിഞ്ഞെടുത്തു പ്രസിദ്ധപ്പെടുത്തുകയാണ്: പ്രസിദ്ധീകരണാർഹമാണെങ്കിൽ പ്രസിദ്ധം ചെയ്യും ഇല്ലെങ്കിൽ കുഞ്ഞനുജന്മാർ ശാഠ്യം പിടിക്കുകയില്ലല്ലോ ഇനിയും നൂറിൽ ശിഷ്ടം ചെറുകഥകളും ലേഖനങ്ങളും ഇപ്പോൾ ബാക്കിയുണ്ടു്.

ചെറുകഥ

## വീണ്ടും മനുഷ്യനായി

(ടി. സി. പോളി Reg. No. 210)

ബാബു അന്നു പതിവിലും നേരത്തെ ഉണർന്നെഴുന്നേററു. അവൻ കണ്ണുതിരുമ്മിക്കൊണ്ടു ജനവാതിലിലൂടെ വെളിയിലേക്കു നോക്കി നേരം പ്രകാശമായതേയുള്ളു കിഴക്കു ചക്രവാളത്തിൽ തലപൊക്കിനില്ക്കുന്ന സൂര്യൻ ആ ചെറുഗൃഹത്തിന്റെ ഉപരിഭാഗത്തു വെള്ള വീശിക്കഴിഞ്ഞു അവൻ ഓടിച്ചെന്നു് അവന്റെ നല്ല വസ്ത്രങ്ങളണിഞ്ഞു് പള്ളിയിലേക്കു പുറപ്പെട്ടു. പ്രകൃതി അവനെനോക്കി പുഞ്ചിരിതൂകി. പക്ഷിവൃന്ദം അവന്റെ ചുററും കളകൂജനം മുഴക്കി. ഇതൊന്നും കാണുകയും കേൾക്കുകയും ചെയ്യാത്തമട്ടിൽ അവൻ സാവധാനം നടന്നുപോകുകയാണ് പള്ളിയിലേക്ക്.

"ബാബു ഒരു നല്ല കൊച്ചനാണ്." പള്ളിയിലെ വികാരിയച്ചൻ ബാബുവിനെപ്പററി പറഞ്ഞതു് അപ്രകാരമാണ് അതിലൊട്ടും അതിശയോക്തിയില്ലായിരുന്നു. അവന്റെ സ്വഭാവവൈശിഷ്ട്യത്തെ പ്രകീർത്തിക്കാത്ത ആളുകളില്ല ആ നാട്ടിൽ അവർക്കെല്ലാം ബാബുവിനെ വലിയ കാര്യമാണ്. അവർ അവനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു ബാബു ഒരു സുഖക്കാരനെന്നു വല്ലപ്പോഴും ചെറുക്കന്മാരുടെ കൂട്ടം ആ ചെറുകടയിൽ ചെല്ലുകയായി ബാബുവിനെ കാണുവാൻ.

കാലങ്ങൾ കുറെ അങ്ങനെ കടന്നുപോയി. ബാബു എസ് എസ് എൽ സി പാസായി; അതും ഫസ്റ്റ്ക്ലാസിൽ അവന്റെ വിജയത്തിൽ അവനോടൊപ്പം ആ നാട്ടുകാരും അഭിമാനംകൊണ്ടു അവന്റെ മാതാപിതാക്കന്മാർ ആനന്ദസാഗരത്തിൽ ആറാടി.

ബാബു ഒരു നല്ല ജോലികിട്ടുവാൻവേണ്ടി പിന്നീട് പരിശ്രമിച്ചു അവസാനം അവനതു ലഭിക്കുകയുംചെയ്തു. മകന്റെ അടിക്കടിയുള്ള ഉയർച്ചകണ്ടു് ആ മാതാപിതാക്കന്മാർ ദൈവത്തിനു നന്ദിപറഞ്ഞു ആ നാട്ടുകാരെല്ലാവരും സന്തോഷിച്ചു

വർഷങ്ങൾ ഒന്നിനുപുറകെ മറൊന്നായി കടന്നുപോയി ബാബുവിന്റെ സ്വഭാവത്തിൽ ചില മാററങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു അവൻ ദൈവത്തിൽനിന്നും മെല്ലെ അകന്നുപോകുകയാണ്. സുഖിക്കണം, ആവുന്നിടത്തോളം സുഖിക്കണം. ഇതുമാത്രമാണ് അവന്റെ ഇപ്പോഴത്തെ ചിന്ത. വാർദ്ധക്യദശയിൽ എത്തിക്കഴിഞ്ഞിരുന്ന അവന്റെ മാതാപിതാക്കന്മാരോടൊത്തുള്ള ജീവിതം അവൻ വെറുത്തു പുതിയപുതിയ സ്നേഹിതന്മാർ അവനു ലഭിച്ചുകൊണ്ടിരുന്നു അവരോടൊത്തു ദിനരാത്രങ്ങൾ സിനിമാശാലകളിലും, നാടകക്കൊട്ടകകളിലും, മദ്യഷാപ്പുകളിലും അവൻ കഴിച്ചുകൂട്ടിത്തുടങ്ങി.

മകന്റെ വഴിപിഴച്ച ജീവിതംകണ്ടു് അവന്റെ മാതാപിതാക്കന്മാർ ഹൃദയംപൊട്ടി കരയുകയും ഉള്ളുരുകി പ്രാർത്ഥിക്കുകയുംചെയ്തു പലപ്പോഴും ആ അമ്മ അവനു നല്ല ഉപദേശങ്ങൾ കൊടുത്തിരുന്നു ആ ഹൃദയമില്ലാത്ത മനുഷ്യ

(ശേഷം 9-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Mamorial Press,
Ernakulam-1